# യേശു ജീവിച്ചതുപോലെ

## ആത്മനിറവുള്ള ജീവിതം

സാക് പുന്നൻ

Yesu jeevichathu Pole
(Living as Jesus lived - Malayalam)
Zac Poonen © 1977
**വിവർത്തനം: ജേക്കബ് നൈനാൻ, ജോസ് സി. മാത്യു**
**പകർപ്പവകാശം ഗ്രന്ഥകർത്താവിന്.**
**ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.**
**കൂടുതൽ വിവരങ്ങൾക്കു ഗ്രന്ഥകാരനെ സമീപിക്കുക.**
16, Da Costa Square, Bangalore 560084

ആവശ്യപ്പെടേണ്ടും മേൽവിലാസം:

**ക്രിസ്ത്യൻ അസംബ്ലി,**
**കുമാരനല്ലൂർ പി.ഒ**
**കോട്ടയം**
**കേരള 686 016.**

**ഉള്ളടക്കം** **പേജ്**

| | | |
|---|---|---|
| 1 | ദൈവത്തിന്റെ കേന്ദ്രലക്ഷ്യം | 3 |
| 2 | താഴ്മയിൽ ജീവിക്കുന്നത് | 7 |
| 3 | വിശുദ്ധിയിൽ ജീവിക്കുന്നത് | 15 |
| 4 | സ്നേഹത്തിൽ ജീവിക്കുന്നത് | 24 |
| 5 | ആത്മാവിൽ ജീവിക്കുന്നത് | 33 |
| 6 | ദൈവഹിതത്തിൽ ജീവിക്കുന്നത് | 43 |
| 7 | ദൈവശക്തിയാൽ ജീവിക്കുന്നത് | 51 |
| 8 | ദൈവമഹത്വത്തിനായി ജീവിക്കുന്നത് | 59 |
| 9 | ക്രിസ്തുവിന്റെ കാന്ത | 65 |

# അധ്യായം ഒന്ന്

# ദൈവത്തിന് മനുഷ്യനെക്കുറിച്ചുള്ള ഉദ്ദേശ്യം

ഒരു ദാസനെ ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. തന്റെ സേവനത്തിനായി അവിടുത്തേക്ക് നേരത്തെ തന്നെ കോടിക്കണക്കിനു ദൂതന്മാരുണ്ടായിരുന്നു. എന്നാൽ തന്റെ സ്വഭാവവും പ്രകൃതിയും പ്രകടമാക്കുന്ന ആരെങ്കിലും ഉണ്ടായിരിക്കണമെന്ന ആഗ്രഹത്തിൽനിന്നാണ് അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചത്. ഈ സത്യം മറന്നാൽ ക്രിസ്തുവിലുള്ള നമ്മുടെ രക്ഷയുടെ പ്രാഥമിക ഉദ്ദേശ്യം ദൈവസേവനമാണെന്നു നാം ചിന്തിച്ചുപോയേക്കാം. ഇതാണ് പല വിശ്വാസികൾക്കും സംഭവിച്ചിട്ടുള്ള തെറ്റ്. ദൈവം ആദാമിനെ സൃഷ്ടിക്കുവാൻ തുടങ്ങുമ്പോൾ അവിടുത്തെ വാക്കുകൾ "നമ്മുടെ സാദൃശ്യത്തിൽ നമുക്കു മനുഷ്യനെ സൃഷ്ടിക്കാം എന്നായിരുന്നുവല്ലോ (ഉൽപ. 1:26).

ആദാം പാപം ചെയ്തപ്പോൾ, വീണുപോയ പാപക്കുഴിയിൽനിന്നു മനുഷ്യനെ ഉയർത്തിയെടുക്കുവാനുള്ള പദ്ധതിയും ദൈവം തന്റെ മുന്നറിവിൽ നേരത്തെ ഒരുക്കിക്കഴിഞ്ഞിരുന്നു. ആദാം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പുതന്നെ ക്രിസ്തുവിന്റെ അവതാരവും ക്രൂശിലെ മരണവും ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നു. ക്രിസ്തുവിൽ നമുക്കായി ഒരുക്കിയ വീണ്ടെടുപ്പിലെ ദൈവീക ഉദ്ദേശ്യം, ദൈവപ്രകൃതി വെളിപ്പെടുത്തുക എന്ന മനുഷ്യനെക്കുറിച്ചുള്ള ആദിമലക്ഷ്യം നിറവേറ്റുവാൻ സാധിക്കുന്ന സ്ഥിതിയിലേക്കു നമ്മെ തിരിച്ചുകൊണ്ടുവരിക എന്നതായിരുന്നു.

ക്രിസ്തുവിലുള്ള വിശ്വസത്തിലുടെയാണു രക്ഷ ലഭിക്കുന്നത്. എന്നാൽ വിശ്വാസം അധിഷ്ഠിതമായിരിക്കുന്നതു ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള ദിവ്യവെളിപ്പാടിലാണ്. അത്തരം വിശ്വാസത്തിലൂടെ മാത്രമേ പരിശുദ്ധാത്മാവിനു നമ്മെ ക്രിസ്തുവിന്റെ സ്വരൂപത്തിലേക്കു നയിക്കുവാൻ കഴിയൂ. മറിച്ച് ക്രിസ്തുവിനെക്കുറിച്ചുള്ള ബുദ്ധിപരമോ ഭാഗികമോ ആയ അറിവ് യേശുവിന്റെ കാലത്തെ വേദപണ്ഡിതന്മാരെപ്പോലെതന്നെ നമ്മെയും അന്ധരാക്കിത്തീർക്കും. നസറേയനായ യേശുവിനുണ്ടായിരുന്നതിൽനിന്നു വ്യത്യസ്തസ്വഭാവങ്ങളുള്ള വേറൊരു ക്രിസ്തുവിനെ അന്വേഷിക്കുന്നതിലേക്കാണല്ലോ അവരുടെ വേദപരിജ്ഞാനം അവരെ നയിച്ചത്.

പിതാവിനോടു തുല്യനിലയിൽ ദൈവമായിരിക്കെ തന്നെത്താൻ ഒഴിച്ചു മനുഷ്യനായിത്തീർന്ന ഒരുവനാണ് ബൈബിളിൽ കാണുന്ന യേശു (ഫിലി. 2:6,7).

ഇവിടെ സത്യം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. യേശു നമ്മുടെ ജഡത്തിൽ വന്നപ്പോഴും തന്റെ വ്യക്തിത്വത്തിൽ ദൈവം തന്നെയായിരുന്നു. ദൈവത്തിന് ഒരിക്കലും ദൈവം അല്ലാതായിത്തീരുവാൻ സാധ്യമല്ലല്ലോ. തന്റെ ഐഹികജീവിതകാലത്തും യേശു ദൈവമായിരുന്നുവെന്നതിന്റെ വ്യക്തമായ തെളിവ് അവിടുന്ന് ആരാധന സ്വീകരിച്ചു എന്നതാണ്. മനുഷ്യർ അവിടുത്തേക്കു നൽകിയ ആരാധന താൻ സ്വീകരിച്ചു എന്നു സുവിശേഷങ്ങളിൽ ഏഴുപ്രാവശ്യം നാം കാണുന്നുണ്ട്. (മത്താ. 8:2;9:18;33;14:15:25;20:20; മർക്കോ. 5:6; യോഹ. 9:38). ദൈവദൂതന്മാരും ദൈവഭയമുള്ള മനുഷ്യരും ആരാധന ഒരിക്കലും സ്വീകരിക്കുകയില്ല (അപ്പോ. 10:25,26;വെളി. 22:8,9). എന്നാൽ യേശു ദൈവപുത്രനായിരുന്നതുകൊണ്ട് അതു സ്വീകരിച്ചു.

അവിടുന്നു തന്നെത്താൻ ഒഴിച്ചത് എന്താണ്? ദൈവമെന്ന നിലയിലുള്ള തന്റെ പ്രത്യേക അവകാശങ്ങൾ മാത്രം. രണ്ട് ഉദാഹരണങ്ങൾ നോക്കാം: ദൈവത്തിനു പരീക്ഷിക്കപ്പെടുവാൻ സാധ്യമല്ല എന്നു നമുക്കറിയാം (യാക്കോ. 1:13). എന്നാൽ യേശു പരീക്ഷിക്കപ്പെട്ടു എന്ന് ദൈവവചനം പറയുന്നു (മത്താ. 4:1-11). ദൈവം സകലവും അറിയുന്നവനാണ് എന്നും നമുക്കറിയാം. എന്നാൽ ഒരിക്കൽ ഒരു അത്തിവൃക്ഷത്തിന്റെ അരികിൽ ചെന്നിട്ടുമാത്രമേ അതിൽ ഫലമുണ്ടോ എന്നു മനസ്സിലാക്കുവാൻ യേശുവിനു സാധിച്ചുള്ളൂ എന്ന് ദൈവവചനം പറയുന്നുണ്ട് (മർക്കോ. 11:13). തന്റെ രണ്ടാം വരവിന്റെ സമയം തനിക്കറിവില്ല എന്നു യേശു ഒരിക്കൽ പറയുകയുണ്ടായി (മർക്കോ. 13:32).

നമ്മുടെപോലെയുള്ള ജഡത്തിൽ ഈ ഭൂമിയിൽ നടന്നിരുന്ന കാലത്തു ദൈവമെന്ന നിലയിലുള്ള പ്രത്യേക അവകാശങ്ങൾ യേശു തന്നെത്താൻ ഒഴിച്ചുരുന്നു എന്ന് ഇതിൽനിന്നു വ്യക്തമാണ്. "വചനം ദൈവമായിരുന്നു ... വചനം ജഡമായിത്തീർന്നു" (യോഹ. 1:1,14). ക്രിസ്തുവെന്ന വ്യക്തിയെക്കുറിച്ചുള്ള ഈ രണ്ടു സത്യങ്ങൾ - അവിടുത്തെ ദൈവികത്വവും മനുഷ്യത്വവും - ഒരുപോലെ തന്നെ വിശ്വസിച്ചാൽ മാത്രമേ ദുരുപദേശം ഒഴിവാക്കുവാൻ സാധിക്കുകയുള്ളു.

ദൈവവചനത്തിലെ ഏതെങ്കിലുമൊരു സത്യം അവഗണിച്ചാൽ ആത്മീയനഷ്ടം ഒഴിവാക്കുവാൻ സാധ്യമല്ല. നമ്മുടെ അറിവിലും ശുശ്രൂഷയിലും ക്രിസ്തുവിന്റെ ദൈവികത്വത്തിനും മനുഷ്യത്വത്തിനും തുല്യപ്രാധാന്യം നൽകുന്നില്ലെങ്കിൽ നാം അപൂർണ്ണനായ ഒരു ക്രിസ്തുവിൽ, അഥവാ തിരുവെഴുത്തിൽ കാണപ്പെടുന്നതല്ലാത്ത 'മറ്റൊരു യേശു'വിൽ, വിശ്വസിക്കുന്നവരായിത്തീരും. നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ഇതിനനുസരിച്ചുള്ള നഷ്ടം ഉണ്ടാകുകയും ചെയ്യും. ക്രിസ്തുവിനെ ദൈവമായി ആരാധിക്കുവാൻ മാത്രമല്ല, മനുഷ്യനെന്ന നിലയിൽ അനുഗമിക്കുവാൻകൂടിയാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്.

യേശു തന്റെ മരണത്തിലൂടെ നമ്മെ വീണ്ടെടുക്കുക മാത്രമല്ല ചെയ്തത്. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു ദൈവം ഉദ്ദേശിച്ചിരുന്നുവോ അതു തന്റെ ജീവിതത്തിലൂടെ കാണിച്ചുതരികയും ചെയ്തു. അവി

ടുന്നു നമ്മുടെ രക്ഷകൻ മാത്രമല്ല, നമ്മുടെ മുന്നോടിയുമാണ് (എബ്രാ. 6:20). എല്ലാ സമയത്തും എല്ലാ സാഹചര്യങ്ങളിലും ദൈവത്തെ പൂർണ്ണമായി അനുസരിച്ചു ജീവിക്കുന്നതിന്റെ ഒരു മാതൃകയാണ് അവിടുന്നു നമുക്കു നൽകിയിരിക്കുന്നത്.

പാപക്ഷമയും ആത്മനിറവും ദൈവം നൽകിയിട്ടുള്ള എല്ല കൃപകളും ഒരേയൊരു ലക്ഷ്യത്തിലേക്കു നമ്മെ നയിക്കണമെന്നാണ് അവിടുത്തെ ഉദ്ദേശ്യം. നാം അവിടുത്തെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരായിത്തീരണമെന്നതാണ് ഈ ലക്ഷ്യം. മനുഷ്യനെ യേശുവിനെപ്പോലെയാക്കിത്തീർക്കുക എന്ന ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യത്തിന്റെ വെളിച്ചത്തിൽ മാത്രമേ ദൈവവചനത്തിലുള്ള എല്ലാ ഉപദേശങ്ങളും ശരിയായി മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

പരിശുദ്ധാത്മാവിന്റെ മുഖ്യശുശ്രൂഷയെ ദ്വിമുഖമായ വിധത്തിൽ വിവരിച്ചിരിക്കുന്നു: "ഒരു കണ്ണാടിയിലെന്നപോലെ നാം കർത്താവിന്റെ തേജസ്സു കാണുകയും ആത്മാവിനാൽ അതേ സ്വരൂപത്തിലേക്കു തേജസ്സിൽ നിന്നു തേജസ്സിലേക്കു രൂപാന്തരപ്പെടുത്തപ്പെടുകയും ചെയ്യുന്നു" (2 കൊരി. 3:18 NASB). പരിശുദ്ധാത്മാവു തുടർച്ചയായി കർത്താവായ യേശുവിന്റെ തേജസ്സിനെ നമുക്കു തിരുവെഴുത്തിൽ (കണ്ണാടി) കാണിച്ചു തരുവാനും ആ സ്വരൂപത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുവാനും ശ്രമിക്കുന്നു.

പിതാവായ ദൈവവും തന്റെ പരമാധികാരമുപയോഗിച്ച് ഇതേ ലക്ഷ്യത്തിലേക്കാണ് നമ്മുടെ എല്ലാ സാഹചര്യങ്ങളേയും ക്രമീകരിച്ചിരിക്കുന്നത്. "തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ദൈവം എല്ലാം ചേർത്തു നന്മയ്ക്കായി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. - നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവരെ തന്റെ പുത്രന്റെ സ്വരൂപത്തിന് അനുരൂപരാകുവാൻ മുന്നിയമിക്കുകയും ചെയ്തിരിക്കുന്നു" (റോമർ 8:28, 29 NASB). നമ്മുടെ ജീവിതത്തിലെ ഓരോ സംഭവവും സാഹചര്യവും നമ്മെ യേശുവിനോട് അല്പംകൂടി അനുരൂപരാക്കണം എന്നാണു ദൈവോദ്ദേശ്യം. നാം യേശുവിനെപ്പോലെയായിത്തീരണം എന്ന ഒരേ ലക്ഷ്യം വച്ചാണ് സ്വർഗ്ഗത്തിൽ നമ്മുടെ പിതാവും നമ്മുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നു നാം കാണുന്നു.

കർത്താവിന്റെ സ്വഭാവത്തിൽ നാം കൂടുതലായി പങ്കാളികളാകുന്തോറും കൂടുതൽ അവിടുന്നു ജീവിച്ചതുപോലെ ഈ ഭൂമിയിൽ നാം ജീവിക്കുവാനിടയാകും. ഇതാണ് ആത്മനിറവുള്ള ജീവിതം.

യേശു ഭൂമിയിലേക്കു വന്നത് ഒരു മാലാഖയെപ്പോലെയല്ല, മറിച്ച് നമ്മെപ്പോലെയായിരുന്നു. ബൈബിൾ പറയുന്നത്, "സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശ്യനായിത്തീർന്നു"എന്നാണ് (എബ്രാ. 2:17). (തന്റെ സഹോദരന്മാർ തന്റെ ശിഷ്യന്മാരാണ് - മത്താ. 12:50). അവിടുന്നു സകലത്തിലും നമുക്ക് (അവിടുത്തെ ശിഷ്യന്മാർ) സദൃശനായിത്തീർന്നിരുന്നില്ലെങ്കിൽ നമുക്കൊരു ദൃഷ്ടാന്തമാകുവാൻ അവിടുത്തേക്കു സാധിക്കുമായിരുന്നില്ല. "എന്നെ അനുഗമിക്ക്" എന്ന് നമ്മോടു കല്പിക്കുവാനും അവിടുത്തേക്കു കഴിയുമായിരുന്നില്ല. ഭൂമിയുടെ ആകർഷണശക്തി അനുഭവപ്പെടാത്ത മാലഖയ്ക്ക് നമ്മെ നീന്തൽ പഠിപ്പിക്കുവാൻ സാധിക്കാത്തതുപോലെ നമ്മുടെ പരിമിതികളില്ലാത്ത ഒരുവനു നമ്മുടെ മുന്നോടിയായിരിപ്പാൻ സാധ്യമല്ലല്ലോ.

താൻ പിന്തുടർന്നതുപോലെ ക്രിസ്തുവിനെ പിന്തുടരുവാൻ പൗലോസ് നൽകിയ പ്രബോധനവും അങ്ങനെയെങ്കിൽ അർത്ഥശൂന്യമായിത്തീരും. കാരണം, യേശു ജീവിച്ചതുപോലെ ജീവിക്കുവാൻ പൗലോസിനും സാധിക്കുമായിരുന്നില്ല. ഇപ്രകാരം ക്രിസ്തുവിന്റെ ജീവിതം പിന്തുടരുവാൻ സാധിക്കാത്തതും അഭിനന്ദിക്കുവാൻ മാത്രം ഉതകുന്നതുമായ ഒന്നായിത്തീരും. എന്നാൽ യേശു നമ്മുടെതുപോലെയുള്ള ജഡത്തിൽ വന്ന് അതിന്റെ എല്ലാ പരിമിതികളും സ്വീകരിച്ചു നമുക്കു പിന്തുടരുവാൻ ഒരു മാതൃക വച്ചിട്ടു പോയതിനാൽ നമുക്കു ദൈവത്തെ സ്തുതിക്കാം. വിശുദ്ധവും നിർമ്മലവുമായ ഒരു ജീവിതം യേശു മനുഷ്യനെന്ന നിലയിൽ ജീവിച്ചതിനാൽ അവിടുത്തെപ്പോലെ നമുക്കും നടക്കുവാൻ കഴിയും. കഴിയാതിരിപ്പാൻ യാതൊരു കാരണവുമില്ല (1 യോഹ. 2:6). നാം മനുഷ്യരെന്ന നിലയിൽ ബലഹീനരാകയാൽ മനുഷ്യനെന്ന നിലയിൽ ഈ ഭൂമിയിൽ ജീവിക്കുമ്പോൾ യേശുവിനു കൊടുത്ത അതേ പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കും നൽകാൻ ദൈവം ഒരുക്കമാണ്.

യേശുവിനെ സ്നേഹിച്ചതുപോലെ ദൈവം നമ്മെയും സ്നേഹിക്കുന്നതിനാൽ അവിടുന്നു യേശുവിനു കൊടുത്തതെല്ലാം നമുക്കും സന്തോഷത്തോടെ തരും (യോഹ. 17:23). എന്നാൽ അവിടുത്തെ ശക്തി വിശ്വസിക്കുന്നവർക്കു മാത്രമേ ലഭിക്കുന്നുള്ളു (എഫേ. 1:19). അതുകൊണ്ടു ദൈവവചനത്തിലുള്ള വിശ്വാസക്കുറവാണ് ഇന്നത്തെ വിശ്വാസികൾ പാപത്തിനും സാത്താനുമെതിരെ കഴിവില്ലാത്തവരും ശക്തിയറ്റവരുമായിരിക്കുന്നതിന്റെ കാരണം.

"പാപം ചെയ്തിട്ടില്ലാത്ത അവിടുത്തെ കാൽച്ചുവടുകൾ പിന്തുടരുക" (1 പത്രോ. 2:21,22) എന്ന കല്പനയ്ക്കെതിരെ സാത്താൻ കൊണ്ടുവരുന്ന ഒഴികഴിവ് നാം മനുഷ്യരാകയാൽ ഇടയ്ക്കിടെ പാപം ചെയ്യാതിരിപ്പാൻ സാധ്യമല്ല എന്നാണ്. എന്നാൽ യേശു നമ്മുടെ ജഡത്തിൽ വരികയും പാപം ചെയ്യാതിരിക്കുകയും ചെയ്തു എന്നു നാം മനസ്സിലാക്കുമ്പോൾ രണ്ടു കാര്യങ്ങൾ സംഭവിക്കുന്നു:

1 പാപത്തെ സംബന്ധിച്ച് നമുക്ക് ഒഴികഴിവില്ലാതെ വരും.

2 യേശുവിനെപ്പോലെ നമ്മുക്കും പാപത്തിന്മേലുള്ള ജയത്തിൽ ജീവിക്കാം എന്ന വിശ്വാസം നമുക്കു ലഭിക്കും.

നിങ്ങൾ ഈ പുസ്തകത്തിൽ തിരുവെഴുത്തിലുള്ള സത്യങ്ങൾ വായിക്കുമ്പോൾ പൗലോസിനെപ്പോലെ

എന്റെയും പ്രാർത്ഥന: “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായ വൻ നിങ്ങൾക്കു തന്നെ (ക്രിസ്തുവിനെ)ക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരട്ടെ” (എഫ. 1:17;3:16) എന്നാണ്.

ക്രിസ്തുവിനെ പൂർണ്ണമായി അറിയുന്നതിലൂടെ മാത്രമേ നമുക്കു പരിശുദ്ധാത്മാവിന്റെ ശക്തി അറിയുവാൻ സാധിക്കുകയുള്ളൂ. ആത്മനിറവുള്ള ഒരു മനുഷ്യന്റെ പരിപൂർണ്ണദൃഷ്ടാന്തമാണ് യേശു. അവിടുന്ന് ഈ ഭൂമിയിൽ എങ്ങനെയാണു ജീവിച്ചതെന്നു മനസ്സിലാക്കുമ്പോൾ ആത്മനിറവുള്ള ഒരു ജീവിതത്തിന്റെ പ്രത്യേകതകൾ എന്താണെന്നു നമുക്കു വ്യക്തമായി അറിയുവാൻ കഴിയും.

## അധ്യായം രണ്ട്

# താഴ്മയിൽ ജീവിക്കുന്നത്

ദൈവം സൃഷ്ടിച്ച വസ്തുക്കളുടെ അനന്തമായ വൈചിത്ര്യത്തിൽ ഈ ലോകത്ത് ദൈവികമഹത്വം വീക്ഷിക്കുവാൻ നമുക്കു സാധിക്കും (സങ്കീ. 19:1). മനുഷ്യമനസ്സിന് ഉൾക്കൊള്ളുവാൻ കഴിയാത്തവിധം വിസ്തൃതമാണ് പ്രപഞ്ചം. ശൂന്യാകാശത്തിലുടനീളം , കോടിക്കണക്കിനു പ്രകാശവർഷങ്ങളുടെ അകലത്തിലായി നക്ഷത്രവ്യൂഹങ്ങൾ ചിതറിക്കിടക്കുന്നു. അതേ സമയം ഈ വിശാലമായ പ്രപഞ്ചത്തിലെ ഓരോ കണികയും നഗ്നനേത്രങ്ങളാൽ കാണാൻ കഴിയാത്ത അണുക്കളാൽ നിർമ്മിതമായിരിക്കുന്നു. ഈ ചെറിയ അണുക്കളിലാകട്ടെ, അനേകം ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നമ്മുടെ ദൈവം എത്ര വലിയവൻ!

എന്നാൽ യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനെ സംബന്ധിച്ചിടത്തോളം പ്രപഞ്ചത്തിലുള്ള ഈ അത്ഭുതങ്ങളിലല്ല അവൻ പ്രാഥമികമായി ദൈവമഹത്വം ദർശിക്കുന്നത്. വീണുപോയ നമ്മുടെ വർഗ്ഗത്തോട് ഏകീഭവിക്കുന്നതിനുവേണ്ടി തന്നെത്താൻ ഒഴിച്ചു നമ്മുടെ ജഡത്തിൽ വന്നവനായ ദൈവപുത്രന്റെ താഴ്മയിലാണ് ഒരു ക്രിസ്തുശിഷ്യൻ ദൈവമഹത്വം കാണുന്നത്.

“വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സു പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു” (യോഹ. 1:14). ‘സൃഷ്ടിയിൽ കാണപ്പെടുന്ന തേജസ്സിനെ നിഷ്പ്രഭമാക്കുന്ന ഒരുജ്ജ്വലതേജസ്സ്’ എന്ന് നമുക്ക് അതിനോട് കൂട്ടിച്ചേർക്കാം.

സ്വർഗത്തിലെ മഹാരാജാവു നമ്മിൽ ഒരുവനെപ്പോലെ നമ്മുടെ ജഡത്തിൽ വന്നു നമ്മുടെയിടയിൽ വസിച്ചു. ഏതോ ഔദാര്യം കാണിക്കുന്നു. അല്ലെങ്കിൽ സഹായം ചെയ്യുന്നു എന്ന മനോഭാവത്തോടെയല്ല. മറിച്ച് യഥാർത്ഥ താഴ്മയിൽ, സകലത്തിലും നമ്മോട് ഏകീഭവിച്ചതവനായി, അവിടുന്നു വന്നു.

യേശുക്രിസ്തു ചെയ്ത മഹത്തായ അത്ഭുതപ്രവൃത്തികളെ അപേക്ഷിച്ച് അവിടുത്തെ മഹത്വം നാം ഏറെക്കാണുന്നത് ഈ താഴ്മയിലാണ്. അവിടുത്തെ താഴ്മയുടെ മഹത്വമാണ് പരിശുദ്ധാത്മാവ് ആദ്യമായി നമ്മെ കാണിക്കുവാൻ ആഗ്രഹിക്കുന്നത്. ഈ മേഖലയിലാണ് നാം യേശുവിന്റെ കാൽച്ചുവടുകൾ പ്രാഥമികമായി പിൻതുടരേണ്ടതും.

ഭൂമിയിൽ ഒരു മനുഷ്യനെന്ന നിലയിൽ വിശുദ്ധിയും സ്നേഹവും നിറഞ്ഞ ജീവിതം നയിക്കുന്നതിനു മുമ്പുതന്നെ യേശു തന്നെത്താൻ താഴ്ത്തി. അതായിരുന്നു ആദ്യത്തെ പടി. തേജസ്സിലേക്കുള്ള നമ്മുടെ ആദ്യത്തെ ചുവടും അതുതന്നെ.

യേശു ഭൂമിയിലേക്കു വരുന്നതിന് അനേകായിരം വർഷങ്ങൾക്കു മുമ്പെ, പരിജ്ഞാനത്തിലും സൗന്ദര്യത്തിലും തികഞ്ഞവനായി ദൈവം ഒരു ദൂതനെ സൃഷ്ടിച്ചു - ലൂസിഫർ. ദൈവദൂതസമൂഹത്തിന്റെ തലവനായി തന്നെ ദൈവം അവനെ നിയമിച്ചു. അവന്റെ ഉള്ളിൽ അഹംഭാവം പൊങ്ങിവന്നപ്പോൾ തനിക്കു ലഭിച്ച സ്ഥാനംകൊണ്ടു തൃപ്തനാകാതെ ഉന്നതപദവിയിലേക്കു പോകുവാനും തന്നെത്തന്നെ ഉയർത്തുവാനുമാണ് അവൻ ശ്രമിച്ചത് (യെഹ. 28:11-17;യെശ. 14:12-15). അവൻ ഇപ്രകാരം ദൈവത്തിന്റെ സൃഷ്ടിയുടെ ഇടയിൽ പാപം കൊണ്ടു വന്നു. ദൈവം ഉടൻതന്നെ അവനെ താഴേക്ക് ഏറിഞ്ഞുകളയുകയും അവൻ സാത്താനായി മാറുകയും ചെയ്തു. ആകയാൽ സർവ്വലോകത്തിലുമുള്ള എല്ലാ പാപത്തിന്റെയും ദുഷ്ടതയുടെയും മൂലകാരണം അഹംഭാവമാണെന്നു തെളിയുന്നു.

ആദാം പാപം ചെയ്തപ്പോൾ നരകത്തിലെ നിഗളം അവനെയും ബാധിച്ചു. നിഗളമെന്ന ഈ ബാധയോടുകൂടിയാണ് ആദാമിന്റെ ഓരോ സന്തതിയും ഇപ്പോൾ ജനിക്കുന്നത്.

മനുഷ്യനെ ഈ വിഷബാധയിൽനിന്നു വീണ്ടെടുക്കുവാനായി യേശു തന്നെത്താൻ താഴ്ത്തി. പാപം ലൂസിഫറിന്റെ നിഗളത്തിൽ നിന്നുത്ഭവിച്ചതുപോലെ നമ്മുടെ വീണ്ടെടുപ്പ് യേശു തന്നെത്താൻ താഴ്ത്തിയതു നിമിത്തമാണു സാധ്യമായത്. ക്രിസ്തുവിന്റെ താഴ്മ നമുക്കെത്രമാത്രമുണ്ടോ അത്രമാത്രമേ നമുക്ക് അവിടുത്തെ മനസ്സും ലഭിച്ചിട്ടുള്ളു. നമ്മുടെ ആത്മീയവളർച്ചയുടെ തെറ്റിക്കൂടാത്ത അളവുകോൽ ഇതുമാത്രമാണ്.

സ്വർഗ്ഗീയമഹത്വത്തിൽനിന്നു ഭൂമിയിലേക്കുള്ള യേശുവിന്റെ ഇറങ്ങിവരവു തന്നെ താഴ്മയുടെ ആശ്ച

ഭ്യകരമായ ഒരു പ്രദർശനമാകുന്നു. എന്നാൽ ഇതുകൊണ്ടു തൃപ്തിയാകാതെ "ഒരു മനുഷ്യനെ നിലയിലും അവിടുന്നു തന്നെത്താൻ താഴ്ത്തി" എന്നാണു നാം വായിക്കുന്നത് (ഫിലി. 2:8). "സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശ്യനായി"ത്തീർന്നശേഷം (എബ്രാ. 2:17) മറ്റെല്ലാ മനുഷ്യർക്കും ഒപ്പം ദൈവമുമ്പാകെ യേശു നിലകൊണ്ടു. ദൈവം എല്ലാമായിത്തീരേണ്ടതിന് അവിടുന്ന് ഒന്നുമില്ലാതായിത്തീർന്നു. ഇതാണ് യഥാർത്ഥ താഴ്മ.

ലൗകികമായ മഹത്വവും ശ്രേഷ്ഠതയും അളക്കുന്നത് ഒരു വ്യക്തിയുടെ സ്ഥാനം, ധനം, നേട്ടങ്ങൾ, കുടുംബമഹിമ ആദിയായവ കൊണ്ടാണ്. എന്നാൽ യേശുവിൽ കാണപ്പെട്ട ദൈവമഹത്വം ഇവയിൽ നിന്ന് എത്ര വ്യത്യസ്തമാണ്!

താൻ ഏതു കുടുംബത്തിൽ ജനിക്കണം എന്നു തിരഞ്ഞെടുക്കുവാനുള്ള അവസരമുണ്ടായിരുന്ന ഒരേ ഒരു വ്യക്തി യേശുവായിരുന്നു. നമുക്കാർക്കും ആ ഒരു തിരഞ്ഞെടുപ്പു സാധ്യമായിരുന്നില്ല. എന്നാൽ ഏതു കുടുംബമാണ് യേശു തിരഞ്ഞെടുത്തത്? "അവിടെനിന്ന് എന്തെങ്കിലും നന്മ വരുമോ" എന്ന് ആളുകൾ സംശയിച്ചിരുന്ന ചെറുപട്ടണമായ നസറെത്തിലെ അറിയപ്പെടാത്ത ഒരു ആശാരിയുടെ കുടുംബം! (യോഹ. 1:46). യോസേഫിന്റെയും മറിയയുടെയും ദാരിദ്ര്യം നിമിത്തം ദൈവത്തിന് ഒരു കുഞ്ഞാടിനെ യാഗമായി അർപ്പിക്കുവാൻ പോലും അവർക്കു കഴിഞ്ഞില്ല (ലൂക്കോ. 2:22-24;ലേവ്യ. 12:8).

മാത്രമല്ല, താൻ ഏതു ചുറ്റുപാടിൽ ജനിക്കണം എന്നു തിരഞ്ഞെടുക്കുവാൻ കഴിവുണ്ടായിരുന്ന ഒരേ ഒരു വ്യക്തിയും യേശു മാത്രമായിരുന്നു. താൻ ജനിക്കേണ്ട സ്ഥലം കൃത്യമായി തിരഞ്ഞെടുക്കുവാൻ അവസരമുണ്ടായിരുന്ന അവിടുന്ന് ഏതു സ്ഥലമാണു തിരഞ്ഞെടുത്തത്? ഒരു എളിയ കാലിത്തൊഴുത്തിലെ പുൽത്തൊട്ടി!

ഇനിയും യേശു തന്നെത്താൻ തിരഞ്ഞെടുത്ത കുടുംബശൃംഖല നോക്കുക. മത്താ. 1:36 3-6 ൽ നൽകിയിരിക്കുന്ന യേശുവിന്റെ കുടുംബചരിത്രത്തിൽ നാലു സ്ത്രീകളുടെ പേരുണ്ട്. അതിലൊന്നു തന്റെ അമ്മാവിയപ്പൻ യെഹൂദായുമായുള്ള വ്യഭിചാരത്തിലൂടെ ഒരു മകനുണ്ടായ താമാരാണ്. രണ്ടാമതൊരുവൾ യെരീഹോയിലെ കുപ്രസിദ്ധമായ വേശ്യ രഹാബ്. മൂന്നാമത്തവൾ ലോത്തും സ്വന്ത മകളും തമ്മിലുണ്ടായ വ്യഭിചാരത്തിന്റെ ഫലമായി ജനിച്ച മോവോബിന്റെ വംശത്തിലുള്ള രൂത്ത്. നാലാമത്തവൾ ഊരിയാവിന്റെ ഭാര്യയായിരിക്കെ ദാവീദ് വ്യഭിചാരം ചെയ്ത ബെത്ത്ശേബാ.

എന്തുകൊണ്ടാണ് യേശു ഇത്ര മോശമായ ഒരു വംശാവലിയിൽ ജനിക്കുവാനായി തിരഞ്ഞെടുത്തത്? ആദാമിന്റെ വീണുപോയ വർഗ്ഗത്തോടു പൂർണ്ണമായി ഏകീഭവിക്കുവാനാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. ഇവിടെ നാം അവിടുത്തെ താഴ്മ കാണുന്നു. കുടുംബത്തിന്റെയോ കുടുംബപാരമ്പര്യത്തിന്റെയോ പുകഴ്ചയൊന്നും അവിടുന്ന് ആഗ്രഹിച്ചില്ല.

യേശു സ്വയം മനുഷ്യനുമായി പൂർണ്ണമായി ഏകീഭവിച്ചു. വർഗ്ഗം, കുടുംബം, സ്ഥാനമാനങ്ങൾ ഇത്യാദികൾക്കതീതമായി സർവമാനവർക്കുമുള്ള സമത്വത്തിൽ അവിടുന്നു വിശ്വസിച്ചു. അതുകൊണ്ടു സമൂഹത്തിലെ ഏറ്റവും ചെറിയവരും താണവരും ആയവരിൽ ഒരുവനായി താൻ തീർന്നു. എല്ലാവരുടെയും ദാസനായിത്തീരേണ്ടതിന് ഏവർക്കും താഴെയുള്ള സ്ഥാനം അവിടുന്ന് സ്വീകരിച്ചു. മറ്റുള്ളവരുടെ താഴ്ന്ന നിലയിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നവനു മാത്രമേ അവരെ ഉയർത്തിയെടുക്കുവാൻ സാധിക്കൂ. യേശുവും ഇങ്ങനെയായിരുന്നു വന്നത്.

നമ്മുടെ മനസ്സിന്റെ നവീകരണത്തിലൂടെയാണ് പരിശുദ്ധാത്മാവു നമ്മെ രൂപാന്തരപ്പെടുത്തുന്നത് (റോമർ 12:1). ക്രിസ്തുവിലുള്ള യഥാർത്ഥതാഴ്മയുടെ വിത്തു നമ്മുടെ ചിന്തകളിലാണു വിതയ്ക്കപ്പെടുന്നത്. നമ്മുടെ പ്രവൃത്തികളോ, മറ്റുള്ളവരുടെ മുമ്പാകെയുള്ള പെരുമാറ്റമോ അല്ല, നേരെമറിച്ചു നാം തനിയെ ആയിരിക്കുമ്പോഴുള്ള നമ്മുടെ ചിന്തകളാണ് - നമ്മെക്കുറിച്ചു തന്നെയും, മറ്റുള്ളവരോടു താരതമ്യപ്പെടുത്തിയും ഉള്ള ചിന്തകൾ - നാം ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപമായി രൂപാന്തരപ്പെടുന്നുണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കുന്നത്.

നമ്മുടെ ചിന്തകളിൽ നാം ശരിക്കും ചെറിയവരായി കാണപ്പെടുന്നുണ്ടെങ്കിൽ മാത്രമേ, നമുക്കു 'മറ്റുള്ളവരെ നമ്മെക്കാളും പ്രധാനപ്പെട്ടവരായും' (ഫിലി. 2:3 English NASB) നമ്മെത്തന്നെ 'സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവരായും' (എഫെ. 3:8) കാണുവാൻ കഴിയൂ.

യേശുവിന്റെ ജീവിതം ഇവ്വിധമായിരുന്നു. അവിടുന്നു തന്നെത്തന്നെ ഒരു മനുഷ്യനായും തന്റെ പിതാവിന്റെ മുമ്പാകെ ഒരു ഒഴിഞ്ഞ പാത്രമായും കണക്കാക്കി. തന്നിമിത്തം, പിതാവിന്റെ മഹത്വം യേശുവിലൂടെ അതിന്റെ സകല സമ്പൂർണ്ണതയിലും വിളങ്ങുവാൻ ഇടയായി.

പിതാവിന്റെ മുമ്പാകെ ഒന്നുമില്ലായ്മയുടെ മനോഭാവം സ്വീകരിച്ചിരുന്നതിനാൽ, പിതാവു തനിക്കായി ഒരുക്കിയ സാഹചര്യങ്ങൾക്കെല്ലാം സന്തോഷത്തോടെകീഴടങ്ങുവാനും പിതാവിന്റെ കല്പനകളെല്ലാം പൂർണ്ണഹൃദയത്തോടെ അനുസരിക്കുവാനും അവിടുത്തേക്കു സാധിച്ചു.

"തന്നെത്താൻ താഴ്ത്തി മരണത്തോളം.... അനുസരണമുള്ളവനായിത്തീർന്നു" (ഫിലി. 2:8).

ദൈവത്തോടുള്ള പൂർണ്ണ അനുസരണമാണു യഥാർത്ഥ താഴ്മയുടെ ലക്ഷണം. ഇതിനെക്കാൾ വ്യക്തമായ മറ്റൊരു അളവുകോലും ഇല്ലതന്നെ.

മുപ്പതുവർഷം യേശു അപൂർണ്ണരായിരുന്ന വളർത്തപ്പനും മാതാവിനും കീഴടങ്ങി ജീവിച്ചു. അതായിരുന്നു തന്റെ പിതാവിന്റെ ഹിതം. അവിടുത്തേക്കു യോസേഫിനെയും മറിയയെയും അപേക്ഷിച്ചു ധാരാളം

അറിവുണ്ടായിരുന്നു. എങ്കിലും അവിടുന്ന് അവർക്കു കീഴടങ്ങി.

തങ്ങളെക്കാൾ ബുദ്ധിപരമായും ആത്മീയമായും താണനിലയിലുള്ളവർക്കു കീഴടങ്ങുവാൻ മനുഷ്യർക്ക് ഒട്ടും എളുപ്പമല്ല. എന്നാൽ യഥാർത്ഥ താഴ്മയ്ക്ക് ഇതൊരു പ്രശ്നമേയല്ല. താൻ ആരുമല്ല എന്നു സ്വയം ആത്മാർത്ഥമായി കരുതുന്ന ഒരുവനു ദൈവം തന്റെ മേൽ നിയമിച്ചാക്കുന്ന ആർക്കും കീഴടങ്ങുന്നതിനു യാതൊരു പ്രയാസവുമുണ്ടാവുകയില്ല.

സാധാരണയായി അധികമാരും വിലമതിക്കാത്ത ഒരു തൊഴിൽ – ആശാരിപ്പണി – ആയിരുന്നു യേശു തിരഞ്ഞെടുത്തത്. അതിനുശേഷം അവിടുന്നു പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോൾ തന്റെ പേരിനു മുമ്പോ പിമ്പോ ചേർക്കുവാൻ സ്ഥാനപ്പേരുകൾ ഒന്നും ഇല്ലായിരുന്നു. അവിടുന്നു 'പാസ്റ്റർ യേശു'വോ 'റവറണ്ട് ഡോക്ടർ യേശു'വോ ഒന്നും ആയിരുന്നില്ല. താൻ സേവിക്കുവാൻ വന്ന സാധാരണ മനുഷ്യരുടെ മുമ്പിൽ തന്നെ ഉയർത്തിക്കാണിക്കുന്ന ലൗകികപദവിയോ സ്ഥാനപ്പേരോ ഒന്നും അവിടുന്ന് ആഗ്രഹിച്ചില്ല. അന്വേഷിച്ചതുമില്ല. കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ.

ഒരിക്കൽ ജനം യേശുവിന്റെ ചുറ്റും കൂടിയിട്ടു തന്നെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ അവിടുന്ന് അവരുടെ ഇടയിൽനിന്നു സാവധാനം ഒഴിഞ്ഞുമാറുകയാണുണ്ടയത് (യോഹ. 6:15). 'മനുഷ്യപുത്രൻ' എന്നു മാത്രം അറിയപ്പെടുവാനായിരുന്നു അവിടുന്നു ആഗ്രഹിച്ചത്.

മനുഷ്യരുടെ മുമ്പാകെയുള്ള മാനമോ, മതിപ്പോ അവിടുന്ന് അന്വേഷിച്ചിട്ടില്ല. അവയ്ക്കു വിലകല്പിച്ചതുമില്ല. അവിടുന്നു തന്റെ പിതാവിന്റെ മുമ്പാകെമാത്രം ജീവിക്കുകയും, ജീവിതകാലം മുഴുവനും മനുഷ്യരാൽ അവഗണിക്കപ്പെടുന്നതിനും നിന്ദിക്കപ്പെടുന്നതിനും ഒരുക്കമുള്ളവനായിരിക്കുകയും ചെയ്തു. പിതാവിന്റെ അംഗീകാരത്തിനുമാത്രമേ അവിടുന്നു വിലകല്പിച്ചിരുന്നുള്ളൂ.

ആരെയെങ്കിലും സൗഖ്യമാക്കുകയോ, ഏതെങ്കിലും അത്ഭുതം പ്രവർത്തിക്കുകയോ ചെയ്തതിനുശേഷം അത് ആരും അറിയരുത് എന്നായിരുന്നു യേശുവിന്റെ ആഗ്രഹം. അവയൊന്നും തനിക്കു പ്രസിദ്ധിനേടുവാനുള്ള അടവുകളായിരുന്നില്ല. നേരേമറിച്ച് ഓരോരുത്തരുടെ ആവശ്യങ്ങൾ കണ്ടു മനസ്സലിഞ്ഞു ചെയ്ത അത്ഭുതപ്രവൃത്തികളായിരുന്നു അവ. യായീറോസിന്റെ മരിച്ചുപോയ മകളെ ഉയർപ്പിച്ചശേഷം മറ്റാരെയും അറിയിരിക്കരുത് എന്ന് അവിടുന്ന് ഖണ്ഡിതമായി നിർദ്ദേശം നൽകി (മർക്കോ. 5:43). യേശു ഈ ലോകം വിട്ടുപോയതിനുശേഷം മാത്രമായിരുന്നു ശിഷ്യന്മാർ അവിടുത്തെ ജീവചരിത്രം പരസ്യമാക്കിയത്.

യേശു ക്രൂശിക്കപ്പെട്ടതിന്റെ തലേരാത്രി ഒരു പാത്രത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ കാൽ കഴുകുമ്പോൾ അതു തന്റെ ജീവിതത്തെ സംബന്ധിച്ചും സത്യമായിരുന്ന ഒരു ഉപമയായിരുന്നു. അവിടുന്ന് എല്ലാ മനുഷ്യർക്കും ദാസനായിത്തീർന്നു. തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ മലിനമായിരുന്നു എന്ന് അവിടുന്നു വേഗം കണ്ടറിയുകയും, മറ്റാരെങ്കിലും അവ കഴുകുവാൻ മുന്നോട്ടു വരുമോ എന്നു നോക്കിനിൽക്കാതെ വേഗം പാത്രമെടുത്ത് ആവശ്യമായ പ്രവൃത്തി ചെയ്യുവാൻ തുടങ്ങുകയും ഉണ്ടായി. ആ പ്രവൃത്തിയാകട്ടെ, മറ്റുള്ളവരുടെ സേവനത്തിനായി ഉഴിഞ്ഞുവച്ച ഒരു ജീവിതത്തിന്റെ പ്രതീകാത്മകമായ ശുശ്രൂഷയായിരുന്നു. ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ മറ്റുള്ളവർ തന്നോട് ആവശ്യപ്പെടുവാനായി യേശു കാത്തുനിന്നില്ല. ആവശ്യമെന്താണെന്നു കണ്ടറിഞ്ഞു വേണ്ടതെല്ലാം യഥാസമയം അവിടുന്നു ചെയ്യുകയാണുണ്ടായത്.

യേശു സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരുമായി അടുത്ത ബന്ധം പുലർത്തുകയും അവർക്കു സമനായി അവരോടു ചേർന്നു നടക്കുകയും ചെയ്തു. അവിടുന്നു പാപരഹിതനും പരിപൂർണ്ണനും ആയിരുന്നുവെങ്കിലും, തങ്ങളുടെ അപൂർണ്ണതകൾ നിമിത്തം മറ്റുള്ളവർക്കു തന്റെ സാമീപ്യത്തിൽ വല്ലായ്മ തോന്നുവാൻ അവിടുന്ന് ഒരിക്കലും ഇടകൊടുത്തില്ല. തന്റെ ശിഷ്യന്മാരുടെ മുമ്പിൽ ഒരു രക്ഷാധികാരി (Patron) എന്ന ഭാവവും അവിടുത്തേക്കില്ലായിരുന്നു. വാസ്തവത്തിൽ, തന്നെ ശാസിക്കുവാനോ, ഉപദേശിക്കുവാനോ അവർക്കു മടി തോന്നാതിരിക്കുമാറ് അവരുടെയിടയിൽ യേശുവിന്റെ പെരുമാറ്റം അത്ര സ്വതന്ത്രമായിരുന്നു (മത്താ. 16:22; മർക്കോ. 4:38;9:5).

യേശു പ്രാർത്ഥനയ്ക്കായി തന്റെ ശിഷ്യന്മാരുടെ കൂട്ടായ്മ അന്വേഷിച്ചതിൽനിന്ന് അവിടുത്തെ താഴ്മ നമുക്കു കാണുവാൻ സാധിക്കും. ഗെത്ത്ശെമനയിലെ തോട്ടത്തിൽ വച്ച് അവിടുത്തെ 'ഉള്ളം മരണവേദനപോലെ അതിദുഃഖിത'മായതിനാൽ തന്നോടുചേർന്നു പ്രാർത്ഥിക്കുവാൻ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോട് യേശു ആവശ്യപ്പെട്ടു (മത്താ. 26:38). താൻ സ്വീകരിച്ചിരുന്ന ജഡത്തിന്റെ തികഞ്ഞ ബലഹീനതയെക്കുറിച്ച് യേശുവിനു നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവിടുന്ന് പ്രാർത്ഥനയിൽ അവരുടെ കൂട്ടായ്മ ആഗ്രഹിച്ചത്.

ഒന്നുമില്ലായ്മയെ അംഗീകരിക്കുവാൻ തക്ക സത്യസന്ധത നമുക്കില്ലാത്തതാണു നമ്മിലുടെയുള്ള ദൈവശക്തിയുടെ പ്രകടനത്തെ പരിമിതപ്പെടുത്തുന്നത്. എന്നാൽ യേശു നമുക്കു താഴ്മയുടെ വഴി കാട്ടിത്തന്നിട്ടുണ്ട്. ജഡത്തിന്റെ ബലഹീനതയും, മനുഷ്യർ എന്ന നിലയിലുള്ള നമ്മുടെ ഒന്നുമില്ലായ്മയും അംഗീകരിക്കുക എന്നതാണത്.

യേശു തന്നെത്താൻ താഴ്ത്തിയതുകൊണ്ടായിരുന്നു ദൈവം അവിടുത്തേക്കു സർവലോകത്തിനും മീതേ ഏറ്റവും ഉയർന്ന സ്ഥാനം നൽകിയത് (ഫിലി. 2:9). താഴ്മയുടെ വഴിയിൽ ഏറ്റവും അധികം സഞ്ചരിച്ചിട്ടുള്ളവരായിരിക്കും മഹത്വത്തിൽ യേശുവിന്റെ വലത്തും ഇടത്തും ഇരിക്കുന്നത്.

യേശു തന്റെ ജീവിതകാലം മുഴുവൻ താഴ്മയിലേക്കു സഞ്ചരിച്ചുകൊണ്ടിരുന്നു. സ്വർഗ്ഗത്തിൽനിന്നു താഴേക്കിറങ്ങിവന്നപ്പോൾ മുതൽ കാൽവറിയിലെ കുരിശുവരെ താഴ്മയിൽനിന്നു താഴ്മയിലേക്ക് അവിടുന്നു

സഞ്ചരിച്ചു. ഒരിക്കൽ പോലും തിരിഞ്ഞു സ്വയം ഉയരുവാൻ അവിടുന്നു ശ്രമിച്ചില്ല.

ലോകത്തിൽ ഇപ്പോൾ രണ്ടു ശക്തികൾ മാത്രമാണു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്: ഒന്ന്, സാത്താന്റെ, അഥവാ ലൂസിഫറിന്റെ ആത്മാവ്; ലോകത്തിലായാലും ക്രിസ്തീയസമൂഹത്തിലായാലും സ്വയം ഉയർത്തുവാനാണ് ഇതു മനുഷ്യരെ പ്രേരിപ്പിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ ആത്മാവാകട്ടെ, മനുഷ്യരെ തങ്ങളുടെ യജമാനന്റെ വഴിയിലൂടെ താഴ്മയിലേക്കു നയിക്കുന്നു. നിലത്തുവീണ ഗോതമ്പുമണിപോലെ യേശു തഴേക്കിറങ്ങി. അവിടുത്തെ യഥാർത്ഥ ശിഷ്യന്മാരെയെല്ലാം ഈ പ്രത്യേക സ്വഭാവവിശേഷത്താൽ നിസ്സംശയം തിരിച്ചറിയുവാൻ കഴിയും.

യേശുവിന്റെ താഴ്മയുടെ മഹത്വം ഏറ്റവുമധികം തിളങ്ങിക്കാണുന്നത് അവിടുത്തെ മരണത്തിലാണ് യേശുവിനുണ്ടായതുപോലെ ഇത്രയും അന്യായമായ ഒരു വിചാരണ ഒരിക്കലും നടന്നിട്ടില്ല. എങ്കിലും ഉപദ്രവം, നിന്ദ, അനീതി, അവഹേളനം, പരിഹാസം എന്നിവക്കെല്ലാം അവിടുന്നു നിശ്ശബ്ദം കീഴടങ്ങി. അവിടുന്നു തന്റെ ശത്രുക്കളുടെമേൽ ശാപം വർഷിക്കുകയോ, പ്രതികാരഭീഷണി മുഴക്കുകയോ, ദൈവദൂതന്മാരുടെ സഹായം ആവശ്യപ്പെടുകയോ ചെയ്തില്ല. ദൈവപുത്രൻ എന്ന നിലയിൽ തനിക്കുണ്ടായിരുന്ന അവകാശങ്ങളെല്ലാം അവിടുന്നു വേണ്ടെന്നു വച്ചു.

'ചുരുട്ടിയ മുഷ്ടി' മനുഷ്യവർഗ്ഗത്തിനു യോജിച്ച ഒരു ചിഹ്നമാണ്. സ്വന്ത അവകാശങ്ങൾ, അധികാരങ്ങൾ, ഉടമസ്ഥത എന്നിവ വിട്ടുകൊടുക്കാതെ പിടിച്ചു കൊള്ളുവാനും, ആക്രമിക്കപ്പെടുമ്പോൾ തിരിച്ചാക്രമിക്കുവാനും ഉള്ള ഒരുവന്റെ ആഗ്രഹത്തെയാണ് അതു സൂചിപ്പിക്കുന്നത്.

യേശുവാകട്ടെ, നേരേമറിച്ച് കാൽവറിയിൽ ആണികൾ അടിക്കപ്പെടുന്നതിനായി കൈകൾ തുറന്നുകൊടുത്തു. അവിടുന്ന് എപ്പോഴും എല്ലാം നൽകിക്കൊണ്ടിരുന്നതിനാൽ അവിടുത്തെ കൈകൾ എപ്പോഴും തുറന്ന നിലയിലായിരുന്നു. അവസാനമായി അവിടുന്നു തന്റെ സ്വന്തജീവനെയും നൽകി. ഇതാണു യഥാർത്ഥ താഴ്മ. മനുഷ്യനെക്കുറിച്ചു ദൈവത്തിനുള്ള ഉദ്ദേശ്യവും ഇതുതന്നെയാണ്.

യേശുവിന്റെ മഹത്വം പ്രസരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ശിഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നതു പരാതികൂടാതെ അന്യായം സഹിക്കുവാനാണ്.

വേദപുസ്തകം പറയുന്നു: 'നിങ്ങൾ ശരിയായതു ചെയ്തതിനുശേഷം അർഹിക്കാത്ത രീതിയിൽ ക്ലേശം അനുഭവിക്കേണ്ടിവരുമ്പോൾ അതു ക്ഷമയോടെ സഹിക്കുകയാണെങ്കിൽ അതു ദൈവത്തിനു സ്വീകാര്യവും പ്രസാദകരവും ആയിരിക്കും. ഇതിനായിട്ടാണല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഇതു നിങ്ങളുടെ ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. ക്രിസ്തു കഷ്ടതയനുഭവിച്ചപ്പോൾ, നിങ്ങൾ തന്റെ കാൽച്ചുവടുകൾ പിൻഗമിക്കുവാനായി തന്റെ വ്യക്തിപരമായ ദൃഷ്ടാന്തം അവിടുന്നു നൽകിയിട്ടുണ്ട്. .... പരിഹാസവും നിന്ദയും അനുഭവിച്ച ന്യായമായി വിധിക്കുന്നവന്റെ കൈയിൽ തന്നെത്തന്നെയും എല്ലാറ്റിനെയും അവിടുന്നു സമർപ്പിച്ചു" (1 പത്രോ. 2:20-23 Amplified Bible).

യേശുവിന്റെ താഴ്മ മറ്റാരെയും വിധിക്കുവാൻ തന്നെ അനുവദിച്ചില്ല. ദൈവം മാത്രമാണ് എല്ലാ മനുഷ്യരുടെയും വിധികർത്താവ്. വിധിക്കുവാൻ ആരെങ്കിലും ഒരുമ്പെടുമ്പോൾ, ദൈവത്തിനുമാത്രം അവകാശമുള്ള സ്ഥാനത്തേക്കാണ് അവൻ തന്നെത്തന്നെ ഉയർത്തുന്നത്. ഭൂമിയിലെ ഒരു സാധാരണ മനുഷ്യൻ എന്ന നിലയിൽ, "ഞാൻ ആരെയും വിധിക്കുന്നില്ല" എന്ന് യേശു പറഞ്ഞു (യോഹ. 8:15). അവിടുന്നു ന്യായവിധിയെല്ലാം തന്റെ പിതാവിന്റെ കയ്യിൽ ഏൽപിച്ചുകൊടുത്തു. ഇവിടെയും അവിടുത്തെ താഴ്മയുടെ മഹത്വമാണു നാം കാണുന്നത്.

തന്റെ പിതാവു തനിക്കായി ക്രമീകരിച്ചിരുന്ന നിന്ദ്യമായ മരണത്തിനും യേശു സ്വമേധയാ കീഴ്പ്പെട്ടു. തന്റെ ക്രൂശുമരണം ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്ത മാനുഷിക ഉപകരണങ്ങൾക്കു പിന്നിൽ യേശു തന്റെ പിതാവിന്റെ കരം കണ്ടെത്തുകയും, 'പിതാവു നൽകിയ' പാനപാത്രം മനസ്സോടെ കുടിക്കുകയും ചെയ്തു (യോഹ. 18:11).

"മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലി. 2:8).

ഇതാണു ദൈവവചനത്തിൽ കാണപ്പെടുന്ന യഥാർത്ഥ യേശുവിന്റെ ജീവിതം. ഇക്കാലത്തെ സുവിശേഷകന്മാരെപ്പോലെ, ഒരു പ്രസിദ്ധവ്യക്തിയോ, സിനമാതാരമോ എന്ന മട്ടിൽ തനിക്കു ബഹുമതിയൊന്നും ലഭിച്ചില്ല. നേരേമറിച്ചു, മനുഷ്യരാൽ താൻ നിന്ദിതനും പരിത്യക്തനും ആയിരുന്നു. അന്നത്തെ ലോകം യേശുവിനെ കുരിശിൽ തറച്ചു കൊന്ന് ഒഴിവാക്കുകയാണു ചെയ്തത്. ഇന്നത്തെ ലോകവും വ്യത്യസ്തമൊന്നുമല്ല; ശിഷ്യൻ ഗുരുവിനു മീതെയുമല്ല. ജനസമ്മതിയും ലോകത്തിന്റെ ബഹുമതിയും നേടുന്ന ഒരു ക്രിസ്തീയത യഥാർത്ഥവിശ്വാസത്തിന്റെ ഒരു വ്യാജാനുകരണമാണ്. യേശുക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതം വെളിവാക്കുന്ന ഒരു വസ്തുത, "മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രേ" എന്നാണ് (ലൂക്കോ. 16:15).

യേശു പറഞ്ഞു, ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ ...എന്നിൽനിന്നു പഠിപ്പിൻ" (മത്താ. 11:29). യേശു തന്റെ ശിഷ്യന്മാരോടു തന്നിൽ നിന്നു പഠിക്കുവാൻ ആവശ്യപ്പെട്ട ഒരേ ഒരു കാര്യം ഇതായിരുന്നു. ഇതുതന്നെയാണു നാമും അവിടുത്തെ ജീവിതത്തിൽ നിന്നും പഠിക്കേണ്ടത്.

# അധ്യായം മൂന്ന്
# വിശുദ്ധിയിൽ ജീവിക്കുന്നത്

ദൈവം വെളിച്ചവും സ്നേഹവും ആകുന്നു (1 യോഹ. 1:5;4:8). അവിടുന്ന് 'അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നു' (1 തിമോ. 6:16). അവിടുന്നു വിശുദ്ധനായതുകൊണ്ടു നമ്മെയും വിശുദ്ധരാകുവാൻ താൻ വിളിക്കുന്നു.

പക്ഷേ പരീക്ഷയിൽക്കൂടെ മാത്രമേ മനുഷ്യനു വിശുദ്ധി പ്രാപിക്കുവാൻ കഴിയുകയുള്ളു. നന്മതിന്മകളെക്കുറിച്ചുള്ള അറിവുപോലും ഇല്ലാതെ, നിർദ്ദോഷാവസ്ഥയിലായിരുന്നു ആദാം സൃഷ്ടിക്കപ്പെട്ടത്. അവൻ വിശുദ്ധി പ്രാപിക്കുമാറു പരീക്ഷക്കപ്പെടുവാൻ ദൈവം അവനെ അനുവദിച്ചു.

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം സൃഷ്ടിച്ചതു ദൈവമായിരുന്നു. അതിൽ തിന്മയൊന്നുമുണ്ടായിരുന്നില്ലതാനും. "എത്രയും നല്ലത്" എന്നു ദൈവം പ്രഖ്യാപിച്ച ഒരു ലോകത്തിലായിരുന്നു അതു നിന്നിരുന്നത് (ഉൽപ. 1:31). പരീക്ഷയെ എതിർത്തുനിന്നു വിശുദ്ധി പ്രാപിക്കുവാൻ ആദാമിന് അതിലൂടെ അവസരം ലഭിക്കുമായിരുന്നതിനാൽ അതു വളരെ നല്ലതായിരുന്നു.

വേദപുസ്തകത്തിൽ നാം വായിക്കുന്നു: "നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ... അത് അശ്ശേഷം സന്തോഷം എന്ന് എണ്ണുവിൻ" (യാക്കോ. 1:2,3). എന്തെന്നാൽ ഈ പരീക്ഷകളിലൂടെ ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുകാരാകുവാനും (എബ്രാ. 12:10) 'ഒന്നിനും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും' ആയിത്തീരുവാനും നമുക്ക് അവസരം ലഭിക്കുന്നു (യാക്കോ. 1:4).

യേശുവിന്റെ വിശുദ്ധിയുടെ മഹത്വം നാം വീക്ഷിക്കുമ്പോൾ അവിടുത്തേക്കു ദൈവമെന്ന നിലയിൽ സഹജമായി ഉണ്ടായിരുന്ന വിശുദ്ധിയെയല്ല നാം നോക്കുന്നത്. അതു നമുക്ക് ഒരു മാതൃകയായിത്തീരുവാൻ സാധ്യമല്ല. 'സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുകയും' 'സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടിട്ടും പാപം ചെയ്യാതിരിക്കുകയും' ചെയ്ത ഒരുവനെയാണു നാം നോക്കുന്നത് (എബ്രാ. 4:15 Amplified Bible).

നാം ഓടേണ്ട അതേ മത്സരയോട്ടത്തിൽ നമുക്കുമുമ്പെ ഓടിക്കൊണ്ടു നമുക്ക് ഓടേണ്ട വഴി ഒരുക്കിത്തന്നിരിക്കുന്നതിനാൽ യേശു നമ്മുടെ മുന്നോടിയായിത്തീർന്നിരക്കുന്നു. അതുകൊണ്ട്, 'എന്നെ അനുഗമിക്കുക' എന്നു പറയുവാൻ അവിടുത്തേക്കു സാധിക്കും (യോഹ. 12:26). മാത്രമല്ല, നമുക്കുമുമ്പെ ഈ മത്സരയോട്ടത്തിൽ ഓടിയ യേശുവിനെ നോക്കിക്കൊണ്ടു നമുക്കും സഹിഷ്ണുതയോടെ, ക്ഷീണരാകാതെയും നിരാശരാകാതെയും മുന്നോട്ടോടുവാൻ കഴിയും (എബ്രാ. 12:14).

ഏതൊരു മനുഷ്യനും അഭിമുഖീകരിക്കേണ്ടിവരാവുന്ന ഏതൊരു പരീക്ഷയും യേശു അഭിമുഖീകരിച്ചു. നമുക്ക് അനുഭവപ്പെടുന്ന അതേ രീതിയിലായിരുന്നു യേശുവിനും പരീക്ഷ അനുഭവപ്പെട്ടത്. അവിടുന്ന് സകലത്തിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടു. ഇതാണ് എബ്രാ. 4:15-ലെ തെറ്റിക്കൂടാത്ത ലളിതമായ ഉപദേശം. ഇതു നമ്മുടെ പ്രോത്സാഹനത്തിനായി എഴുതപ്പെട്ടിരിക്കുന്നു. ('പാപം ഒഴികെ' സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു എന്നു മലയാളത്തിൽ പരിഭാഷ ചെയ്തിരിക്കുന്നു ശരിയല്ല. ഗ്രീക്കുഭാഷയിലും ഇംഗ്ലീഷ് പരിഭാഷകളിലും ഇതു വ്യക്തമാണ്). നമുക്കിന്നു ദൈവം നൽകാത്ത മറ്റു യാതൊരു ശക്തിയും യേശു ഉപയോഗിച്ചില്ല. തന്റെ പിതാവു പരിശുദ്ധാത്മാവിലൂടെ നൽകിയ ശക്തിയിലായിരുന്നു ഒരു മനുഷ്യൻ എന്ന നിലയിൽ യേശു പരീക്ഷയെ നേരിട്ടതും ജയിച്ചതും.

ദൈവത്തിന്റെ പ്രമാണങ്ങൾ ഭാരമേറിയവയും മനുഷ്യനു നിവർത്തിക്കുവാൻ അസാധ്യമായവയും ആകുന്നു. എന്നാണു സാത്താൻ നൂറ്റാണ്ടുകളായി പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. എന്നാൽ യേശു നമ്മുടെ ജഡത്തിൽ വന്ന്, തന്റെ സമ്പൂർണ്ണമായ അനുസരണത്തിൽ ജീവിതം കൊണ്ട്, സാത്താന്റെ ഈ നുണ തുറന്നു കാട്ടിയിരിക്കുകയാണ്. ഇന്നു നമ്മുടെ ജീവിതത്തിൽ യേശു പോരാടി ജയിച്ചിട്ടില്ലാത്ത ഏതെങ്കിലും പരീക്ഷയോ അനുസരിച്ചിട്ടില്ലാത്ത ദൈവകല്പനയോ നാം കാണുന്നുണ്ടെങ്കിൽ, അക്കാര്യത്തിൽ പാപം ചെയ്യുവാൻ നമുക്ക് ഒഴികഴിവുണ്ടായിരിക്കും. യേശു പൂർണ്ണതയുടെ ആ ജീവിതം നയിച്ചതു നമ്മുടെ ജഡത്തിലുള്ള ബലഹീനത കൂടാതെയോ, നമുക്കു ലഭ്യമല്ലാത്ത ഏതെങ്കിലും ശക്തി ഉപയോഗിച്ചോ ആയിരുന്നുവെങ്കിൽ, അവിടുത്തെ ജീവിതം നമുക്കൊരു മാതൃകയോ പരീക്ഷാസമയത്തു പ്രോത്സാഹനമോ ആയിത്തീരുമായിരുന്നില്ല. എന്നാൽ ദൈവവചനത്തിൽ നാം കാണുന്ന പ്രമാണങ്ങൾ നിവർത്തിക്കുവാൻ അവിടുത്തെ ശക്തി നമ്മെ പ്രാപ്തരാക്കും എന്ന് ഒരു മനുഷ്യനെന്ന നിലയിൽ ഭൂമിയിൽ താൻ നയിച്ച ജീവിതം കൊണ്ടു യേശു തെളിയിക്കുകയാണു ചെയ്തത്.

'നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടിട്ടും പാപം ചെയ്യാത്തവനത്രേ നമുക്കുള്ളത്" (എബ്രാ. 4:15, ശരിയായ പരിഭാഷ). പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പാപത്തിന്മേൽ പൂർണ്ണജയം നേടുകയും ദൈവത്തെ സന്തോഷത്തോടെ അനുസരിക്കുകയും ചെയ്യുവാൻ മനുഷ്യനു കഴിയും എന്നതിനുള്ള തെളിവാണു ദൈവം യേശുവിന്റെ പാപരഹിതമായ ജീവിതത്തിലൂടെ നമുക്കു നൽകുന്നത്. നാം തന്നിൽ വസിക്കുമെങ്കിൽ അവിടുന്നു നടന്നതുപോലെ നടക്കുവാൻ സാധിക്കും (1 യോഹ. 2:6).

ദിനംതോറും നാം നേരിടുന്ന അനവധിയായ പാപത്തിന്റെ വശീകരണങ്ങളെല്ലാം യേശുവും നേരിട്ടു. മനുഷ്യനു വരാവുന്ന ഓരോ പരീക്ഷയിൽക്കൂടെയും പിതാവു യേശുവിനെ നടത്തി. ഇപ്രകാരം നമ്മുടെ നായകനും മഹാപുരോഹിതനും ആയിത്തീരുവാൻ അവിടുന്ന് ഒരുക്കപ്പെട്ടു (എബ്രാ. 2:10,17,18,5:7-9). ആ സന്ദർഭങ്ങളിലെല്ലാം അവിടുന്നു തന്നെത്താൻ ത്യജിച്ച്, പാപം ചെയ്യുവാൻ തന്നെ പ്രേരിപ്പിച്ച ജഡികമോഹങ്ങളെയെല്ലാം മരിപ്പിച്ചു. അങ്ങനെ അവിടുന്ന് ഇടവിടാതെ 'ജഡത്തിൽ കഷ്ടം അനുഭവിച്ചു'.

ദൈവവചനം നമുക്കു മാതൃകയായി അവിടുത്തെ ജീവിതം ചൂണ്ടിക്കാണിക്കുന്നു. "ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ടു നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ. ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കുന്ന കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിനു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു" (1 പത്രോ. 4:1,2). ഏതെങ്കിലും കാര്യത്തിൽ നാം ദൈവത്തെ അനുസരിക്കുമ്പോൾ തൽഫലമായി നമുക്ക് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ തന്നെയും ദൈവത്തെ അനുസരിക്കാതിരിക്കുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ അതു വളരെ ലഘുവാകുന്നു എന്നാണ് യേശു തന്റെ ജീവിതത്തിലെ 'മരണത്തോളമുള്ള അനുസരണ'ത്താൽ വ്യക്തമാക്കിയത്.

എല്ലാ പാപത്തിന്റെയും അന്തസ്സത്ത സ്വന്ത ഇച്ഛയനുസരിച്ചു പ്രവർത്തിക്കുക എന്നതാണ്. എന്നാൽ മനുഷ്യന്റെ വിശുദ്ധിയുടെ അന്തസ്സത്തയാകട്ടെ, ഇച്ഛയെ ത്യജിച്ചു ദൈവഹിതം ചെയ്യുക എന്നതാണ്. യേശു ജീവിച്ചത് ഇപ്രകാരമായിരുന്നു എന്നു താഴെപ്പറയുന്ന വാക്യങ്ങളിൽനിന്നു കാണാം.

"ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാനിച്ഛിക്കുന്നത് ... ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത് ... പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെയല്ല, നീ ഇച്ഛിക്കും പോലെ ആകട്ടെ" (യോഹ. 5:30;6:38; മത്താ. 26:39).

വളരെ കഠിനമായ കഷ്ടത സഹിക്കേണ്ടിവന്നപ്പോഴും യേശു തന്റെ മനുഷ്യേച്ഛയെ പിതാവിന്റെ മുമ്പിൽ ഒരു നിരന്തരയാഗമായി അർപ്പിച്ചു. "ക്രിസ്തു തന്റ ഐഹികജീവിതകാലത്ത് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിച്ചു" എന്നു നാം കാണുന്നു (എബ്രാ. 5:7)

മനുഷ്യജഡം ബലഹീനമായതിനാൽ ഉണർന്നിരുന്നു. പ്രാർത്ഥിച്ചു ദൈവത്തിന്റെ സഹായം നേടിയാൽ മാത്രമേ പരീക്ഷയെ ജയിക്കുവാൻ സാധിക്കുകയുള്ളൂ എന്നു ഗെത്ത്ശെമന തോട്ടത്തിൽ വച്ച് യേശു തന്റെ മൂന്നു ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകിയതായി നാം വായിക്കുന്നു (മത്താ. 26:41). അവിടുന്നാകട്ടെ അവ്വണ്ണം പ്രാർത്ഥിക്കുകയും ജയം നേടുകയും ചെയ്തു.

പിതാവു നിങ്ങൾക്കു പരിശുദ്ധാത്മാവിനെ ഒരു സഹായിയായി നൽകുമ്പോൾ ഞാൻ ചെയ്ത പ്രവൃത്തികളെല്ലാം നിങ്ങൾക്കും ചെയ്യുവാൻ സാധിക്കും എന്നു ഗെത്ത്ശെമനയിലേക്കു പോകുന്നതിനു തൊട്ടുമുമ്പെ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു (യോഹ. 14:12,16). യേശു വന്നത് നമ്മെ വീര്യപ്രവൃത്തികൾ ചെയ്യുന്നവരാക്കുവാനായിരുന്നില്ല, നമ്മെ വിശുദ്ധരാക്കിത്തീർക്കുവാനായിരുന്നു. അവിടുത്തെ പ്രവൃത്തികൾ തന്റെ പിതാവിനോടുള്ള അനുസരണത്തിൽ ചെയ്ത വിശുദ്ധിയുടെ പ്രവൃത്തികൾ ആയിരുന്നു. ഈ പ്രവൃത്തികളാണ് നമുക്കും ചെയ്‌വാൻ കഴിയുമെന്ന് അവിടുന്ന് പറഞ്ഞത്. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ഒരു മനുഷ്യൻ എന്ന നിലയിലായിരുന്നു അവിടുന്ന് അവയെല്ലാം ചെയ്തത്.

പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടപ്പോൾ, യേശു ചെയ്ത അനുസരണപ്രവൃത്തികൾ ചെയ്യുവാനുള്ള ശക്തി ശിഷ്യന്മാർക്കു ലഭിച്ചു. യേശുവിന്റെ ഐഹികജീവിതകാലത്തുതന്നെ, രോഗികളെ സൗഖ്യമാക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും, കുഷ്ഠരോഗികളെ ശുദ്ധരാക്കുവാനും, അശുദ്ധാത്മാക്കളെ പുറത്താക്കുവാനുമുള്ള ശക്തി അവർക്കു ലഭിച്ചിട്ടുണ്ടായിരുന്നു (മത്താ. 10:8). എന്നാൽ പാപത്തെ ജയിക്കുവാനുള്ള ശക്തി അവർക്കുണ്ടായിരുന്നില്ല. പെന്തെക്കോസ്തുനാളിൽ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കുന്നതുവരെ അവർക്ക് അതിനുവേണ്ടി കാത്തിരിക്കേണ്ടിവന്നു.

'യേശു ചെയ്ത പ്രവൃത്തികൾ' അഥവാ 'ദൈവഹിതം' ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് പരിശുദ്ധാത്മാവിന്റെ പൂർണ്ണത (യോഹ. 4:34 നോക്കുക).

പുതിയ ഉടമ്പടിയിൻകീഴിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന മഹത്വമേറിയ ജീവിതം ഇതാണ്.

"ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു (ജയിച്ചു - Amplified Bible). ജഡത്തെയല്ല, ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി (ദൈവഹിതം) നിവൃത്തിയാകേണ്ടതിനു തന്നെ" (റോമർ 8:3,4).

യേശു പരീക്ഷയെ നേരിടുകയും ജയിക്കുകയും ചെയ്തു എന്നതിനു നമ്മെ സംബന്ധിച്ചുള്ള സാംഗത്യം എന്തെന്നുവച്ചാൽ, നമുക്കു തന്നെ പിൻതുടരുവാനുള്ള വഴി അവിടുന്ന് അവ്വിധം തുറന്നുതന്നിരിക്കുന്നു എന്നതാണ്.

യേശു തുറന്നുതന്ന വഴിയെ 'ജീവനുള്ള പുതുവഴി' എന്നാണ് എബ്രാ. 10:19-ൽ വിളിച്ചിരിക്കുന്നത്. "യേശു തന്റെ ദേഹം (ഗ്രീക്ക് - ജഡം) എന്ന തിരശ്ശീലയിൽക്കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ... നമുക്കുള്ളതുകൊണ്ട്..." (വാ. 19-21).

ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലത്തായിരുന്നു ദൈവത്തിന്റെ അതിമഹത്തായ തേജസ്സു വസിച്ചി

രുന്നത്. യേശുവിന്റെ വിശുദ്ധിയുടെ മഹത്വത്തിൽ ഓഹരിക്കാരാകുമാറു തന്നെ പിൻതുടരുന്നതിന് അവിടുന്നു തുറന്നുതന്ന വഴി നമ്മെ അവിടേക്കാണു നയിക്കുന്നത്. ജഡമെന്ന തിരശ്ശീലയിലൂടെ നമ്മുടെ മുന്നോടിയായി അവിടെ ആദ്യം പ്രവേശിച്ചത് അവിടുന്നു തന്നെയായിരുന്നു (എബ്രാ. 6:20). തന്നെ നോക്കിക്കൊണ്ടാണു നാം ഈ ഓട്ടം ഓടേണ്ടത് (എബ്രാ. 12:1,2).

നമ്മുടെ കർത്താവ് ഒരിക്കലായി തിരശ്ശീല ചീന്തിക്കഴിഞ്ഞിരിക്കയാൽ നാം അതു ചീന്തേണ്ട ആവശ്യമില്ല. എന്നാൽ ചീന്തിയ തിരശ്ശീലയിലൂടെ - ക്രൂശിന്റെ മാർഗ്ഗത്തിലൂടെ - അവിടുന്നു പോയ വഴിയെ നാമും പിൻതുടരേണ്ടതുണ്ട്. ജഡത്തിനും അതിന്റെ മോഹങ്ങൾക്കും മരണം വരുത്തുന്ന മാർഗ്ഗമാണ് അത്.

യേശുവിന്റെ ജീവിതത്തിൽ ദൈവത്തിന്റെ വിശുദ്ധിയുടെ മഹത്വം കാണപ്പെട്ടതു ജഡത്തിന്റെ മരണത്തിലൂടെയായിരുന്നു. നമുക്കും ഇതല്ലാതെ മറ്റൊരു വഴിയുമില്ല. നമ്മുടെ ശരീരത്തിൽ യേശുവിന്റെ ഈ മരണം വഹിക്കുകയാണെങ്കിൽ മാത്രമേ യേശുവിന്റെ നിർമ്മലവും വിശുദ്ധവുമായ ജീവിതം നമ്മുടെ ശരീരത്തിൽ വെളിപ്പെടുകയുള്ളൂ (2 കൊരി. 4;10).

'യേശുവിനെ നയിച്ചതുപോലെ പരിശുദ്ധാത്മാവു നമ്മെയും ക്രൂശിന്റെ വഴിയിലൂടെയായിരിക്കും നയിക്കുന്നത്. ഈ വഴിയിലാണു നമുക്ക് അവിടുത്തെ വിശുദ്ധിയുടെ തേജസ്സു വെളിപ്പെടുത്തുവാൻ സാധിക്കുന്നത്. യേശുവിന്റെ കാര്യത്തിൽ ഇത് ഇവ്വിധമായിരുന്നു. ഈ വഴിയിൽ പിൻചെല്ലുന്ന എല്ലാവർക്കും ഇതേ അനുഭവമായിരിക്കും ലഭിക്കുന്നത്.

യേശു വന്നതു നമ്മെ ദിവ്യസ്വഭാവത്തിനു പങ്കാളികളാക്കിത്തീർക്കുവാനും, തദ്വാരാ തന്നിൽ വിളങ്ങിയിരുന്ന അതേ തേജസ്സു നമ്മിൽ വെളിപ്പെടുത്തുവാനും ആയിരുന്നു.

"അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദാനങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ .... നാം ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു" (2 പത്രോ. 1:3,4).

പാപരഹിതമായ ഒരു പൂർണ്ണത ഈ ഭൂമിയിൽ നമുക്കു ദൈവം വാഗ്ദാനം ചെയ്തിട്ടില്ല. എന്നാൽ ബോധപൂർവമായ പാപത്തിന്മേൽ ജയാളികളായി ജീവിക്കുവാൻ നമുക്കു കഴിയും.

യേശു എല്ലാറ്റിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടു എന്നു നാം കണ്ടു കഴിഞ്ഞു. നമ്മുടെ ചിന്താമണ്ഡലത്തിലാണ് ഏറ്റവും ശക്തമായ ചില പരീക്ഷകൾ നമുക്ക് അനുഭവപ്പെടുന്നത്. യേശുവിനും അപ്രകാരം തന്നെ ആയിരുന്നിരിക്കണം. എന്നാൽ അവിടുന്ന് ഒരിക്കലും പാപം ചെയ്തില്ല. നമുക്കും ഈ വഴിയിൽ നടക്കുവാൻ സാധിക്കും.

യേശുവിന്റെ വാക്കുകൾ നിർമ്മലമായിരുന്നു. മലിനമായിരുന്ന ഒരു വാക്കുപോലും അവിടുത്തെ അധരങ്ങളിൽനിന്നു പുറപ്പെട്ടില്ല. ഒരു നിസ്സാരവാക്കും അവിടുന്നു സംസാരിച്ചില്ല. എപ്പോഴും സത്യം സംസാരിച്ചു. അവിടുത്തെ വായിൽ കാപട്യം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. ആവശ്യത്തിലധികം പണം സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് യേശുവുമായി ഒരു സംഭാഷണത്തിലേർപ്പെടുവാൻ ആർക്കും കഴിയുമായിരുന്നില്ല. അത്തരം വിഷയങ്ങളിൽ അവിടുത്തേക്കു യാതൊരു താൽപര്യവുമില്ലായിരുന്നു. ഭൂമിയിലെ കാര്യങ്ങളിലല്ല, ഉയരത്തിലുള്ള കാര്യങ്ങളിലായിരുന്നു അവിടുന്നു മനസ്സു വച്ചിരുന്നത്. അവിടുന്ന് ഭൗതികവസ്തുക്കൾ ഉപയോഗിച്ചിരുന്നു എന്നതിനു സംശയമൊന്നുമില്ല. എന്നാൽ അവിടുന്ന് അവയെ സ്നേഹിച്ചിരുന്നില്ല, അവയുമായി മാനസികമായി ബന്ധിക്കപ്പെട്ടിരുന്നുമില്ല.

യേശുവിന്റെ വിശുദ്ധി അകമേയുള്ള ഒന്നായിരുന്നു - ഭക്ഷണം, വസ്ത്രം സമ്പർക്കം എന്നിവയിലൂടെ കാണപ്പെടുന്ന പുറമേയുള്ള ഒരു ഭക്തിയായിരുന്നില്ല. അവിടുന്ന് ഒരു സർവസംഗപരിത്യാഗിയോ (ascetic) സന്യാസിയോ ആയിരുന്നില്ല. ദിനംപ്രതി തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെ ലോകത്തിൽ, തന്റെ സാമൂഹികനിലവാരത്തിലുള്ളവരുടെ വസ്ത്രധാരണരീതി പിൻതുടർന്നുകൊണ്ട്, സാധാരണരീതിയിൽ തിന്നുകയും കുടിക്കുകയും ചെയ്തുകൊണ്ടായിരുന്നു അവിടുന്നു ജീവിച്ചത് (ലൂക്കോ. 7:34). ആ നിലയിൽ, ധാരളമായി അനുഭവിക്കുവാനായി ഈ ലോകത്തിൽ ദൈവം മനുഷ്യർക്കു നൽകിയിരിക്കുന്ന നല്ല കാര്യങ്ങളിൽ അവിടുന്നും സന്തോഷിച്ചു (1 തിമോ. 6:17). എന്നാൽ അവിടുന്ന് ഒരിക്കലും ഭക്ഷണാസക്തിക്കു വഴങ്ങിക്കൊടുത്തില്ല. നാൽപതു ദിവസം ഉപവസിച്ചതിനുശേഷം കല്ല് അപ്പമാക്കി മാറ്റുവാൻ തന്റെ അത്ഭുതശക്തി ഉപയോഗിക്കാതെയിരിക്കുവാൻ തക്ക ശിക്ഷണം അവിടുത്തേക്കുണ്ടായിരുന്നു. അവിടുന്നു മതഭക്തന്മാരോടുകൂടെ മാത്രമല്ല സമയം ചെലവഴിച്ചത്. ഏറ്റവും അധഃപതിച്ച പാപികളോടൊപ്പം ആയിരുന്ന സമയവും തന്നെത്തന്നെ നിർമ്മലനായി സൂക്ഷിക്കുവാൻ അവിടുത്തേക്കറിയാമായിരുന്നു. അവിടുത്തെ വിശുദ്ധി തികച്ചും ആന്തരികമായ ഒന്നായിരുന്നു.

പാപം മാത്രമായിരുന്നില്ല യേശു ഒഴിവാക്കിയത്. സന്തോഷദായകമായ അനേകം കാര്യങ്ങൾ നിയമാനുസൃതമായിരുന്നെങ്കിൽത്തന്നെയും തനിക്ക് ഉപേക്ഷിക്കേണ്ടിവന്നു (1 കൊരി. 6:12). ഒന്നുകിൽ അവ പ്രയോജനമില്ലാത്തവയായിരുന്നു. അല്ലെങ്കിൽ അവ ചെയ്യുന്നപക്ഷം തന്റെ പിതാവിന്റെ പരിപാടിയനുസരിച്ചു തനിക്കു നിവർത്തിക്കേണ്ടിയിരുന്ന മറ്റു ചില കാര്യങ്ങൾ വിട്ടുകളയേണ്ടിവരുമായിരുന്നു.

ദൈവവചനം ധ്യാനിക്കുന്ന ഒരു ജീവിതരീതിയിലൂടെയായിരുന്നു യേശുവിന്റെ വിശുദ്ധി ഉദ്ഭവിച്ചത്. പന്ത്രണ്ടു വയസ്സായപ്പോഴേക്കും യേശുവിനു വചനം നന്നായി അറിയാമായിരുന്നു. സ്ഥിരോത്സാഹത്തോടെ ഉപയോഗിക്കുകയും, മാനസിക അധ്വാനത്തോടെ ദൈവവചനത്തെ ധ്യാനിക്കുകയും ചെയ്തുകൊണ്ട് അവിടുന്നു വചനത്തിന്മേൽ ആത്മാവിന്റെ പ്രകാശം അന്വേഷിച്ചു. ആത്മാവിന്റ വെളിപ്പാട് അന്വേഷിച്ചുകൊണ്ടിരു

ന്നതിനാൽ അവിടുത്തേക്കു മതപണ്ഡിതന്മാരെക്കാളധികം അറിവുണ്ടായിരുന്നു. യേശു ഒരു ബൈബിൾസ്കുളിലും പോയിട്ടില്ല. മോശെ, ഏലിയാവ്, യിരെമ്യാവ്, എലീശാ, യോഹന്നാൻസ്നാപകൻ തുടങ്ങിയ പഴയനിയമകാലത്തെ യഥാർത്ഥപ്രവാചകന്മാരെപ്പോലെ അവിടുന്നു പഠിച്ചത് തന്റെ പിതാവിന്റെ കൈക്കീഴിലായിരുന്നു. വേദപുസ്തകത്തിൽ കാണുന്ന യഥാർത്ഥപ്രവാചകന്മാർ ആരും തന്നെ വേദപാഠശാലയിൽ നിന്നു വന്നിട്ടുള്ളവരല്ല എന്നതു നാം പ്രത്യേകം ഓർക്കണം.

വചനം പഠിച്ചശേഷം യേശു അത് അനുസരിച്ചു. ഇപ്രകാരം വചനം തന്റെ കയ്യിൽ ശക്തിയേറിയ ഒരു ആയുധമായിത്തീർന്നു. സാത്താനെതിരെയുള്ള തന്റെ പോരാട്ടത്തിൽ മാത്രമല്ല (മത്താ. 4:1-11), തന്റെ പ്രസംഗശുശ്രൂഷയിലും അതു പ്രയോജനപ്പെട്ടു. അവിടുന്നു സംസാരിച്ചത് അധികാരത്തോടെയായിരുന്നു. അക്കാലത്തെ പണ്ഡിതന്മാരും ന്യായപ്രമാണബിരുദധാരികളും പ്രസംഗിച്ചിരുന്ന ജനസമ്മതിയുള്ള സമ്പ്രദായങ്ങൾക്കെതിരെയായിരുന്നു അവിടുത്തെ പ്രഭാഷണം.

പരീശന്മാരുടെ കപടഭക്തിയും ലൗകികത്വവും അവിടുന്നു തുറന്നുകാണിച്ചു. അടിസ്ഥാനപരമായ ഉപദേശങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടിരിക്കെത്തന്നെ അവർ നരകത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന് അവിടുന്നു പറഞ്ഞു (മത്താ.23:23) .അതേ സമയം, സദൂക്യരുടെ കലർപ്പുള്ള ഉപദേശങ്ങളും തെറ്റായ വ്യാഖ്യാനങ്ങളും അവിടുന്നു തുറന്നുകാണിച്ചു (മത്താ. 22:23-33).

യേശു തന്റെ പ്രസംഗശുശ്രൂഷയിൽ ഒരിക്കലും ജനസമ്മതി നേടുവാൻ ശ്രമിച്ചില്ല. സത്യം അൽപമെങ്കിലും വിട്ടുകൊടുക്കുന്നതിനെക്കാൾ പീഢനവും വേദനയും സഹിക്കുന്നതായിരുന്നു തനിക്കു സന്തോഷം. ‘എന്തു വില നൽകിയും സമാധാനവും ഐക്യവും നേടുക’ എന്നതിൽ അവിടുന്നു വിശ്വസിച്ചിരുന്നില്ല. “താങ്കൾ ആരെയും ഭയപ്പെടാതെയും, പ്രീതിപ്പെടുത്തുവാൻ ശ്രമിക്കാതെയും, ഭവിഷ്യത്തിനെക്കുറിച്ചു വിചാരപ്പെടാതെയും സത്യസന്ധത പാലിക്കുകയും സത്യം പഠിപ്പിക്കുകയും ചെയ്യുന്നു എന്നു ഞങ്ങൾക്കറിയാം” എന്ന് അവിടുത്തെ ശത്രുക്കൾക്കുപോലും അംഗീകരിക്കേണ്ടിവന്നു (മത്താ. 22:16 ലിവിംഗ്).

ദൈവാലയത്തിന്റെ പരിശുദ്ധിയെക്കുറിച്ച് യേശുവിനുണ്ടായിരുന്ന എരിവിലും അവിടുത്തെ വിശുദ്ധി നമുക്കു കാണുവാൻ കഴിയും (യോഹ. 2:14-17). അവിടുന്നു ദൈവാലയത്തിൽ ചെന്നപ്പോൾ അവിടെ മനുഷ്യർ മതത്തിന്റെ പേരിൽ പണം സമ്പാദിക്കുന്നതുകണ്ടു ധാർമ്മികരോഷം പൂണ്ട് അവിടുന്ന് അവരെയെല്ലാം ചമ്മട്ടിയുപയോഗിച്ചു പുറത്താക്കി.

പാപം കൂടാതെ കോപിക്കുവാൻ വേദപുസ്തകത്തിൽ കല്പിച്ചിട്ടുണ്ട് (എഫെ. 4:26 English). പീലാത്തോസിന്റെ മുമ്പിൽ റോമൻ ഭടന്മാർ യേശുവിനെ ചമ്മട്ടികൊണ്ട് അടിച്ചപ്പോൾ അതെല്ലാം അവിടുന്ന് ക്ഷമയോടെ സഹിച്ചു. തന്റെ വ്യക്തിപരമായ യാതൊരു കാര്യവും സംബന്ധിച്ച് അവിടുന്ന് ഒരിക്കലും കോപിച്ചില്ല. അത്തരം കോപം പാപം ആയിരുന്നേനേ. എന്നാൽ ദൈവാലയത്തിന്റെ വിശുദ്ധിയെ സംബന്ധിച്ചുള്ള കാര്യം വ്യത്യസ്തമായിരുന്നു. അവിടെ കോപിക്കാതിരുന്നെങ്കിൽ അതു പാപമായിരുന്നേനേ.

മനുഷ്യർ തന്നെ തെറ്റിദ്ധരിക്കുമോ, താൻ നിയന്ത്രണം വിട്ടു ജഡത്തിനു വിധേയനായിപ്പോയി എന്നു ചിന്തിക്കുമോ, എന്നൊന്നും ഭയപ്പെടാതെ അവിടുന്ന് അവിടെ ചമ്മട്ടി ഉപയോഗിച്ചു. മനുഷ്യരുടെ മുമ്പാകെ ആയിരുന്നില്ലല്ലോ അവിടുന്നു ജീവിച്ചിരുന്നത്. ഒരു വാളുമായിട്ടായിരുന്നു അവിടുന്നു വന്നത് (മത്താ. 10:34). വിട്ടുവീഴ്ചയില്ലാതെ അവിടുന്ന് അത് ഇവ്വിധം പിതാവിന്റെ തേജസ്സു പ്രകടമാക്കുകയും ചെയ്തു.

യേശുവിന്റെ ജീവിതം ഈ ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും മനോഹരവും, ക്രമം, സമാധാനം, ആനന്ദം എന്നിവ നിറഞ്ഞതും ആയിരുന്നു. അതിനു കാരണം, പിതാവിന്റെ വചനത്തോട് അവിടുത്തേക്കുണ്ടായിരുന്ന പൂർണ്ണാനുസരണമായിരുന്നു.

ഭൗതികലോകത്തിന്റെ സൗന്ദര്യത്തെക്കുറിച്ചു ചിന്തിച്ചുനോക്കുക. നക്ഷത്രങ്ങളും ഗ്രഹങ്ങളും ശൂന്യാകാശത്തിൽ കൃത്യമായ ചിട്ടയോടെ സഞ്ചരിക്കുന്നതിനാൽ അവയെ നോക്കി പത്തുലക്ഷത്തിലൊന്നു സെക്കണ്ടിന്റെ സൂക്ഷ്മതയോടെ സമയം കണക്കാക്കുവാൻ സാധിക്കും. ഇത് അത്രകണ്ടു വിശ്വസനീയമാകയാൽ ജ്യോതിശാസ്ത്രജ്ഞന്മാർക്കു ഭാവിയിൽ അവയുടെ സ്ഥാനം എവിടെയായിരിക്കും എന്നു കൃത്യമായി നിർണ്ണയിക്കുവാൻ കഴിയും. ഈ സൗന്ദര്യത്തിന്റെയും ചിട്ടയുടെയും രഹസ്യം എന്താണ്? ഒന്നു മാത്രമേയുള്ളു – അവ ദൈവത്തെ അനുസരിച്ചുകൊണ്ടു, സ്രഷ്ടാവു തങ്ങൾക്കായി ഒരുക്കിയിരിക്കുന്ന പഥങ്ങളിൽ, നിയതവേഗത്തിൽ സഞ്ചരിക്കുന്നു എന്നുതന്നെ.

ദൈവത്തോട് അനുസരണമുള്ള എല്ലായിടത്തും പൂർണ്ണതയും സൗന്ദര്യവും ഉണ്ടായിരിക്കും. അതുപോലെതന്നെ, ദൈവത്തോട് അനുസരണക്കേടുള്ള സ്ഥലത്തു കലക്കവും, കുഴപ്പവും, വൈരൂപ്യവും ഉണ്ടായിരിക്കും.

തീർച്ചയായും, ദൈവത്തിന്റെ കല്പനകൾ എല്ലായ്പ്പോഴും നമ്മുടെ ഏറ്റവും വലിയ നന്മയ്ക്കാണെന്നും, അവ ഹാനികരമോ ക്ലേശകരമോ അല്ലെന്നും ഉള്ള വസ്തുതയുടെ നിശ്ശബ്ദസാക്ഷികളാണ് നക്ഷത്രങ്ങൾ.

എല്ലാറ്റിനെയും അപേക്ഷിച്ചു, ദൈവഭക്തി മാത്രമേ ഈ ജീവിതത്തിനും ഇനിവരുവാനുള്ള ജീവിതത്തിനും പ്രയോജനപ്പെടുകയുള്ളു എന്ന വസ്തുതയ്ക്കും യേശുവിന്റെ ജീവിതം സാക്ഷ്യം വഹിച്ചു (1 തിമോ. 4:8). ദൈവഭക്തനായ ഒരുവനെക്കാൾ അധികമായി മറ്റാർക്കും സന്തോഷമോ, സമാധാനമോ, സംതൃപ്തിയോ അനുഭവിക്കുവാൻ കഴിയുകയില്ല. “യഹോവാഭക്തി ജീവന്റെ ഉറവാകുന്നു” (സദൃ. 14:27). “നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടിരിക്ക” എന്ന കല്പന യേശു അനുസരിച്ചു (സദൃ. 23:17). അവിടുത്തെ ഭയഭക്തിനി

മിത്തം ദൈവം അവിടുത്തെ പ്രാർത്ഥന കേട്ടു എന്നു നാം വായിക്കുന്നു (എബ്രാ. 5:7). യേശു ഒരു മനുഷ്യനെന്ന നിലയിൽ എപ്പോഴും ദൈവഭയത്തിൽ ജീവിച്ചതിനാൽ തന്റെമേൽ എപ്പോഴും സ്വർഗ്ഗം തുറന്നതായി കാണപ്പെട്ടു. "ഞാൻ ഭയഭക്തിയോടെ എന്റെ പിതാവിനെ ബഹുമാനിക്കുന്നു" എന്ന് അവിടുന്നു യെഹൂദന്മാരോട് പറഞ്ഞു (യോഹ. 8:48 Amplified Bible). "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു" എന്നു ദൈവവചനത്തിന്റെ സത്യം അവിടുന്നു തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തി (സദൃ. 9:10).

ദൈവം യേശുവിന്റെ പ്രാർത്ഥന കേട്ടത് അവിടുന്നു ദൈവപുത്രനായിരുന്നതുകൊണ്ട് അല്ല. അവിടുത്തെ ഭയഭക്തിനിമിത്തം ആയിരുന്നു (എബ്രാ. 5:7). അതുപോലെതന്നെ, യേശുവിനു പരിശുദ്ധാത്മാവിന്റെ ആനന്ദത്താലും അധികാരത്താലും – ആനന്ദതൈലത്താൽ – അഭിഷേകം ലഭിച്ചത് അവിടുന്നു ദൈവപുത്രൻ ആയിരുന്നതിനാലല്ല, മറിച്ച് അവിടുന്നു നീതിയെ സ്നേഹിക്കുകയും, ദുഷ്ടതയെ വെറുക്കുകയും ചെയ്തതു മൂലമായിരുന്നു (എബ്രാ. 1:9). യേശുവിനെപ്പോലെ ധാർമ്മികവിശുദ്ധിയുള്ള ഒരുവന്റെ പക്കൽ മാത്രമേ സ്വയം പൂർണ്ണമായി ഏൽപിച്ചുകൊടുക്കുവാൻ ദൈവത്തിനു കഴിയുകയുള്ളു. ഇതാണ് ആത്മിക അധികാരത്തിന്റെ രഹസ്യം.

ദൈവത്തിനു യേശുവിന്റെ വിശുദ്ധിയെക്കുറിച്ചുണ്ടായിരുന്ന അഭിപ്രായം അക്കാലത്തെ മതലോകം സ്വീകരിച്ചില്ല. യേശു തന്നെ പറഞ്ഞതുപോലെ, അവിടുന്ന് അവരുടെ പാപങ്ങൾ ഭയം കൂടാതെ ചൂണ്ടിക്കാണിച്ചപ്പോൾ തന്റെ വിശുദ്ധി അവരുടെ വിദ്വേഷത്തെ ഇളക്കുകയാണ് ചെയ്തത് (യോഹ. 7:7). വിശുദ്ധിയെക്കുറിച്ചു പ്രസംഗിച്ചതിനാൽ യേശുവിനു ശത്രുത്വം, തിരസ്കരണം, പക, വിമർശനം, യെഹൂദമതനേതാക്കന്മാരാലുള്ള പുറംതള്ളൽ എന്നിവയും, അവസാനമായി മരണവും അനുഭവിക്കേണ്ടിവന്നു. അവിടുന്നു ഒരു വിശുദ്ധജീവിതം നയിക്കുക മാത്രമേ ചെയ്തിരുന്നുള്ളുവെങ്കിൽ അവർ തന്നെ ക്രൂശിക്കുകയില്ലായിരുന്നു. എന്നാൽ തന്റെ പ്രസംഗത്തിലൂടെ അവിടുന്ന് അവരുടെ കപടഭക്തിയും പാപവും വെളിപ്പെടുത്തിയതിനാൽ തന്നെ നിശബ്ദനാക്കുവാൻ അവർ തീരുമാനിച്ചു.

യേശു പറഞ്ഞു: " അവർക്കുള്ള ന്യായവിധിയുടെ അടിസ്ഥാനം ഈ ഒരു വസ്തുതയാണ്. സ്വർഗ്ഗത്തിൽനിന്നു വെളിച്ചം ലോകത്തിലേക്കു വന്നിരിക്കുന്നു. എന്നാൽ അവരുടെ പ്രവൃത്തികൾ ദുഷ്ടത നിറഞ്ഞവയായതിനാൽ അവർ വെളിച്ചത്തെക്കാളധികം ഇരുളിനെ സ്നേഹിച്ചു. അവർ സ്വർഗ്ഗീയപ്രകാശത്തെ വെറുത്തതിന്റെ കാരണം അവർ ഇരുട്ടിന്റെ മറവിൽ പാപം ചെയ്യുവാൻ ആഗ്രഹിച്ചിരുന്നു എന്നതായിരുന്നു. അവരുടെ പാപം വെളിപ്പെടും എന്ന ഭയത്താൽ അവർ വെളിച്ചത്തിൽനിന്ന് അകലെമാറി നിന്നു" (യോഹ. 3:19, 20 ലിവിംഗ്).

ഇന്നത്തെ ക്രിസ്തീയമതലോകവും ഇതുപോലെതന്നെയാണ്. ശിഷ്യൻ ഗുരുവിനെക്കാൾ ഉയർന്നവനല്ല. യേശുവിന്റെ വിശുദ്ധിയുടെ മഹത്വം മന്ദോഷ്ണതയുള്ള ഇന്നത്തെ ക്രിസ്തീയസമൂഹത്തിന്റെ ബഹുമാനം നമുക്കു നേടിത്തരികയില്ല. "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും" – ഏതു രാജ്യത്തിലും, ഏതു സമയത്തും (2 തിമോ. 3:12). യേശുവിനുണ്ടായതുപോലെ, ആ ഉപദ്രവം പ്രാഥമികമായും മതലോകത്തിൽനിന്നായിരിക്കും ഉണ്ടാകുന്നത്.

ആരെങ്കിലും കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ ആദ്യം ഇരുന്ന് ആയതിനു നൽകേണ്ട വില നിർണ്ണയിക്കുകയും, അവിടുത്തെ നിന്ദ ചുമന്നുകൊണ്ടു പാളയത്തിന്റെ പുറത്തു തന്റെ അടുക്കൽ ചെല്ലുകയും ചെയ്യട്ടെ (എബ്രാ. 13:13).

# അധ്യായം നാല്
# സ്നേഹത്തിൽ ജീവിക്കുന്നത്

ദൈവം വെളിച്ചവും സ്നേഹവും ആണെന്നു നാം കണ്ടുകഴിഞ്ഞു. ദൈവത്തിന്റെ തേജസ്സു കർത്താവായ യേശുവിൽ കാണപ്പെട്ടതു വെളിച്ചവും സ്നേഹവും കൊണ്ടു നിറഞ്ഞ നിലയിലായിരുന്നു. വെളിച്ചം, സ്നേഹം എന്നിവയെ വേർപിരിക്കുവാൻ സാധ്യമല്ല. യഥാർത്ഥവിശുദ്ധി സ്നേഹം നിറഞ്ഞതും യഥാർത്ഥ സ്നേഹം വിശുദ്ധിയുള്ളതും ആകുന്നു. നമുക്കു മനസ്സിലാകുന്നതിനുവേണ്ടി മാത്രമാണ് ഇവയെ വേർതിരിച്ചു കാണിക്കുന്നത്.

താൻ വിശുദ്ധനാണെന്ന് അവകാശപ്പെടുന്ന ഒരുവനിൽ ദൈവികസ്നേഹം പ്രകടമാകുന്നില്ലെങ്കിൽ അവനുള്ളത് യഥാർത്ഥവിശുദ്ധിയല്ല, പരീശന്മാരുടെ നീതി മാത്രമാണ്. അതേസമയം എല്ലാവരെയും ധാരളമായി സ്നേഹിക്കുന്നു എന്നു അവകാശപ്പെടുന്ന വ്യക്തികളിൽ വിശുദ്ധിയും നീതിയും കാണപ്പെടാത്ത പക്ഷം, അവർ വെറും വൈകാരികാനുഭൂതികളെ ദിവ്യസ്നേഹമെന്നു തെറ്റിദ്ധരിച്ചു വഞ്ചിക്കപ്പെട്ടിരിക്കുകയാണ്.

പരീശന്മാർക്കു മയമില്ലാത്തതും വരണ്ടതുമായ ഒരു 'നീതി' ഉണ്ടായിരുന്നു. അവർ അസ്ഥികൂടങ്ങളെപ്പോലെ കഠിനതയുള്ളവരും, അറപ്പുളവാക്കുന്നവരും ആയിരുന്നു. അവരുടെ കൈവശം അല്പം സത്യം ഉണ്ടായിരുന്നുവെങ്കിലും, അതു തെറ്റായ ദിശയിലും അനുപാതത്തിലും ആയിരുന്നു കാണപ്പെട്ടത്.

യേശുവിന്റെ പക്കൽ സകല സത്യവും ഉണ്ടായിരുന്നു. അവിടുന്നു പരീശന്മാരെക്കാൾ തീവ്രതയോടെ ദൈവപ്രമാണത്തിന്റെ ഓരോ വള്ളിക്കും പുള്ളിക്കും പ്രാധാന്യം നൽകിയിരുന്നു. എന്നാൽ അവിടുന്ന് അസ്ഥികൾ മാത്രമായിരുന്നില്ല. ദൈവം മനുഷ്യരെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ള വിധത്തിൽ അവിടുത്തെ അസ്ഥികൾ മാംസത്താൽ പൊതിയപ്പെട്ടിരുന്നു. വെളിച്ചം സ്നേഹത്താൽ ആവരണം ചെയ്യപ്പെട്ടിരുന്നു. അവിടുന്നു സത്യം സംസാരിച്ചപ്പോൾ അതു സ്നേഹത്തിലായിരുന്നു സംസാരിച്ചത് (എഫെ. 4:15). അവിടുത്തെ വാക്കുകൾ അധികാരമുള്ളവയും ഒപ്പം കൃപ നിറഞ്ഞവയും ആയിരുന്നു (ലൂക്കോ. 4:22,36).

ഇ മഹത്വമാണു പരിശുദ്ധാത്മാവു നമുക്കു പകർന്നുതരുവാനും, നമ്മിലൂടെ പ്രകടമാക്കുവാനും ആഗ്രഹിക്കുന്നത്.

ദൈവം സ്നേഹം ആകുന്നു. അവിടുന്നു സ്നേഹത്തോടുകൂടെ പ്രവർത്തിക്കുന്നു എന്നു മാത്രമല്ല പറഞ്ഞിരിക്കുന്നത്. തന്റെ അന്തസ്സത്തയിൽത്തന്നെ അവിടുന്നു മുഴുവൻ സ്നേഹമാകുന്നു. യേശുവിൽ കാണപ്പെട്ട ദൈവത്തിന്റെ മഹത്വം ഇക്കാര്യം വ്യക്തമായി വെളിപ്പെടുത്തുന്നുണ്ട്. യേശു സ്നേഹപ്രവൃത്തികൾ മാത്രം ചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ചു എന്നാണു നാം വായിക്കുന്നത് (അപ്പോ. 10:38). എന്നാൽ തന്റെ ഉള്ളം മുഴുവൻ ദൈവസ്നേഹത്താൽ നിറഞ്ഞിരുന്നതിനാലാണ് അപ്രകാരം നന്മ ചെയ്യുവാൻ കഴിഞ്ഞത്.

വിശുദ്ധിയും താഴ്മയും എന്നപോലെ സ്നേഹവും പുറപ്പെടുന്നതു നമ്മുടെ അകമേയുള്ള മനുഷ്യനിൽനിന്നാണ്. ആത്മാവിൽ നിറഞ്ഞ ഒരുവന്റെ ഉള്ളിൽ നിന്നാണ് ജീവജലനദികൾ ഒഴുകുന്നത് (യോഹ. 7:38). നമ്മുടെ ചിന്തകളും മനോഭാവങ്ങളും (നാം പ്രകടിപ്പിക്കാതിരുന്നാൽ പോലും) നൽകുന്ന വാസന നമ്മുടെ വാക്കുകളെയും, പ്രവൃത്തികളെയും നമ്മുടെ വ്യക്തിത്വത്തെത്തന്നെയും ബാധിക്കുന്നുണ്ട്. ആ വാസന മണത്തറിയുവാൻ മറ്റുള്ളവർക്കു പ്രയാസമൊന്നുമില്ല. മറ്റുള്ളവരെക്കുറിച്ചുള്ള നമ്മുടെ ചിന്തകളും മനോഭാവങ്ങളും സ്വാർത്ഥതയാലും വിമർശനത്താലും മലിനപ്പെട്ടിട്ടുണ്ടെങ്കിൽ 'സ്നേഹത്തിന്റെ' വാക്കുകളും പ്രവൃത്തികളും വിലയില്ലാത്തവയായിത്തീരുന്നു. ദൈവം അന്തർഭാഗത്തിലെ സത്യമാണ് ഇച്ഛിക്കുന്നത് (സങ്കീ. 51:16).

എല്ലാ മനുഷ്യരെയും വളരെ വിലമതിച്ചിരുന്നതിനാൽ എല്ലാവരോടും ആദരവോടെ പെരുമാറുവാൻ യേശുവിനു കഴിഞ്ഞു. ദൈവഭക്തന്മാർ, ഉയർന്ന സാംസ്കാരികനിലവാരമുള്ളവർ, ബുദ്ധിശാലികൾ എന്നിവരെ ബഹുമാനിക്കുവാൻ എളുപ്പമാണ്. ക്രിസ്തുവിലുള്ള നമ്മുടെ എല്ലാ സഹവിശ്വാസികളെയും സ്നേഹിക്കുമ്പോൾ നാം ഏതോ ഒരു ഉയർന്ന നിലവാരത്തിൽ എത്തിച്ചേർന്നിട്ടുണ്ട് എന്നു ചിന്തിച്ചേക്കാം. എന്നാൽ എല്ലാ മനുഷ്യരോടുമുള്ള യേശുവിന്റെ സ്നേഹത്തിലാണ് ദൈവമഹത്വം വെളിപ്പെടുന്നത്. ആരെയെങ്കിലും ദാരിദ്ര്യം, അജ്ഞത, വൈരൂപ്യം, സംസ്കാരക്കുറവ് എന്നീ കാരണങ്ങളാൽ യേശു ഒരിക്കലും നിന്ദയോടെ വീക്ഷിച്ചില്ല. ഈ ലോകവും അതിലുള്ള സകലവും ചേർത്തുവച്ചാലും അതിന്റെ വില ഒരു മനുഷ്യാത്മാവിന്റെ അത്രയും വരികയില്ല എന്ന് അവിടുന്നു പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട് (മർക്കോ. 8:36). ഇവ്വിധമായിരുന്നു അവിടുന്ന് മനുഷ്യനു വിലകല്പിച്ചത്. അതുകൊണ്ട് അവിടുന്ന് എല്ലാവരെക്കുറിച്ചും സന്തോഷിച്ചു. സാത്താന്റെ വഞ്ചനയിലും ബന്ധനത്തിലും പെട്ട മനുഷ്യരെ കണ്ടപ്പോൾ, അവരെ സ്വതന്ത്രരാക്കണം എന്നതായിരുന്നു അവിടുത്തെ ആഗ്രഹം.

സ്നേഹത്തിൽനിന്നുദ്ഭവിച്ച ഈ ആഗ്രഹം അത്ര ശക്തമായിരുന്നതിനാൽ, പാപത്തിനു മനുഷ്യരുടെ ജീവിതത്തിന്മേലുണ്ടായിരുന്ന പിടിയിൽനിന്ന് അവരെ വിടുവിക്കാനായി എന്തുവില നൽകുവാനും അവിടുന്ന് ഒരുക്കമായിരുന്നു. അവരുടെ പാപങ്ങളിൽനിന്ന് അവരെ രക്ഷിപ്പാനായി മരിക്കുവാൻപോലും തയ്യാറായിരുന്നതുകൊണ്ട് പാപത്തിനെതിരായി ശക്തിയോടെ പ്രസംഗിക്കുവാനുള്ള അധികാരം അവിടുത്തേക്കു ലഭിച്ചു. നമ്മുടെ സ്വന്തജഡത്തിൽ ഏതെങ്കിലും ഒരു പ്രത്യേകപാപത്തെ വിധിച്ചു ജയം നേടിയിട്ടില്ലെങ്കിൽ, അഥവാ മറ്റുള്ളവരെ ആ പാപത്തിൽനിന്നു രക്ഷിക്കുവാനായി വേണ്ടിവന്നാൽ മരിക്കുവാനും നാം തയ്യാറായിട്ടില്ലെങ്കിൽ, ആ പാപത്തിനെതിരായി പ്രസംഗിക്കുവാൻ നമുക്ക് അധികാരമില്ല. 'സ്നേഹത്തിൽ സത്യം സംസാരിക്കുക' എന്നതിന്റെ അർത്ഥം ഇതാണ് (എഫേ. 4:15).

നാം സംസാരിക്കുന്ന വാക്കുകളിലുള്ള സ്നേഹത്തിന്റെ ഊഷ്മളതയാണു ദൈവമഹത്വത്തിനായുള്ള ഫലം മറ്റുള്ളവരിൽ പുറപ്പെടുവിക്കുവാൻ ഹേതുവാകുന്നത്. ഉത്തരദക്ഷിണധ്രുവപ്രദേശങ്ങളിൽ ആവശ്യത്തിലധികം വെളിച്ചമുണ്ടെങ്കിലും ചൂടിന്റെ അഭാവം മൂലം യാതൊന്നും അവിടെ വളരുന്നില്ല.

ഭൗതികവസ്തുക്കളെ അപേക്ഷിച്ചു മനുഷ്യർക്കുള്ള വില യേശു വ്യക്തമായി ഗ്രഹിച്ചിരുന്നു. സ്നേഹിക്കപ്പെടുവാനായി മനുഷ്യരും, ഉപയോഗിക്കപ്പെടുവാനായി വസ്തുക്കളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു തനിക്ക് അറിയാമായിരുന്നു. പാപത്തിന്റെ ദുഷിച്ച സ്വാധീനത്താൽ ലോകത്തിൽ ഈ ക്രമം തലതിരിഞ്ഞുപോയിരിക്കുന്നു. ഇപ്പോൾ മനുഷ്യർ വസ്തുക്കളെ സ്നേഹിക്കുകയും, മറ്റു മനുഷ്യരെ സ്വാഭിലാഷത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

മനുഷ്യർക്കു വസ്തുക്കളെക്കാൾ വളരെയധികം പ്രാധാന്യമുണ്ടെന്ന് യേശു കണ്ടു. അവിടുന്നു മനുഷ്യരെ അത്രയധികം സ്നേഹിച്ചിരുന്നതിനാൽ അവരുമായി പൂർണ്ണമായി ഏകീഭവിക്കുകയും, തങ്ങൾ വിലപ്പെട്ടവരും, പ്രയോജനമുള്ളവരുമാണ് എന്ന ബോധ്യം അവർക്കു നൽകുകയും ചെയ്തു. അവിടുന്ന് അവരുടെ ഭാരങ്ങൾ പങ്കിടുകയും, ചവുട്ടിമെതിക്കപ്പെട്ടവർക്കു ദയ നിറഞ്ഞ വാക്കുകളും, ജീവിതത്തിലെ പോരാട്ടങ്ങളിൽ പരാജയപ്പെട്ടവർക്കു പ്രോത്സാഹനത്തിന്റെ വാക്കുകളും നൽകുകയും ചെയ്തു. ഒരു മനുഷ്യനെക്കുറിച്ചും വിലയില്ലാത്തവൻ എന്ന് അവിടുന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല. അവർ പ്രാകൃതരും, സംസ്കാരശൂന്യരും, അജ്ഞരും ആയിരുന്നാൽ തന്നെയും നിത്യതയ്ക്കായി സൃഷ്ടിക്കപ്പെട്ടിരുന്നതിനാൽ അവരെയും വീണ്ടെടുക്കേണ്ട ആവശ്യമുണ്ടെന്ന് അവിടുത്തേക്ക് അറിയമായിരുന്നു.

നേരേമറിച്ചു, വസ്തുക്കൾക്കൊന്നിനും അവിടുന്നു യാതൊരു വിലയും കല്പിച്ചില്ല. മറ്റുള്ളവർക്കു പ്രയോജനപ്പെടുമാറ് ഉപയോഗിക്കപ്പെടുന്നതിലപ്പുറമായി ഭൗതികവസ്തുക്കൾക്കു യാതൊരു വിലയുമില്ല. അയൽപക്കത്തെ ഒരു കുട്ടി യേശുവിന്റെ മരപ്പണിശാലയിൽ ചെന്ന് ഏതെങ്കിലും വിലപിടിച്ച ഒരു സാധനം ഉടച്ചു കളഞ്ഞു എന്നു സങ്കല്പിക്കുക. യേശു അതിനാൽ ഒരു വിധത്തിലും കുലുങ്ങിപ്പോകുമായിരുന്നില്ല. അവിടുത്തെ ദൃഷ്ടിയിൽ ഉടഞ്ഞുപോയ സാധനത്തെക്കാൾ വിലയും പ്രാധാന്യവും ആ കുട്ടിക്കായിരുന്നു. അവിടുന്നു മനുഷ്യരെയാണു സ്നേഹിച്ചത്, വസ്തുക്കളെയല്ല. മനുഷ്യരെ സഹായിക്കുവാനായി വസ്തുക്കൾ ഉപയോഗിക്കുകയായിരുന്നു അവിടുന്നു ചെയ്തത്.

"ദൈവത്തിന്റെ വീക്ഷണകോണിൽ നിന്നുകൊണ്ട് എല്ലാം കാണുന്ന" നിലയിലേയ്ക്കു നമ്മെ എത്തിക്കുവാനായി പരിശുദ്ധാത്മാവു നമ്മുടെ മനസ്സു പുതുക്കിത്തരുന്നു (കൊലോ. 1:10 J B Phillips). ദൈവം ഒരുവനെ വീക്ഷിക്കുന്നതുപോലെ അനുകമ്പയോടെ വീക്ഷിക്കുന്നതാണു സ്നേഹം.

ദൈവം തന്റെ ജനത്തെക്കുറിച്ചു ഘോഷത്തോടെ ആനന്ദിക്കുന്നു (സെഫ. 3:17). യേശു ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ടിരുന്നതിനാൽ പിതാവിനു തന്റെ മക്കളെക്കുറിച്ചുള്ള ആനന്ദത്തിൽ അവിടുന്നും പങ്കുചേർന്നു. ദൈവത്തിന്റെ വീക്ഷണത്തിലൂടെ മനുഷ്യരെ കാണുവാൻ തക്കവണ്ണം മനസ്സിൽ പുതുക്കം പ്രാപിച്ചിട്ടുള്ളവരുടെ അനുഭവവും ഇതായിരിക്കും. മറ്റു മനുഷ്യരെക്കുറിച്ചു യേശു ചിന്തിച്ചിരുന്ന ചിന്തകളും നിരന്തരമായി സ്നേഹത്തിന്റെ ചിന്തകൾ മാത്രമായിരുന്നു. അവ ഒരിക്കലും അവരുടെ വിചിത്രവും പ്രാകൃതവുമായ പെരുമാറ്റത്തെ വിമർശിക്കുന്ന ചിന്തകൾ ആയിരുന്നില്ല. അതുകൊണ്ടു ജനങ്ങൾക്ക് അവിടുത്തെ ആത്മാവിന്റെ സൗരഭ്യം അനുഭവിക്കുവാൻ സാധിച്ചിരുന്നു. സാധാരണ മനുഷ്യർ തനിക്കു സന്തോഷത്തോടെ ചെവികൊടുത്തു (മർക്കോ. 12:37 KJV). നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ നമ്മുടെ ഹൃദയത്തെ ദൈവം നിറയ്ക്കുന്നത് ഈ സ്നേഹം കൊണ്ടാണ് (റോമർ 5:5).

രോഗം ബുദ്ധിമുട്ട്, വിശപ്പ് എന്നിവയാൽ വലഞ്ഞവരെയും ഇടയനില്ലാതിരുന്നവരെയും യേശു സദാ അനുകമ്പയോടെ വീക്ഷിച്ചു. അവരുടെ ദുരിതങ്ങൾ സ്വന്തമെന്നു കണ്ടതുകൊണ്ടാണ് അവരെ ആശ്വസിപ്പിക്കുവാൻ തനിക്കു സാധിച്ചത്. നാം മറ്റുള്ളവരുടെ പ്രയാസങ്ങളുമായി ഏകീഭവിക്കുന്ന അളവിൽ മാത്രമേ അവരെ ആശ്വസിപ്പിക്കുവാനും നമുക്കു സാധിക്കുകയുള്ളു. യേശു തന്റെ ഭാവനയിൽ മറ്റുള്ളവരുടെ സാഹചര്യങ്ങളിലേക്കു പ്രവേശിച്ചതിനാൽ, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവരുടെ ആവശ്യങ്ങളെക്കുറിച്ച് അവർ പറയുന്നതിനു മുമ്പുതന്നെ സൂക്ഷ്മബോധമുള്ളവനായിരിക്കുവാനും തനിക്കു കഴിഞ്ഞു. എന്നാൽ ഒരിക്കൽ ആവശ്യത്തിലിരുന്ന ഒരു മനുഷ്യനോടു മനസ്സിലിവു കാണക്കാത്ത ഹൃദയകാഠിന്യത്തോടെ പെരുമാറിയ മനുഷ്യരെക്കണ്ട് അവിടുന്നു വളരെയധികം ദുഃഖിച്ചു (മർക്കോ. 3:5).

മറ്റു മനുഷ്യരുമായുള്ള തന്റെ ബന്ധത്തിൽ യേശു എല്ലായ്പ്പോഴും സ്വയം മരിച്ച നില സ്വീകരിച്ചു. ആരെങ്കിലും സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്ത ഒരു കാര്യത്തെപ്പറ്റിയും അവിടുന്നു പരിഭവപ്പെട്ടില്ല. തനിക്കുവേണ്ടി മറ്റുള്ളവർ എന്തെങ്കിലും ചെയ്തുതരണം എന്ന് അവിടുന്നു പ്രതീക്ഷിക്കാതിരുന്നതിനാൽ ആരെങ്കിലും എന്തെങ്കിലും ചെയ്യുവാൻ വിട്ടുപോയിരുന്നാൽ തന്നെയും തനിക്കു പരിഭവമില്ലായിരുന്നു. അവിടുന്ു വന്നതു മറ്റുള്ളവരാൽ സേവിക്കപ്പെടുവാനായിരുന്നില്ല, മറ്റുള്ളവർക്കു സേവനം ചെയ്യുവാനായിരുന്നു.

അവിടുന്നു ദിനംപ്രതി തന്റെ കുരിശു വഹിച്ചുരുന്നതിനാൽ, എത്രയും സംസാകാരശൂന്യനോ, മഠയനോ ആയ ഒരുവനോടുപോലും യേശുവിനു ക്ഷോഭിക്കേണ്ടിവന്നില്ല. മറ്റുള്ളവരുടെ മന്ദഗതി, വെടിപ്പില്ലായ്മ, ക്രമമില്ലായ്മ, അശ്രദ്ധ എന്നിവയാൽ അവിടുന്ന് ഒരിക്കലും അക്ഷമനായില്ല. എന്നാൽ അപൂർണ്ണരായ മനുഷ്യരെ സഹിക്കുവാൻ നിഷ്പ്രയാസം കഴിയും. പക്വത പ്രാപിച്ച ഒരു മനുഷ്യന് അപൂർണ്ണരായവർക്കാണു മറ്റുള്ളവരുടെ കുറവുകൾ സഹിക്കുവാൻ ഒട്ടും കഴിയാതിരിക്കുന്നത്. ഒരു പക്ഷേ ക്ഷമയായിരിക്കും മറ്റള്ളവരോടു നമുക്കുള്ള സ്നേഹത്തിന്റെ ഏറ്റവും മഹത്തായ പ്രകടനം.

അടുത്തതായി, യേശുവിന്റെ സംഭാഷണത്തിലൂടെ വെളിപ്പെട്ട സ്നേഹത്തിന്റെ മഹത്വത്തെക്കുറിച്ചു ചിന്തിക്കാം.

യേശു ഒരിക്കലും മറ്റുള്ളവരെ ചെറുതാക്കി സംസാരിക്കുകയോ, അവരെ വേദനിപ്പിക്കുന്ന രീതിയിൽ അഭിപ്രായം പറയുകയോ അഥവാ ഫലിതം പ്രയോഗിക്കുകയോ ചെയ്തില്ല. അവിടുന്ന് ഒരിക്കലും ഒളിയമ്പുപോലെ അന്യരെ മുറിപ്പെടുത്തുന്ന പ്രസ്താവനകൾ ചെയ്തിട്ടില്ല. ഒരിക്കൽപോലും തന്റെ ശിഷ്യന്മാരുടെ കുറവുകളെക്കുറിച്ചു അവരുടെ അസാന്നിധ്യത്തിൽ അവിടുന്നു ചർച്ച ചെയ്തില്ല. മൂന്നു വർഷത്തിനിടയിൽ ഒരിക്കൽപോലും യൂദായുടെ കാപട്യം അവിടുന്നു മറ്റു പതിനൊന്നു ശിഷ്യന്മാരുടെ മുമ്പിൽ തുറന്നുകാണിച്ചില്ല എന്നത് എത്ര ആശ്ചര്യകരമായിരിക്കുന്നു! അന്ത്യഅത്താഴസമയത്തും തങ്ങളുടെ ഗുരുവിനെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് ആരെന്ന് അവർക്ക് ഊഹിക്കുവാൻപോലും സാധിച്ചില്ല.

യേശു തന്റെ നാവിനെ ഉപയോഗിച്ചതു മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും ഗുണദോഷിക്കുവാനും വേണ്ടി ആയിരുന്നു. അപ്രകാരം തന്റെ നാവിനെ ദൈവത്തിന്റെ കൈയിൽ ഒരു ജീവന്റെ ഉപകരണമായി സമർപ്പിക്കുവാൻ തനിക്കു കഴിഞ്ഞു. ക്ഷീണിതർക്ക് ആശ്വാസവാക്കുകൾ നൽകുവാനും (യെശ. 50:4), നിഗളികളെയും അഹങ്കാരികളെയും വാൾകൊണ്ടെന്നപോലെ വെട്ടിവീഴ്ത്തുവാനും അവിടുന്നു തന്റെ നാവിനെ ഉപയോഗിച്ചു (യെശ. 49:2).

യേശു റോമൻശതാധിപന്റെയും കനാന്യസ്ത്രീയുടെയും വിശ്വാസത്തെക്കുറിച്ചു പരസ്യമായി പ്രശംസിച്ചപ്പോൾ അവർക്ക് എത്രയധികം പ്രോത്സാഹനം ലഭിച്ചുകാണും! (മത്താ. 8:10;15:28). പാപിനിയായ

സ്ത്രീയുടെ സ്നേഹത്തെക്കുറിച്ചും ബേഥാന്യയിലെ മറിയയുടെ ത്യാഗപൂർണ്ണമായ അർപ്പണത്തെക്കുറിച്ചും യേശു പ്രശംസിച്ചു സംസാരിച്ച വാക്കുകൾ അവർ ഒരിക്കലും മറന്നിരിക്കയില്ല (ലൂക്കോ. 7:47; മർക്കോ. 14:6).

യേശു തനിക്കുവേണ്ടി പ്രാർത്ഥിക്കും എന്ന ഉറപ്പിൽനിന്നു പത്രോസിന് എത്രമാത്രം ശക്തി ലഭിച്ചുകാണും! (ലൂക്കോ. 22:23). ഇവ ചുരുങ്ങിയ ചില വാക്കുകൾ മാത്രമായിരുന്നുവെങ്കിലും എത്ര ശക്തിയും പ്രോത്സാഹനവും അവ പകർന്നുകൊടുത്തു!

മറ്റനേകർക്കും യേശുവിന്റെ നാവിൽനിന്നു തങ്ങളുടെ തളർന്ന ആത്മാക്കൾക്ക് ഉത്തേജനം നൽകിയ വാക്കുകൾ ലഭിച്ചുകാണും. യെശ. 50:4-ൽ കാണുന്നതുപോലെ, തന്റെ പിതാവിന്റെ ശബ്ദം കേൾക്കുവാൻ യേശു ദിനംതോറും ശ്രദ്ധിച്ചിരുന്നതിനാൽ ഓരോ ദിവസവും തന്റെ മുമ്പിൽ വന്ന തളർന്ന ആത്മാക്കൾക്കു വേണ്ട യുക്തമായ വചനം പകർന്നുകൊടുക്കുവാൻ അവിടുത്തേക്കു സാധിച്ചു.

യേശുവിന്റെ നീതി തനിക്ക് ഒരു മ്ലാനഭാവം നൽകുന്ന വിധത്തിലുള്ള ഒന്നായിരുന്നില്ല. അവിടുന്ന് ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടിരുന്നു (എബ്രാ. 1:9). ക്രൂശിൽ മരിക്കുന്നതിന്റെ തലേദിവസം തന്റെ ശിഷ്യന്മാരോട് "എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാൻ..." എന്നു പറയുവാൻ സാധിക്കത്തക്കവണ്ണം അവിടുന്ന് ആനന്ദത്താൽ കവിഞ്ഞൊഴുകുകയായിരുന്നു (യോഹ. 15:11). ആനന്ദരഹിതരും, വരണ്ടുപോയവരുമായ ആത്മാക്കൾക്കു തന്റെ ആനന്ദം പകർന്നുകൊടുത്തുകൊണ്ട് അവിടുന്ന് സഞ്ചരിച്ചു.

ചതഞ്ഞ ഓട ഒടിച്ചുകളയുകയോ, പുകയുന്ന തിരി കെടുത്തുകയോ ചെയ്യാതെ, അവിടുന്ന് എല്ലാ മനുഷ്യരോടും സൗമ്യതയോടെ പെരുമാറി (മത്താ. 12:19). ബലഹീനരും പാപികളുമായ മനുഷ്യരിലും അവിടുന്നു നന്മ കണ്ടെത്തുകയും ഓരോ വ്യക്തിയിലും നിന്ന് ഏറ്റവും ഉയർന്ന നന്മ പ്രതീക്ഷിക്കുകയും ചെയ്തു. തന്നിൽ ധാരാളം മനസ്സലിവും, ദയയും, സൗമ്യതയും ഉണ്ടായിരുന്നതിനാൽ, അനേകർ അവിടുത്തെ സമീപത്തു ചെല്ലുവാൻ ആഗ്രഹിച്ചു. എന്നാൽ അഹങ്കാരികളും, ജീവിതത്തിൽ രഹസ്യപാപം ഉണ്ടായിരുന്നവരും മാത്രമായിരുന്നു തന്നിൽ നിന്ന് അകന്നുനിന്നത്.

യേശുവിന്റെ സ്നേഹം കേവലം വൈകാരികമായ ഒന്നായിരുന്നില്ല. അതു മറ്റുള്ളവരുടെ ഏറ്റവും ഉയർന്ന നന്മയായിരുന്നു ആഗ്രഹിച്ചത്. ആവശ്യമുള്ള പക്ഷം ഗുണദോഷത്തിന്റെ വാക്കുകൾ ഉപയോഗിക്കുവാനും അവിടുന്നു മടിച്ചിരുന്നില്ല. കുരിശിൽനിന്നു തന്നെ പിൻതിരിപ്പിക്കുവാൻ ശ്രമിച്ച പത്രോസിനെ, "സാത്തനേ, എന്നെ വിട്ടു പോ" എന്ന കഠിനവാക്കുകൾ ഉപയോഗിച്ച് അവിടുന്നു ശാസിക്കുന്നതായും നാം കാണുന്നു (മത്താ. 16:23).

മാന്യസ്ഥാനങ്ങൾ അന്വേഷിച്ചതിനും, ശമര്യക്കാരോടു പ്രതികാരം ചെയ്യുവാൻ ആഗ്രഹിച്ചതിനും അവിടുന്നു യാക്കോബിനെയും യോഹന്നാനെയും ശാസിച്ചു (മത്താ. 20:23; ലൂക്കോ. 9:55). അവിടുന്നു തന്റെ ശിഷ്യന്മാരെ ഏഴുപ്രാവശ്യം അവരുടെ അവിശ്വാസം നിമിത്തം ശാസിച്ചു.

യേശുവിന്റെ ഹൃദയം മറ്റുള്ളവരോടുള്ള സ്നേഹത്തിൽ നിറഞ്ഞിരുന്നതിനാൽ, അവർക്കു വേദന തോന്നിയാൽത്തന്നെയും സത്യം സംസാരിക്കുന്നതിന് അവിടുന്ന് ഭയപ്പെട്ടിരുന്നില്ല. കാർക്കശ്യമുള്ള വാക്കുകൾ ഉപയോഗിക്കുന്നപക്ഷം ദയയുള്ളവൻ എന്ന തന്റെ സൽപേരു നഷ്ടപെട്ടുപോയേക്കുമോ എന്ന് അവിടുന്നു ഭയപ്പെട്ടില്ല. അവിടുന്നു മറ്റുള്ളവരെ സ്വന്തജീവനെക്കാളധികം സ്നേഹിച്ചിരുന്നതിനാൽ, അവരെ സഹായിക്കുന്നതിനായി തന്റെ സൽപേരു നഷ്ടപെടുത്തുവാനും തയ്യാറായിരുന്നു. അതുകാരണം, മനുഷ്യർ നിത്യമായി നശിച്ചുപോകാതിരിക്കുവാനായി അവിടുന്ന് ഉറപ്പായി സത്യം പ്രസ്താവിച്ചു. അവർക്കു തന്നെക്കുറിച്ചുള്ള അഭിപ്രായത്തെക്കാൾ അവരുടെ നിത്യനന്മായായിരുന്നു അവിടുന്നു വിലമതിച്ചിരുന്നത്.

പത്രോസ് യേശുവിന്റെ ശുശ്രൂഷയെ വിവരിച്ചത്, "നന്മ ചെയ്തുകൊണ്ടു സഞ്ചരിച്ചു" എന്നായിരുന്നു (അപ്പോ. 10:38). യഥാർത്ഥമായും ഇതായിരുന്നു അവിടുത്തെ ജീവിതത്തിന്റെ ഒരു സംക്ഷിപ്തവിവരണം. അവിടുന്ന് ഒരു നല്ല പ്രസംഗകനോ, 'ആത്മാക്കളെ നേടുന്നതിൽ' താൽപര്യമുണ്ടായിരുന്നവനോ മാത്രമായിരുന്നില്ല. അവിടുന്നു മനുഷ്യനെ മുഴുവനായും സ്നേഹിച്ചിരുന്നതിനാൽ താൻ പോയിടത്തെല്ലാം മനുഷ്യരുടെ ശരീരത്തിനും അതോടൊപ്പം ആത്മാവിനും നന്മ ചെയ്തുകൊണ്ടിരുന്നു.

അവിടുത്തെ ശത്രുക്കൾ തന്നെ അപഹസിച്ചുകൊണ്ടു 'ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ' എന്നു വിളിച്ചു (ലൂക്കോ. 7:34). വാസ്തവമായും അവിടുന്ന് അങ്ങനെതന്നെയായിരുന്നു. സമൂഹത്തിലെ ഏറ്റവുമധികം നിന്ദിതരായ മനുഷ്യരുടെ സ്നേഹിതനായിരുന്നു അവിടുന്ന്.

നന്മ ചെയ്തുകൊണ്ടും, സമൂഹം പുറന്തള്ളിക്കളഞ്ഞവരെ സ്നേഹിതരാക്കിക്കൊണ്ടും സഞ്ചരിക്കുക എന്നതു സ്വാഭാവികമായി മനുഷ്യർ ചെയ്യുന്നതല്ല. ആരെങ്കിലും ഇപ്രകാരം ചെയ്താൽത്തന്നെ മിക്കപ്പോഴും അവർക്കു സ്വാർത്ഥ താൽപര്യങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും. എന്നാൽ യേശുവിനു പുറന്തള്ളപ്പെട്ടവരോടും, സ്നേഹിതരില്ലാത്തവരോടും ഉണ്ടായിരുന്ന സ്നേഹം തികച്ചും നിസ്സാർത്ഥവും നിർമ്മലവും ആയിരുന്നു.

സാംസ്കാരികനവീകരണത്തിലൂടെയല്ല, മറിച്ചു സ്വാഭാവികമായതിനു മരിച്ചിട്ടു പരിശുദ്ധാത്മാവിൽനിന്നു ദൈവികമായതു പ്രാപിക്കുന്നതിലൂടെയാണു നാം കർത്താവിന്റെ മഹത്വം പ്രതിഫലിപ്പിക്കുന്നത്.

യേശുവിന്റെ സ്നേഹം, സന്തോഷത്തോടെ തന്റെ ശിഷ്യന്മാർക്കു സേവനം ചെയ്യുവാനും, അവരുടെ കാൽ കഴുകുന്നതുപോലെയുള്ള വൃത്തികെട്ട ജോലികൾ ചെയ്യുവാനുമെല്ലാം തന്നെ പ്രാപ്തനാക്കി. താഴ്മ പ്രകടിപ്പിച്ചുകൊണ്ട് അവരുടെ ബഹുമാനം നേടുവാനായി കണക്കുകൂട്ടിച്ചെയ്ത ഒരു പ്രവൃത്തിയല്ലായിരുന്നു അത്. എന്നാൽ അതു തനിക്ക് അവരോടുണ്ടായിരുന്ന സ്നേഹത്തിന്റെ സ്വാഭാവികമായ ഒരു കവിഞ്ഞൊഴുക്കു മാത്രമായിരുന്നു.

മാനുഷികമായ നന്മയ്ക്കും സ്നേഹത്തിനും സാധാരണയായി ബഹുമാനം അല്ലെങ്കിൽ സ്വാർത്ഥല ക്ഷ്യങ്ങൾ അന്വേഷിക്കുകയെന്ന ഗൂഢമായ ചില ഉദ്ദേശ്യങ്ങൾ ഉണ്ടായിരിക്കും. അവ ഉറവിടത്തിൽത്തന്നെ ദുഷിച്ചവയാണ്. ദോഷമില്ലാത്തതായി ദൈവികസ്നേഹം മാത്രമേയുള്ളു. യേശു നന്മ ചെയ്തത് എന്തെ ങ്കിലും സ്വാർത്ഥോദ്ദേശ്യം വച്ചുകൊണ്ടായിരുന്നില്ല. അവിടുത്തെ നന്മ "ദുഷ്ടന്മാർക്കും നല്ലവർക്കും ഒരു പോലെ സൂര്യന്റെ പ്രകാശം നൽകുന്നവനും, നീതിചെയ്യുന്നവർക്കും അനീതി ചെയ്യുന്നവർക്കും മഴ നൽകു ന്നവനും" ആയ തന്റെ പിതാവിന്റെ സ്വഭാവത്തിന്റെ ബഹിർപ്രകടനം മാത്രമായിരുന്നു (മത്താ. 5:45 ലിവിംഗ്).

നന്മ ചെയ്യുന്നതും, വീണ്ടും വീണ്ടും കൊടുത്തുകൊണ്ടേയിരിക്കുന്നതുമാണ് ദൈവത്തിന്റെ സ്വഭാവം. സൂര്യനു പ്രകാശിക്കുക എന്നതുപോലെ അവിടുത്തേക്കു തികച്ചും സ്വാഭാവികമായ ഒന്നത്രേ ഇത്. യേശു വിന്റെ ജീവിതത്തിൽ വെളിപ്പെട്ട മഹത്വവും ഇതായിരുന്നു. അവിടുന്ന് ഇടവിടാതെ നന്മ ചെയ്യുകയും മറ്റുള്ള വരെ സേവിക്കുകയും, സഹായിക്കുകയും, തനിക്കാവുന്നത്ര എല്ലാം നൽകുകയും ചെയ്തുകൊണ്ടിരുന്നു.

യേശു പണം ചെലവാക്കിയ രീതി തന്റെകൂടെ മൂന്നരവർഷം ഉണ്ടായിരുന്ന ശിഷ്യന്മാർ കണ്ടതു യോഹ. 13:29- ൽ സൂചിപ്പിച്ചിരിക്കുന്നു. രണ്ടു കാര്യങ്ങൾക്കു മാത്രമായിരുന്നു യേശു പണം ചെലവാക്കിയതെന്ന് അവർ കണ്ടു - ആവശ്യമുള്ളതു വാങ്ങുന്നതിനും, ദരിദ്രർക്കു ദാനം ചെയ്യുന്നതിനും.

"വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം" എന്നു യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (അപ്പോ. 20:15). മറ്റുള്ളവർക്കായി ജീവിക്കുകയും, ആവശ്യത്തിലിരിക്കുന്നവർക്കായി തന്നെത്തന്നെയും തനിക്കുള്ള തൊക്കെയും നൽകുകയും ചെയ്യുന്ന ഒരു ജീവിതമാണ് ഈ ലോകത്തിൽ ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും സന്തോഷകരവും അനുഗ്രഹകരവുമായ ജീവിതം എന്ന അവിടുന്നു സ്വന്ത ജീവിതത്തിലൂടെ വെളി പ്പെടുത്തി.

യേശു ആർക്കുവേണ്ടി പ്രസംഗിച്ചുവോ, അവർക്കുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുകയും ചെയ്തി രുന്നു. യെരുശലേംനിവാസികൾ ദൈവവചനം സ്വീകരിച്ചില്ല എന്നു കണ്ടപ്പോൾ അവിടുന്നു അവരെ ഓർത്തു വിലപിച്ചു. ദൈവാലയത്തിലെ കപടഭക്തർക്കുവേണ്ടി കണ്ണീരൊഴുക്കിയതിനുശേഷമായിരുന്നു താൻ അവരെ ചമ്മട്ടിയുപയോഗിച്ചു പുറത്താക്കുവാൻ ചെന്നത് (ലൂക്കോ. 19:41,45). കണ്ണീരൊഴുക്കുന്നവനു മാത്രമേ ചമ്മട്ടി യുപയോഗിക്കുവാൻ യോഗ്യതയുള്ളു.

യേശുവിനു നിറവേറ്റുവാനുണ്ടായിരുന്ന ജോലിയെക്കാൾ പ്രാധാന്യമുള്ള ഒന്നു ലോകത്തിൽ മറ്റാർക്കും ഒരിക്കലും ലഭിച്ചിട്ടില്ല. മറ്റാരും മൂന്നരവർഷത്തെ പരസ്യശുശ്രൂഷയ്ക്കുള്ളിൽ ഇത്രയധികം പ്രയോജനകര മായ അധ്വാനം ഉൾപ്പെടുത്തിയിട്ടില്ല. തീർച്ചയായും രാവും പകലും അവിടുന്നു തിരക്കിലായിരുന്നിരിക്കാം. എന്നാൽ അത്ഭുതം എന്നു പറയട്ടെ, തന്നെ കാണുവാൻ വന്നവരെ നിയന്ത്രിക്കുവാൻ അവിടുന്ന് ഒരു സെക്ര ട്ടറിയെ നിയമിച്ചിരുന്നില്ല. തന്റെ ശിഷ്യന്മാർ സെക്രട്ടറിമാരായി പ്രവർത്തിക്കുവാൻ തുടങ്ങിയപ്പോൾ അവി ടുന്നു അവരെ ശാസിക്കുകയാണു ചെയ്തത് (മർക്കോ. 10:13-15).

അനേകർ തന്റെ സമയത്തെ ആവശ്യപ്പെടുമാറു മറ്റാരെക്കാളും അധികം അത്ഭുതപ്രവൃത്തികൾ നിറഞ്ഞ ശുശ്രൂഷ ഉണ്ടായിരുന്നിട്ടും, എല്ലാവർക്കും എല്ലാ സമയത്തും തന്റെ അടുത്തു കടന്നുവരുവാനുള്ള സ്വാതന്ത്ര്യം അവിടുന്നു നൽകിയിരുന്നു.

ആവശ്യത്തിലിരുന്ന മനുഷ്യർക്കു ശുശ്രൂഷ ചെയ്യുന്നതിനായി, ഭക്ഷണംപോലും അവഗണിക്കുന്നതു കണ്ട്, അവിടുത്തെ ബന്ധുക്കൾ തനിക്കു ബുദ്ധിഭ്രമം സംഭവിച്ചുവോ എന്നു പോലും ചിന്തിച്ചു (മർക്കോ. 3:20,21).

യേശുവിന്റെ അടുത്തു ചെല്ലുവാൻ എളുപ്പമാണ് എന്ന് ജനങ്ങൾക്ക് അറിയാമായിരുന്നു. ഇക്കാരണ ത്താലായിരുന്നു പ്രസംഗത്തിന്റെ തിരക്കിലായിരുന്ന ഒരു ദിവസം രാത്രി ഏറെയായിട്ടും നിക്കോദെമോസ് അവിടുത്തെ സന്ദർശിക്കുവാൻ ഒരുമ്പെട്ടത്. തന്നെ സന്തോഷത്തോടെ സ്വീകരിക്കും എന്നു നിക്കോദെമോ സിന് ഉറപ്പുണ്ടായിരുന്നു. രാത്രിയായാലും പകലായാലും ഏതു സമയത്തും സഹായത്തിനായി തന്റെ അടുത്തു ചെല്ലുവാൻ സ്വാതന്ത്ര്യമുണ്ട് എന്നായിരുന്നു അവിടുന്നു ജനങ്ങൾക്കു നൽകിയ ധാരണ.

സൂര്യാസ്തമയം കഴിഞ്ഞായിരുന്നു ഒരു ദിവസം അനേകം രോഗികളെ അവിടുത്തെ മുമ്പാകെ കൊണ്ടു ചെന്നത്. എന്നാൽ അവരിൽ ഓരോരുത്തരുടെ മേലും അവിടുന്നു കൈവച്ചു (ലൂക്കോ. 4:40). അതിനു കുറെ മണിക്കൂറുകൾ എടുത്തുകാണും . എന്നാൽ സമയം ചുരുക്കുവാനായി അവിടുന്നു ഒരു കൂട്ടപ്രാർത്ഥന നട ത്തിയില്ല. അവരിൽ ഓരോരുത്തരിലും അവിടുത്തേക്കു താൽപര്യമുണ്ടായിരുന്നതുകൊണ്ട് അവർക്കു വ്യക്തി പരമായ ശ്രദ്ധ നൽകുവാൻ അവിടുന്ന് ആഗ്രഹിച്ചു. തന്മൂലം തന്റെ അത്താഴവും ചില മണിക്കൂർ നേരത്തെ ഉറക്കവും നഷ്ടപ്പെട്ടുപോകും എന്നതു തന്നെ വിഷമിപ്പിച്ചില്ല.

തന്റെ സമയം തന്റെ സ്വന്തമാണ് എന്ന് യേശു കരുതിയിരുന്നില്ല. അവിടുന്നു തന്നെത്തന്നെ ജനത്തി നായി പൂർണ്ണമായി വിട്ടുകൊടുത്തു. ആവശ്യത്തിലിരിക്കുന്നവർക്കു തന്റെ സമയം, സ്വത്ത് എന്നുവേണ്ട, തന്നെ മുഴുവനായും ഉപയോഗിക്കാമായിരുന്നു (യെശ.58:10). അസൗകര്യങ്ങൾ സഹിക്കുവാൻ യേശു ഒരുക്ക മായിരുന്നു. ആരെങ്കിലും അവിടുത്തേക്ക് അസൗകര്യം ഉണ്ടാക്കുകയോ, തന്റെ സ്വകാര്യജീവിതത്തിലേയ്ക്ക് ക്ഷണിക്കാതെ കടന്നുചെല്ലുകയോ ചെയ്താൽപ്പോലും അവിടുന്നു നീരസപ്പെടുകയില്ലായിരുന്നു.

യേശുവിൽക്കൂടെ വെളിപ്പെട്ട ശക്തിയുള്ളതും, അസാധാരണവുമായ പരിശുദ്ധാത്മവരങ്ങൾ ജനങ്ങളെ അനുഗ്രഹിച്ചതിന്റെ കാരണം, അവ ദൈവത്തിന്റെ സ്നേഹവും അനുകമ്പയും കൊണ്ട് - വൈദ്യുതകമ്പി ഇൻസുലഷേൻ കൊണ്ടെന്നപോലെ - പൊതിയപ്പെട്ടിരുന്നു എന്നതായിരുന്നു. സ്നേഹവും അനുകമ്പയും

ഇല്ലാത്ത അത്ഭുതപ്രവൃത്തികൾ കവചിതമല്ലാത്ത വൈദ്യുതകമ്പി എന്നവണ്ണം മരണത്തിനു കാരണമായി ത്തീർന്നേക്കാം.

യേശുവിന്റെ സ്നേഹവും താൽപര്യവും തന്റെ ജഡപ്രകാരമുള്ള ബന്ധുക്കളോടും പ്രകടമായിരുന്നു. പരീശന്മാർക്കുണ്ടായിരുന്നതുപോലെ 'കർത്താവിന്റെ വേല'യെക്കുറിച്ച് അവിടുത്തേക്കു സമനിലവിട്ട ഒരു ധാര ണയില്ലായിരുന്നു. അവരാണെങ്കിൽ പൂർണ്ണസമയശുശ്രൂഷ ചെയ്യുവാനായി ഇറങ്ങിയവരോടു (Full time work-ers) തങ്ങളുടെ മാതാപിതാക്കളുടെ ആവശ്യങ്ങൾ അവഗണിച്ചുകൊണ്ടു 'മാതാപിതാക്കളെക്കാളധികമായി ദൈവത്തെ സ്നേഹിക്കുവാൻ' ആവശ്യപ്പെട്ടിരുന്നു (മർക്കോ, 7:10-13). എന്നാൽ കുരിശിൽ കിടന്നു വേദന യേറ്റു മരിക്കുമ്പോഴും തന്റെ മാതാവിന്റെ ഭാവിക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ തക്ക കരുതൽ യേശു വിനുണ്ടായിരുന്നു (യോഹ. 19:25-27).

യേശു മറ്റുള്ളവർക്കായി മാത്രം ജീവിച്ചിരുന്നതിനാൽ, മരിക്കുന്ന സമയത്തുപോലും ഒരു കള്ളനെ രക്ഷ യിലേക്കു നയിക്കുവാൻ വേണ്ട സമയം കണ്ടെത്തി. കുരിശിൽ തൂങ്ങിക്കിടക്കുമ്പോഴും, സ്വന്തവേദനകൾ, മറ്റുള്ളവരുടെ നിന്ദ, പക എന്നിവയെക്കുറിച്ചൊന്നും ഗൗനിക്കാതെ, തന്നെ ക്രൂശിച്ചവരുടെ പാപം ദൈവം ക്ഷമിക്കണം എന്നതായിരുന്നു അവിടുത്തെ താൽപര്യം (ലൂക്കോ. 23:34).

യേശു തിന്മയെ ജയിച്ചത് എപ്പോഴും നന്മയാലായിരുന്നു. മറ്റുള്ളവരുടെ പക എന്ന പ്രളയത്തിന് തന്റെ സ്നേഹത്തിന്റെ ജ്വലിക്കുന്ന അഗ്നിയെ കെടുത്തിക്കളയുവാൻ സാധിച്ചില്ല (ഉത്ത. 8:7). ഈ സ്നേഹമാണ് അവിടുന്നു നമുക്കും പരിശുദ്ധാത്മാവിലൂടെ നൽകുന്നത്. തന്മൂലം നമുക്കും അവിടുന്നു നമ്മെ സ്നേഹിച്ച തുപോലെ അന്യോന്യം സ്നേഹിക്കുവാൻ സാധിക്കും (യോഹ. 13:34, 35: റോമർ 5:5). ഇപ്രകാരം നമുക്കും അവിടുത്തെ തേജസ്സു പ്രസരിപ്പിക്കുവാൻ സാധിക്കും.

# അധ്യായം അഞ്ച്
# ആത്മാവിൽ ജീവിക്കുന്നത്

കഴിഞ്ഞ മൂന്ന് അധ്യായങ്ങളിൽ നാം യേശു ഈ ഭൂമിയിലായിരുന്നപ്പോൾ താഴ്മയിലും, വിശുദ്ധിയിലും സ്നേഹത്തിലും എങ്ങനെ ജീവിച്ചു എന്നു കണ്ടു.

ഇപ്പോൾ നമുക്കു സംഭവിക്കാവുന്ന അപകടം, അനുകരണത്തിലൂടെ ഈ മേഖലകളിൽ യേശുവിനെ പ്പോലെ ആയിത്തീരാമെന്നു നാം കരുതിയേക്കാമെന്നതാണ്. ദൈവതേജസ്സു നമ്മിലൂടെ പ്രസരിക്കേണ്ടത് അനുകരണത്തിലൂടെയല്ല, മറിച്ചു ദൈവസ്വഭാവത്തിനു പങ്കാളിയായിത്തീരുന്നതിലൂടെയാണ്.

ലോകചരിത്രത്തിൽ നോക്കിയാൽ അക്രൈസ്തവരായ അനേകർ യേശുവിനോടുള്ള ബഹുമാനം മൂലം അവിടുത്തെ താഴ്മ, നിർമ്മലത, സ്നേഹം എന്നിവയെ അനുകരിക്കുന്നതിൽ ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. എന്ന് കാണുവാൻ കഴിയും. എന്നാൽ തീയുടെ ചിത്രത്തിനെന്നതുപോലെ, അതിനു ചൂടുനൽകുവാൻ കഴി യുകയില്ല.

വ്യാജവജ്രങ്ങൾ ഒറ്റനോട്ടത്തിൽ യഥാർത്ഥരത്നങ്ങളെപ്പോലെതന്നെ കാണപ്പെടുന്നതിനാൽ ഒരു വിദ ഗ്ദ്ധനുമാത്രമേ അവയെ തിരിച്ചറിയുവാൻ സാധിക്കുകയുള്ളു. എന്നാൽ താരതമ്യേന ഒട്ടും വിലയില്ലാത്ത കണ്ണാടിക്കഷണങ്ങൾ മാത്രമാണ് അവ. മനുഷ്യൻ അനുകരണത്തിൽ വളരെ വിദഗ്ദ്ധനാണ് - യേശുവിനെ അനുകരിക്കുന്ന മേഖലയിലും.

ഇപ്രകാരമെങ്കിൽ നമുക്കു വഞ്ചനയിൽ നിന്നു രക്ഷപെടുവാൻ എങ്ങനെ സാധിക്കും? നാം യേശു വിനെ അനുകരിക്കുകമാത്രമാണോ ചെയ്യുന്നത്, അതോ വാസ്തവമായും ദൈവസ്വഭാവത്തിനു പങ്കാളിയായി ത്തീരുന്നുണ്ടോ എന്ന് എപ്രകാരം അറിയുവാൻ സാധിക്കും?

ഇതിന് ഒരു വഴിയേ ഉള്ളൂ. നമ്മുടെ ജീവിതത്തിൽ ദേഹിയിൽനിന്നുള്ളതും (ദേഹീംപരം, soulish), ആത്മീകമായതും തമ്മിൽ വചനം ഉപയോഗിച്ചു വേർതിരിക്കുവാൻ പരിശുദ്ധാത്മാവിനെ അനുവാദിക്കുക യാണ് ഈ വഴി (എബ്രാ. 4:12). ദേഹിയിൽനിന്നുള്ളതും ആത്മാവിൽനിന്നുള്ളതും തമ്മിൽ വേർതിരിച്ചറിയു ന്നില്ലെങ്കിൽ നാം നിശ്ശേഷം വഞ്ചിക്കപ്പെട്ടുപോകുവാനും, വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത മനസ്സിലാ കാതെ തുടരുവാനും ഇടയുണ്ട്.

ഇക്കാലത്തു വിശ്വാസികൾ ഏറ്റവും പ്രധാനമായി അറിഞ്ഞിരിക്കേണ്ട കാര്യം അവരുടെ മനസ്സ്, വികാ രങ്ങൾ, യുക്തി എന്നിവയ്ക്കു പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തടയുവാൻ കഴിയും എന്നതാണ്. ദേഹി യിൽനിന്നുള്ളതും ആത്മാവിൽനിന്നുള്ളതുമായ പ്രവർത്തനങ്ങളെ വേർതിരിക്കുന്നില്ലെങ്കിൽ നമ്മുടെ സ്വന്ത ഹൃദയത്താൽ നാം വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ട് എന്നു മാത്രമല്ല, ദൈവത്തിന്റെ പ്രവർത്തനങ്ങളെ വ്യാജമായി അനുകരിക്കുവാൻ ശ്രമിക്കുന്ന ദുഷ്ടാത്മക്കളാൽ വഞ്ചിക്കപ്പെട്ടുപോകുവാനും സാധ്യതയുണ്ട്.

ഭൂരിഭാഗം വിശ്വാസികൾക്കും ദേഹിയും ആത്മാവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് അറിവില്ലാത്ത

തിന്റെ കാരണം, തുടർന്നുള്ള പുരോഗതിക്ക് ഈ അറിവ് ആവശ്യമാണ് എന്ന നിലയ്ക്കു തങ്ങളുടെ ആത്മീയജീവിതത്തിൽ അവർ വളർച്ചപ്രാപിച്ചിട്ടില്ല എന്നതാണ്.

ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു ഗണിതശാസ്ത്രത്തിലെ ഒരു ഉയർന്ന വിഷയത്തിന്റെ വിഭാഗങ്ങൾ തമ്മിൽ വേർതിരിക്കുവാൻ കഴിയുന്നില്ല എന്നു പറയുന്നതുപോലെയാണ് ഇത്. ഈ വിഭാഗങ്ങൾ പ്രത്യേകം വേർതിരിച്ചു മനസ്സിലാക്കിയാൽ മാത്രമേ തുടർന്നുള്ള പുരോഗതി സാധ്യമാകുകയുള്ളു എന്ന നിലയിലേയ്ക്ക് അവന്റെ പഠനം എത്തിയിട്ടില്ല എന്നതാണ് ഇതിന്റെ കാരണം.

ഒരു നല്ല സാക്ഷ്യം പ്രാപിച്ചതുകൊണ്ടോ, ദയ, സൗമ്യത, അനുകമ്പ എന്നിവയുള്ളവൻ എന്നു മനുഷ്യരുടെ മുമ്പാകെ അറിയപ്പെടുന്നതുകൊണ്ടോ നിങ്ങൾ തൃപ്തിയടയുന്നവനാണെങ്കിൽ, ഒരു ദേഹീപരക്രിസ്ത്യാനിയെന്നതിനപ്പുറമോ, യേശുവിന്റെ ഒരു വെറും അനുകരണമെന്നതിനപ്പുറമോ നിങ്ങൾ ഒരിക്കലും കടന്നുചെല്ലുകയില്ല.

ക്രിസ്ത്യാനികളെ മൂന്നു വിഭാഗങ്ങളായിട്ടാണു പൗലോസ് വേർതിരിക്കുന്നത്: ആത്മീയർ (1 കൊരി. 3;1), ദേഹീപരർ (1 കൊരി. 2:14), അക്ഷരാർത്ഥം). ജഡികർ (1 കൊരി. 3:1).

ഇത് 1 തെസ്സ. 5:23-ൽ മനുഷ്യനെ വിഭജിച്ചിരിക്കുന്ന മൂന്നു ഭാഗങ്ങളുമായി യോജിക്കുന്നു: ആത്മാവ്, ദേഹി (പ്രാണൻ), ശരീരം.

ജഡത്തിന്റെ മോഹങ്ങൾ നമ്മെ ഭരിക്കുമ്പോൾ നാം ജഡീകരാണ്. എന്നാൽ ആ മോഹങ്ങളെ ജയിച്ചതിനുശേഷവും ആത്മികരായില്ലെന്നു വരാം. തുടർന്നു നാം മനസ്സിന്റെയും വികാരങ്ങളുടെയും മോഹങ്ങളാൽ ഭരിക്കപ്പെടുകയാണെങ്കിൽ നാം ദേരീപരർ മാത്രമാണ്. ആത്മീയനോ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവനാണ്. അവന്റെ ദേഹിയും ശരീരവും പരിശുദ്ധാത്മാവിന്റെ അധികാരത്തിൻ കീഴിൽ നിൽക്കുന്നു.

ദേഹീരപമനുഷ്യൻ ദൈവത്തോടു ശത്രുത്വം പുലർത്തുന്നില്ല എങ്കിലും ആത്മീയകാര്യങ്ങൾ അവനു ഭോഷത്തം എന്നു തോന്നുന്നതിനാൽ അവ സ്വീകരിക്കുവാനും ഗ്രഹിക്കുവാനും അവനു കഴിയുന്നില്ല (റോമർ 8:7;1 കൊരി. 2:14). അവന്റെ മുമ്പിൽ ദേഹിയും ആത്മാവും തമ്മിലുള്ള വ്യത്യാസം പ്രദർശിപ്പിച്ചാൽ അത് അവനു ഭോഷത്തമായും അനാവശ്യമായി മുടിനാരിനെ വിഭജിക്കുവാൻ ശ്രമിക്കുന്ന പ്രവർത്തനമായും തോന്നും. അവനു മനുഷ്യന്റെ മുമ്പിൽ ഒരു നല്ല സാക്ഷ്യമുള്ളതിനാൽ തന്റെ ദഹീപരനിലയിൽ അവൻ തൃപ്തനായിരിക്കുകയും ചെയ്യുന്നു. മനുഷ്യരുടെ മുമ്പാകെ ബഹുമാനം ആഗ്രഹിക്കുന്ന ആർക്കും തന്നെ ദേഹീപരനിലയിൽക്കവിഞ്ഞു പുരോഗമിക്കുവാൻ സാധ്യമല്ല.

ഇക്കാലത്തു ദൈവത്തിൽനിന്നു പുറപ്പെടുന്നു എന്ന് അവകാശപ്പെടുന്ന അനവധി ശബ്ദങ്ങളും പ്രകടനങ്ങളും ഉൾപ്പെടുന്ന വൻതോതിലുള്ള വഞ്ചനകൾ ക്രിസ്തീയസഭയിൽ ഉള്ളതിനാൽ, ദുഷ്ടന്റെ തന്ത്രങ്ങളിൽനിന്നു നമ്മെത്തന്നെ സൂക്ഷിക്കേണ്ടതിനായി, ദേഹീപരവും ആത്മീയവുമായ പ്രവർത്തനങ്ങളെ വേർതിരിച്ചറിയേണ്ടതു മുമ്പെന്നത്തെക്കാളുമേറെ ആവശ്യമാണ്.

“ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു... ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി” (1 കൊരി. 15:45).

ഒന്നാമത്തെ ആദാമിന്റെ നേതൃത്വത്തിൽനിന്നു വിടുവിക്കപ്പെട്ടശേഷം ക്രിസ്തുവിന്റെ (ഒടുക്കത്തെ ആദാം) നേതൃത്വത്തിൻകീഴിൽ വന്ന നാം, ദേഹിയിൽനിന്നു ജീവിക്കുന്നതു മതിയാക്കി ആത്മാവിൽ ജീവിക്കുകയെന്നാൽ എന്താണെന്നു മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

നമ്മുടെ അധഃപതിച്ച ജീവിതത്തിന്റെ ജഡീകമായ അംശം പ്രവർത്തനരഹിതമായാൽമാത്രം പോരാ. ദേഹീപരമായ അംശം വൈരൂപ്യം കുറഞ്ഞതാണെങ്കിലും, അത് ആത്മമീയജീവിതത്തിന് അപകടകരമായതിനാൽ നമുക്ക് അതിനെയും നേരിടേണ്ടതുണ്ട്. പാപത്തിന്റെ ശക്തിയിൽനിന്നു മാത്രമല്ല, നമ്മുടെ ദേഹിയുടെ അതിർകവിഞ്ഞ പ്രവർത്തനത്തിൽനിന്നും ദിനംതോറും നാം അധികമായി രക്ഷപ്രാപിക്കേണ്ടിയിരിക്കുന്നു.

ചില സന്ദർഭങ്ങളിൽ യേശു സംസാരിച്ചതുപോലെ അവിടുന്ന് എന്തുകൊണ്ടു സംസാരിച്ചു എന്നു ദേഹീപരരായവർക്കു മനസ്സിലാക്കുവാൻ സാധ്യമല്ല. ഒരിക്കൽ അവിടുന്നു ജനക്കൂട്ടത്തിനിടയിലായിരുന്നപ്പോൾ തന്റെ ചില ബന്ധുക്കൾ വന്നു തന്നെ കാണാനാവശ്യപ്പെട്ടപ്പോൾ യേശു തന്റെ ശിഷ്യന്മാരെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരാണു തന്റെ ഏറ്റവുമടുത്ത ബന്ധുക്കൾ എന്നു പറയുകയുണ്ടായി (മത്താ. 12:49,50).

അവിടുത്തെ ബന്ധുക്കളും മറ്റുള്ളവരും അത് ഒരു കഠിനവും കരുതലില്ലാത്തതുമായ ഒരു പ്രസ്താവനയായി കരുതിയിരുന്നിരിക്കാം. എന്നാൽ യേശു തന്റെ ബന്ധുക്കളുമായി ദേഹീപരമായ അടുപ്പം ആഗ്രഹിച്ചിരുന്നില്ല.

“സാത്താനേ, എന്നെ വിട്ടു പോ” എന്ന കഠിന വാക്കുകളാൽ യേശു പത്രോസിനെ ശാസിച്ചപ്പോൾ അതിന്റെ ആവശ്യം അവിടുത്തെ ശിഷ്യന്മാർ തന്നെ മനസ്സിലാക്കിക്കാണുകയില്ല.

മറ്റുള്ളവർ തങ്ങളെക്കുറിച്ച് എന്തു വിചാരിക്കും എന്ന് എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ദേഹീപരരായവർ ഇതുപോലെ ഒരിക്കലും സംസാരിക്കുകയില്ല.

ജഡത്തിൽനിന്നുള്ള പാപങ്ങളെ നാം ജയിച്ചിരിക്കാം. ഇപ്പോൾ നമ്മുടെ മുമ്പിൽ ഉദിക്കുന്ന ചോദ്യം, നമ്മുടെ മാനുഷികമായ ദേഹീപരജീവനിൽ ഉൾക്കൊള്ളുന്ന കഴിവുകൾ ഉപയോഗിച്ചാണോ, അഥവാ ദൈവികജീവന്റെ ശക്തിയാലാണോ നാം യേശുവിനെപ്പോലെ ആയിത്തീരുവാൻ ഒരുമ്പെടുന്നത് എന്നതാണ്.

പരിശുദ്ധാത്മാവിനാലാണോ നമ്മുടെ സ്വന്തം കഴിവുകളാലാണോ നാം പൂർണ്ണരാകുവാൻ പോകുന്നത്? (ഗലാ. 3:3).

ദേഹീപരരായിരിക്കുക എന്നത് ആത്മീയവളർച്ചക്ക് ഒരു തടസ്സമാണ്. പത്രോസ് യേശുവിനെ കുരിശിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചതു തീവ്രമായ മാനുഷികസ്നേഹത്തോടെയായിരുന്നു. എന്നാൽ യേശു അതിനെ പിശാചിന്റെ ശബ്ദമായി തിരിച്ചറിഞ്ഞു. അവിടുന്നു പത്രോസിനോടു പറഞ്ഞു: നീ ശ്രദ്ധവച്ചിരിക്കുന്നതു ദൈവസ്വഭാവത്തിനു പങ്കാളിയായിത്തീരിന്നതു സംബന്ധിച്ച കാര്യത്തിലല്ല (ആത്മീകം), മറിച്ചു മനുഷ്യസ്വഭാവത്തിനു പങ്കാളിയായിത്തീരുന്ന ഒന്നിലത്രേ" (ദേഹീപരം) (മത്താ. 16:23 Amplified Bible). ആദാമിന്റെ ജീവനാൽ ഏതൊരുവന്റെ ചിന്താഗതികൾ നിയന്ത്രിക്കപ്പെടുന്നുവോ, അവനത്രേ ദേഹീപരക്രിസ്ത്യാനി. തീവ്രമായ മാനുഷികസ്നേഹവും, നീതിയ്ക്കായുള്ള അഭിവാഞ്ഛയും ഉണ്ടായെന്നു വരികിലും അതു ദൈവികമല്ല.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനെ ആത്മാവ്, പ്രാണൻ (ദേഹി), ശരീരം എന്നിവയായി സൃഷ്ടിച്ചു (1 തെസ്സ. 5:23). മനുഷ്യൻ ദൈവത്തിന്റെ ആലയം അഥവാ വാസസ്ഥലം ആയിരിക്കണം എന്നയാരുന്നു അവിടുത്തെ ഉദ്ദേശ്യം. പഴയനിയമത്തിൽ ദൈവം മോശെക്കു തിരുനിവാസത്തിന്റ മാതൃക കാണിച്ചുകൊടുത്തപ്പോൾ അവയ്ക്കു മൂന്നു വിഭാഗങ്ങൾ ഉണ്ടായിരുന്നു. അതിനു കാരണം, അവ ദൈവത്തിന്റെ വാസസ്ഥലമെന്ന നിലയിൽ മനുഷ്യനെ ചിത്രീകരിക്കുന്നു എന്നതത്രെ.

തിരുനിവാസത്തിനു മുന്നു ഭാഗങ്ങളുണ്ടായിരുന്നു. ഒരു ഭാഗം തുറന്നിരുന്ന പുറത്തെ പ്രാകാരമായിരുന്നു. ഇതു കാണപ്പെടുന്ന ഭാഗമായ മനുഷ്യന്റെ ശരീരത്തെ സൂചിപ്പിക്കുന്നു. മറ്റു രണ്ടു ഭാഗങ്ങളും - വിശുദ്ധസ്ഥലവും അതിവിശുദ്ധ സ്ഥലവും - മൂടപ്പെട്ടിരുന്നു. ഇവ മനുഷ്യന്റെ ആദൃശ്യമായ ഭാഗങ്ങലെ - പ്രാണനെയും ആത്മാവിനെയും സൂചിപ്പിക്കുന്നു.




ദൈവത്തിന്റെ സാന്നിധ്യം അതിവിശുദ്ധസ്ഥലത്തായിരുന്നു. അവിടെനിന്നായിരുന്നു അവിടുന്ന് മനുഷ്യനുമായി സമ്പർക്കം പുലർത്തിയത്. ഒരാൾ വീണ്ടും ജനിക്കുമ്പോൾ സംഭവിക്കുന്നത്, പരിശുദ്ധാത്മാവു മനുഷ്യന്റെ ആത്മാവിനെ ജീവിപ്പിക്കുകയും ഭാര്യയും ഭർത്താവും ഒരു ശരീരമായിത്തീരുന്നതുപോലെ കർത്താവുമായി ഏകാത്മാവാക്കിത്തീർക്കുകയും ചെയ്യുന്നു എന്നതാണ് (1 കൊരി. 6:17). ഇതിലൂടെയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം തന്റെ പരിശുദ്ധാത്മാവിനാൽ മനുഷ്യന്റെ വീണ്ടെടുക്കപ്പെട്ട ദേഹിയുടെയും ശരീരത്തിന്റെയും മേൽ ആധിപത്യം നടത്തപ്പെടണം എന്നാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടു തന്നെക്കുറിച്ചുള്ള കർത്താവിന്റെ ഈ പദ്ധതിക്കു തന്നെത്തന്നെ കീഴ്പ്പെടുത്തുന്നവനാണു യഥാർത്ഥ ആത്മികമനുഷ്യൻ.

മനുഷ്യന്റെ ദേഹിയിൽ അഥവാ പ്രാണനിൽ ഉൾപ്പെട്ടിരിക്കുന്നത് അവന്റെ മനസ്സ് (ചിന്തിക്കുവാനുള്ള കഴിവ്), വികാരങ്ങൾ (തോന്നലുകൾക്കും വൈകാരിക അനുഭവങ്ങൾക്കുമുള്ള കഴിവ്), ഇച്ഛാശക്തി (തീരുമാനമെടുക്കുവാനുള്ള കഴിവ്) എന്നിവയാണ്. ദൈവം ആത്മാവാകയാൽ, മനുഷ്യനു ദൈവത്തെ തന്റെ ശരീരം കൊണ്ടു സ്പർശിക്കുവാൻ സാധ്യമല്ലാത്തതുപോലെതന്നെ, ദേഹീമയമായ ഈ കഴിവുകളുപയോഗിച്ചു ദൈവവുമായി സമ്പർക്കം പുലർത്തുവാനും സാധ്യമല്ല (യോഹ. 4:24).

ഭൗതികലോകത്തെ സ്പർശിക്കുവാൻ ഭൗതികശരീരത്തിനു മാത്രമേ സാധിക്കുകയുള്ളു എന്നതുപോലെതന്നെ, ആത്മീയലോകവുമായി ബന്ധപ്പെടുവാൻ നമ്മുടെ ആത്മാവിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ദേഹിയും ആത്മാവും തമ്മിൽ നാം തിരിച്ചറിയുന്നില്ലെങ്കിൽ ദേഹീപരമേഖലയിലുള്ള സാത്താന്റെ വ്യാജപ്രവർത്തനങ്ങൾക്കു വിധേയമാകുമാറു നാം നമ്മെത്തന്നെ തുറന്നുകൊടുക്കുകയാണു ചെയ്യുന്നത്.

ദേഹിയിലൂടെ മാത്രം നമുക്കു ദൈവത്തെ അറിയുവാൻ സാധ്യമല്ല. അതായത് ഒരു ബുദ്ധിശാലിക്ക് ഒരു മന്ദബുദ്ധിയെ അപേക്ഷിച്ചു ദൈവത്തെ അറിയുന്ന വിഷയത്തിൽ ഒരു നേട്ടവും അവകാശപ്പെടാനില്ല. ആത്മാവിലൂടെ സ്വീകരിക്കേണ്ടതു സംബന്ധിച്ചു മനുഷ്യന്റെ ദേഹിയുടെ അളവിനു യാതൊരു പ്രസക്തിയുമില്ലല്ലോ. ആത്മാവും ദേഹിയും തികച്ചും വ്യത്യസ്തങ്ങളായ രണ്ട് അവയവങ്ങളത്രേ. ഒരു മനുഷ്യൻ തന്റെ ദേഹിയിലൂടെ ദൈവത്തെ അറിയുവാൻ ശ്രമിക്കുന്നതു ചെവികൊണ്ടു കാണാൻ ശ്രമിക്കുന്നതുപോലെതന്നെ ഭോഷത്തമാകുന്നു!

ഉദാഹരണമായി, ദൈവവചനം പഠിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാം. ദൈവവചനം വായിക്കുമ്പോൾ നാം നമ്മുടെ ശരീരവും (കണ്ണ്), പ്രാണനും (മനസ്സ്) ഉപയോഗിക്കുന്നുണ്ടെങ്കിലും, പരിശുദ്ധാത്മാവു വചനത്തിന്റെ അർത്ഥക്കുറിച്ചു വെളിപ്പാടു നൽകുന്നില്ലെങ്കിൽ നമ്മുടെ ആത്മാവിൽ അർദ്ധരാത്രിപോലെയുള്ള അന്ധകാരമായിരിക്കും. ബൈബിൾ പരിജ്ഞാനം തെളിയിക്കുന്നതു നിങ്ങൾക്കു നല്ല ബുദ്ധിശക്തി (ശക്തിയുള്ള ദേഹി) ഉണ്ടെന്നു മാത്രമാണ്. നിങ്ങളുടെ ആത്മാവ് അപ്പോഴും അന്ധമായിരിക്കാം. ബുദ്ധിശാലികളും ജ്ഞാനികളും ആയിരിക്കുന്നവരിൽനിന്നു ദൈവം തന്റെ സത്യം മറച്ചുവയ്ക്കുകയും താഴ്മയുള്ളവർക്ക് അതു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു (മത്താ. 11:25). യേശുവിന്റെ കാലത്തെ വേദശാസ്ത്രപണ്ഡിതന്മാരുടെ അന്ധകാരമാണ് ഇതിന്റെ ഏറ്റവും വ്യക്തമായ തെളിവ് (1 കൊരി. 2:7,8).

നമ്മുടെ വികാരങ്ങളും ദേഹിയുടെ ഒരു ഭാഗമാണ്. ദൈവത്തെ വികാരങ്ങളിലൂടെ അറിയുവാൻ സാധ്യമല്ല. വൈകാരികസമൃദ്ധി അഥവാ സന്തോഷം ആത്മീയതയുടെ അടയാളമല്ല. ബുദ്ധികൂർമ്മതയ്ക്കും പാപത്തിനും ഒന്നുചേർന്നു വസിക്കുവാൻ കഴിയുന്നതുപോലെതന്നെ, വൈകാരികമായ വേലിയേറ്റത്തോടു ചേർന്നു തന്നെ ഏറ്റവും നീചമായ പാപത്തിനും ഒരു വ്യക്തിയിൽ നിലനിൽക്കുവാൻ സാധിക്കും.

കർമ്മേൽപർവതത്തിന്റെ മുകളിൽ ബാലിന്റെ പ്രവാചകന്മാർ വികാരവിവശരായി അട്ടഹസിക്കുകയും, പുലമ്പുകയും, നൃത്തം ചെയ്യുകയും ചെയ്തുവെങ്കിലും (1 രാജാ. 18:26–29) അവർ ആത്മീയരായിരുന്നില്ല. ഇത്തരം വികാരനിർഭരമായ പ്രകടനങ്ങൾ പല ക്രിസ്തീയസമൂഹങ്ങളിലും കാണപ്പെടുന്നുണ്ട്. എന്നാൽ ഇവയ്ക്കും യഥാർത്ഥ ആത്മീയതയ്ക്കും തമ്മിൽ യാതൊരു ബന്ധവുമില്ല.

ഒരു പക്ഷേ, ശിഷ്യന്മാരുടെയിടയിൽ ഏറ്റവും ബുദ്ധിശാലിയായിരുന്നത് ഈസ്ക്കര്യോത്താ യൂദാ ആയിരുന്നിരിക്കാം. എന്നാൽ അവന്റെ ദേഹിയുടെ കഴിവുകൾ ദൈവത്തിന്റെ സത്യം മനസ്സിലാക്കുവാൻ അവനെ സഹായിക്കുകയുണ്ടായില്ല. അധികം വിദ്യാഭ്യാസമൊന്നുമില്ലാതിരുന്ന ശമോൻപത്രോസ് ദൈവിക വെളിപ്പാടിനാൽ ഗ്രഹിച്ച കാര്യങ്ങൾ യെരുശലേമിലെ പണ്ഡിതന്മാർക്കു മനസ്സിലായില്ലതാനും (മത്താ. 16;17).

ഇല്ല, ദേഹിയുടെ ശക്തിയുപയോഗിച്ചു നമുക്കു ദൈവത്തെ അറിയുവാൻ ഒരിക്കലും സാധ്യമല്ല. ദേഹീപരനായ ക്രിസ്ത്യാനി മാത്രമാണ് അപ്രകാരമുള്ള ശ്രമം നടത്തുന്നത്.

ഒരു ദേഹീപരക്രിസ്ത്യാനിക്കു താഴ്മയുണ്ട് എന്നു കാഴ്ചയിൽ നമുക്കു തോന്നിയേക്കാം. എന്നാൽ അവൻ എപ്പോഴും തന്റെ താഴ്മയെക്കുറിച്ചു ബോധമുള്ളവനാണ്. യാഥാർത്ഥമായ താഴ്മയുള്ളവന് അതിനെക്കുറിച്ച് ഓർമ്മയുണ്ടായിരിക്കുകയില്ല. താഴ്മയുള്ളവനായി കാണപ്പെടുന്നതിന് ഒരു ദേഹീപരക്രിസ്ത്യാനിക്കു പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നു. യാഥാർത്ഥ താഴ്മയാണെങ്കിൽ ഉള്ളിൽനിന്നു പുറപ്പെടുന്നതാകയാൽ സ്വാഭാവികവും ആയാസരഹിതവും ആയിരിക്കും.

ഒരു ദേഹീപരക്രിസ്ത്യാനിക്കു നീതിയെ സംബന്ധിച്ച് ആവേശമുള്ളതായി കണ്ടെന്നുവരാം. അവനു ചമ്മട്ടിയെടുത്തു ജനങ്ങളെ ദൈവാലയത്തിനു പുറത്താക്കുവാനും, താൻ ഒരു പ്രവാചകനാണ് എന്നു ചിന്തിച്ചുകൊണ്ടു പാപത്തിനെതിരായി ഇടിമുഴക്കംപോലെ സംസാരിക്കുവാനും കഴിയും. എന്നാൽ തന്റെ പ്രവർത്തനങ്ങൾക്ക് അവൻ ബഹുമാനം ആഗ്രഹിക്കുന്നുണ്ട്. മനുഷ്യരുടെ അഭിപ്രായത്തിന്മേൽ അവൻ ദൃഷ്ടി എപ്പോഴും പതിപ്പിച്ചിട്ടുണ്ട്. കുറെക്കൂടെ കൗശലപൂർണ്ണമായ ദേഹീമയത്വം നിറഞ്ഞ ഒരാൾ, "എന്നെക്കുറിച്ച് ആരെല്ലാം എന്തു ചിന്തിക്കുന്നു എന്ന് എനിക്കു യാതൊരു ചിന്തയുമില്ല" എന്നു പറഞ്ഞേക്കാം. എന്നാൽ മറ്റുള്ളവരുടെ അഭിപ്രായത്തെക്കുറിച്ച് തനിക്ക് യാതൊരു കൂസലുമില്ല എന്ന് അവർ അറിയണം എന്ന് അവൻ ആഗ്രഹിക്കുന്നുണ്ട് എന്നതിൽനിന്നുതന്നെ അവന്റെ ദേഹീമയത്വം വെളിപ്പെടുന്നു.

ഒരു ദേഹീപരക്രിസ്ത്യാനി വളരെ മനസ്സലിവുള്ളവനായും കാണപ്പെട്ടേക്കാം. എന്നാൽ അത് എപ്പോഴും മാനുഷികവും തന്മൂലം വിവേകശൂന്യവും ആയിരിക്കും. ഉദാഹരണമായി, ഒരു ദേഹീപരക്രിസ്ത്യാനി തന്റെ സ്നേഹം പ്രകടപ്പിക്കുവാനായി ആവശ്യത്തിലിരിക്കുന്ന ഒരാൾക്കു തുടർച്ചയായി സഹായം ചെയ്യുന്നു എന്നിരിക്കട്ടെ. എന്നാൽ വാസ്തവത്തിൽ ആ മനുഷ്യൻ ദൈവത്താൽ ശിക്ഷണം നൽകപ്പെടുന്ന ഒരു ധാരാളിയായിരിക്കാം. ആ സമയത്തു സഹായം ലഭിക്കുന്നതു ദൈവത്തിലേക്കു തിരിയുന്നതിനു ശരിക്കും അവനൊരു തടസ്സമായിരിക്കും. എന്നാൽ ദേഹീപരക്രിസ്ത്യാനിയാകട്ടെ, താൻ ദൈവത്തെ സേവിക്കുകയാണ് എന്നു വിചാരിച്ച് തൃപ്തിയടയുകയാണ്. തന്റെ 'സ്നേഹ'പ്രവൃത്തികളാൽ താൻ പിശാചിന്റെ ഉദ്ദേശ്യമാണു നിറവേറ്റുന്നതെന്ന് അവൻ മനസ്സിലാക്കുന്നുമില്ല.

മേൽപ്പറഞ്ഞവ സംഭവ്യമായ ഉദാഹരണങ്ങളിൽ ചിലതു മാത്രമാണ്. എന്നാൽ ദേഹീപരവും ആത്മീയവുമായവ തമ്മിൽ വേർതിരിക്കേണ്ടതിന്റെ പ്രത്യേക ആവശ്യം മനസ്സിലാക്കുവാൻ അവ മതിയാകും.

ദേഹീപരഫലങ്ങളും ആത്മീയഫലങ്ങളും കാഴ്ചയിൽ ഒരുപോലെ തോന്നിയേക്കാം. അതുകൊണ്ട് അനേകരും വഞ്ചിക്കപ്പെടുന്നു. നമുക്കും വഞ്ചനയിലകപ്പെടുവാൻ സാധ്യതയുണ്ട്.

ഭക്ഷണമേശയിൽ വച്ചിരിക്കുന്ന പ്ലാസ്റ്റിക് ഓറഞ്ചും വാഴപ്പഴവും പലരെയും കബളിപ്പിച്ചിട്ടുണ്ട്. കാണുവാൻ ഭംഗിയുണ്ടെങ്കിലും അവയിൽ പോഷകാംശമൊന്നുമില്ല. അതുപോലെതന്നെയാണു ക്രിസ്തുവിന്റെ സൽഗുണങ്ങൾ ദേഹീപരമായി അനുകരിക്കുന്നതും.

ഇപ്പറഞ്ഞതിൽനിന്നെല്ലാം നമ്മുടെ ദേഹിയെക്കൊണ്ടു യാതൊരു പ്രയോജനവുമില്ല എന്നർത്ഥമാകുന്നില്ല. ദൈവം തന്നെയാണു ദേഹിയെ സൃഷ്ടിച്ചതും അതിന് ഒരു പ്രവൃത്തി കല്പിച്ചതും. നമ്മുടെ മനസ്സും വികാരങ്ങളും ഉപയോഗിക്കേണ്ട ആവശ്യമുണ്ട്. എന്നാൽ യഥാർത്ഥ ആത്മീയത ആരംഭിക്കുന്നതു നാം ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴിൽ നമ്മെത്തന്നെ താഴ്ത്തിക്കൊണ്ടു നമ്മുടെ ഇച്ഛയെ (ഇതാണ് നമ്മുടെ

ആത്മാവിന്റെ വാതിൽ) ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കുമ്പോഴാണ്. ഈ വാതിലിന്റെ പുറമെയാണ് യേശു നിന്നുകൊണ്ട് അകത്തു പ്രവേശനം ആഗ്രഹിച്ചുകൊണ്ടു മുട്ടുന്നത് (വെളി. 3:20).

യേശു ഭൂമിയിലായിരുന്നപ്പോൾ ചെയ്തതുപോലെ, "എന്റെ ഹിതമല്ല, നിന്റെ ഹിതമത്രേ നടക്കേണ്ടത്" എന്നു പറയുവാൻ കഴിയുന്ന സ്ഥിതിയിൽ വരുമ്പോൾ മാത്രമേ, യേശു ജീവിച്ചതുപോലെ ജീവിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. അപ്പോൾ ദൈവത്തിനു നമ്മുടെ ആത്മാവിനെ ഭരിക്കുവാനും, നമ്മുടെ ദേഹിക്കു ദൈവത്തിന്റെ ആത്മാവിന്റെ സേവകൻ എന്ന സ്ഥാനം കണ്ടെത്തുവാനും കഴിയും. ആ സമയത്തു നമ്മുടെ ശരീരവും പരിശുദ്ധാത്മാവിന്റ കർത്തൃത്വത്തിൻ കീഴിൽ ആയിത്തീരും. അപ്രകാരമുള്ള ഒരുവനാണ് ആത്മീയമനുഷ്യൻ അഥവാ ആത്മാവിനാൽ നിറയപ്പെട്ട മനുഷ്യൻ.

മാനസ്സാന്തരം, പരിശുദ്ധാത്മസ്നാനം, ആത്മീയവരങ്ങൾ എന്നിവ ഒരു മനുഷ്യനെ ആത്മീയനാക്കിത്തീർക്കുന്നില്ല. കൊരിന്തിലെ ക്രിസ്ത്യാനികളുടെ ഉദാഹരണത്തിൽനിന്ന് ഇതു മനസ്സിലാക്കാം. അവർ ആത്മാവിന്റെ എല്ലാ വരങ്ങളും പ്രയോഗിച്ചിരുന്നുവെങ്കിലും, ജഡത്തിൽനിന്നുള്ള പാപങ്ങളുടെ ബന്ധനത്തിൽ തുടരുകയും, തങ്ങളുടെ ബുദ്ധിപരമായ അറിവിലും വൈകാരികാനുഭവങ്ങളുടെ സമൃദ്ധിയിലും പ്രശംസിക്കുകയും ചെയ്തിരുന്നു. അവർ ആത്മികരായിരുന്നില്ല.

സമാഗമനകൂടാരത്തിൽ ദൈവസാന്നിധ്യം ഉണ്ടായിരുന്നത് അതിവിശുദ്ധസ്ഥലത്തായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. അതിവിശുദ്ധസ്ഥലത്തിനും വിശുദ്ധസ്ഥലത്തിനും ഇടയിലായി കട്ടിയുള്ള തിരശ്ശീല ഉണ്ടായിരുന്നു. ഈ തിരശ്ശീലയായിരുന്നു ദൈവതേജസ്സു വിശുദ്ധസ്ഥലത്തേക്കു കടന്നുചെല്ലുന്നതിനെ തടഞ്ഞത്. ജഡമാണ് ഈ തിരശ്ശീല (എബ്രാ. 10:20). ജഡം ക്രൂശിക്കപ്പെടുമ്പോഴാണ് (തിരശ്ശീല മുറിച്ചുമാറ്റപ്പെടുമ്പോൾ) ആ തേജസ്സു നമ്മുടെ മുഴുവൻ വ്യക്തിത്വത്തിലേക്ക്, അഥവാ നമ്മുടെ ദേഹിയിലേക്ക് കടന്നുവരുന്നത്.

യേശു തുറന്നുതന്ന ജീവനുള്ളതും പുതിയതുമായ വഴിയിലൂടെ നാം വിശ്വസ്തരായി നടക്കുമെങ്കിൽ ദൈവത്തിന്റെ മഹത്വം നമ്മുടെ വ്യക്തിത്വത്തിലൂടെ പ്രകാശിക്കുകയും നമ്മിലൂടെ അധികമായി പ്രസരിക്കുകയും ചെയ്യും.

അപ്പോൾ, "ഒട്ടും ഒത്തുതീർപ്പില്ലാതെ നീതിമാനായി നിൽക്കുന്നവന്റെ പാത പ്രഭാതത്തിലെ വെളിച്ചെ കൂടുതലായി പ്രകാശിച്ചു ദിവസത്തിന്റ പൂർണ്ണതയിൽ (ക്രിസ്തു മടങ്ങിവരുമ്പോൾ) അതിന്റെ പൂർണ്ണശക്തിയും മഹത്വവും പ്രാപിക്കുന്നതുപോലെയാകുന്നു" എന്ന വചനം നമ്മിൽ നിറവേറപ്പെടും (സദൃ. 4:18 Amplified Bible).

യേശു മടങ്ങിവരുമ്പോൾ നാം അവനെപ്പോലെ ആയിത്തീരും. എന്നാൽ അതുവരെ പരിശുദ്ധാത്മാവ് ഈ വിധത്തിൽ നമ്മെ മഹത്വത്തിന്റെ ഒരു നിലയിൽ നിന്നു മറ്റൊരു നിലയിലേക്കു രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കും (2 കൊരി. 3:18; 1 യോഹ. 3:2).

യേശു തന്റെ സ്വന്ത ഇച്ഛയനുസരിച്ച് യാതൊന്നും ചെയ്തില്ല എന്നും നാം കണ്ടുകഴിഞ്ഞു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അവിടുന്ന് ഒരിക്കലും തന്റെ മനസ്സിന്റെയും വികാരങ്ങളുടെയും പ്രേരണയനുസരിച്ചു ജിവിച്ചില്ല. അവിടുന്നു ജീവിച്ചത് ആത്മാവിലായിരുന്നു. അവിടുത്തെ മാനുഷദേഹി പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻകീഴിലായിരുന്നു. യേശു തന്റെ മനസ്സും വികാരങ്ങളും ധാരാളമായി ഉപയോഗിച്ചിരുന്നു. എന്നാൽ അവ രണ്ടും അവിടുത്തെ ജീവിതത്തിന്റെ യജമാനനായ പരിശുദ്ധാത്മാവിന്റെ ദാസന്മാരായിരുന്നു. തന്മൂലം ദൈവമഹത്വം തന്നിലൂടെ അതിന്റെ പൂർണ്ണതയിൽ തടസ്സമില്ലാതെ വിളങ്ങുവാനിടയായി.

യേശു മടങ്ങിവരുന്ന നാളിൽ നമ്മുടെ ജീവിതവും പ്രയത്നങ്ങളുമെല്ലാം അഗ്നിയാൽ പരിശോധിക്കപ്പെടും എന്നു വേദപുസ്തകം പഠിപ്പിക്കുന്നു (1 കൊരി. 3:10-14). നമ്മുടെ പ്രവൃത്തികൾ ദേഹീപരമോ ആത്മീയമോ എന്ന് അഗ്നിപരിശോധനതന്നെ തീരുമാനിക്കും. അഗ്നിയിലൂടെ കടന്ന് അവശേഷിക്കുന്ന പൊന്ന്, വെള്ളി, രത്നങ്ങൾ എന്നിവയുപയോഗിച്ചു പണിയുവാൻ നാം പ്രബോധിക്കപ്പെട്ടിരിക്കുന്നു. മരം, പുല്ല്, വൈക്കോൽ എന്നിവയാൽ പണിയപ്പെടുന്നവയെല്ലാം ഒരുനാൾ ചാമ്പലായിത്തീരും.

പൊന്ന്, വെള്ളി, രത്നങ്ങൾ എന്നിവയുപയോഗിച്ചു പണിയുക എന്നതിന്റെ അർത്ഥമെന്താണ്?

അതിന്റെ ഉത്തരം റോമർ 11:36-ൽ ലഭിക്കുന്നുണ്ട്. "സകലവും അവനിൽ നിന്നും, അവനാലും, അവങ്കലേക്കും ആകുന്നു" എന്നും നാം വായിക്കുന്നു.

സകലസൃഷ്ടിയും ദൈവത്തിൽനിന്ന് ഉദ്ഭവിക്കുകയും, അവിടുത്തെ ശക്തിയാൽ വഹിക്കപ്പെടുകയും ചെയ്യുകയാൽ അവിടുത്തെ മഹത്വത്തിനായിത്തീരേണം എന്നാണ് അവയെക്കുറിച്ചുള്ള ഉദ്ദേശ്യം. എന്നാൽ സാത്താനും മനുഷ്യനും ഈ നിയമം ലംഘിച്ചിരിക്കുകയാണ്.

എന്നാൽ ദൈവത്തിൽ നിന്നുദ്ഭവിച്ച്, അവിടുത്തെ ശക്തിയാലും അവിടുത്തെ മഹത്വത്തിനായും ചെയ്യപ്പെടുന്ന പ്രവൃത്തികൾ മാത്രമാണ് നിത്യമായി നിലനിൽക്കുന്നത്. ശേഷിച്ചതെല്ലാം നശിച്ചുപോകും. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ അഗ്നിയിൽ അവയെല്ലാം ചാമ്പലായിത്തീരും.

അതുകൊണ്ടു, മനുഷ്യന്റെ ദേഹിയിൽ ഉദ്ഭവിക്കുന്നതും (മനുഷ്യനിൽനിന്ന്), മനുഷ്യശക്തിയിലൂടെ ചെയ്യുന്നതും മനുഷ്യന്റെ ബഹുമതിക്കായി ഉന്നം വച്ചിരിക്കുന്നതുമായതെല്ലാം - അവയുടെ പേർ ക്രിസ്തീയ പ്രവർത്തനം എന്നായിരുന്നാൽ തന്നെയും - മരവും, പുല്ലും, വൈക്കോലും ആകുന്നു!

നേരെമറിച്ചു, ദൈവത്തിൽനിന്ന് ഉദ്ഭവിക്കുന്നതും, അവിടുത്തെ മഹത്വത്തിനായി അവിടുത്തെ ശക്തിയാൽ ചെയ്യപ്പെടുന്നതുമായതെല്ലാം ന്യായവിധിയുടെ നാളിൽ പൊന്ന്, വെള്ളി, രത്നങ്ങൾ എന്നിവയായി

കാണപ്പെടും.

അവസാനപരിശോധനനാളിൽ പരീക്ഷിക്കപ്പെടുന്നത് ഒരു മനുഷ്യന്റെ പ്രവൃത്തിയുടെ അളവല്ല, മറിച്ചു മേന്മയാണ്. നമ്മുടെ പണിയിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന വസ്തുവിനാണു പണിയുടെ വലിപ്പത്തെക്കാൾ പ്രാധാന്യം. നമ്മുടെ പ്രയത്നങ്ങളുടെ ഉൽപത്തി, ശക്തി, ഉദ്ദേശ്യം എന്നിവയ്ക്കായിരിക്കും നാം എത്രമാത്രം ചെയ്തിരിക്കുന്നു അഥവാ ത്യാഗം സഹിച്ചിരിക്കുന്നു എന്നതിനെക്കാൾ പ്രാധാന്യം.

പ്രാണനനുസരിച്ചു ജീവിക്കാതെ ആത്മാവിൽ ജീവിക്കുന്നതിൽ യേശു നമുക്ക് ഒരു മാതൃകയാണ്. അവിടുന്ന് ഒരിക്കൽ പോലും തന്റെ സ്വയത്തിൽ നിന്ന് എന്തെങ്കിലും ചെയ്യുകയോ, തന്റെ സ്വന്ത മഹത്വത്തിനായി, തന്റെ മാനുഷിക കഴിവുകളാൽ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്തില്ല. ദൈവത്തിൽനിന്ന് ഉദ്ഭവിക്കുകയും, ദൈവത്തിന്റെ ശക്തിയാൽ ദൈവമഹത്വത്തിനായി ചെയ്യുകയും ചെയ്തവ മാത്രമായിരുന്നു അവിടുത്തെ പ്രവൃത്തികൾ.

"തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" എന്ന് അവിടുന്ന് തന്റെ ശിഷ്യന്മാരോട് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ദേഹീപരജീവനെ വെറുക്കുക (അഥവാ കളയുക) എന്നതിനെക്കുറിച്ച് യേശു പറഞ്ഞ വാക്കുകൾ നാലു സുവിശേഷങ്ങളിലായി ഏഴുപ്രാവശ്യം ആവർത്തിച്ചിട്ടുണ്ട് (മത്താ. 10:39;16:25; മർക്കോ. 8:35; ലൂക്കോ. 9:24;14:26;17:33; യോഹ. 12:25).

ദൈവവചനത്തിൽ ഏഴുപ്രാവശ്യം ആവർത്തിക്കുവാൻ പരിശുദ്ധാത്മാവിനു തോന്നിയെങ്കിൽ തീർച്ചയായും ഇതു യേശു പഠിപ്പിച്ചിട്ടുള്ളവയിൽവച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായിരിക്കണം. എന്നാൽ വളരെ ചുരുക്കംപേർക്കു മാത്രമേ യേശുവിന്റെ ഈ വാക്കുകളുടെ അർത്ഥം മനസ്സിലായിട്ടുള്ളു.

നമ്മുടെ ജീവിതത്തിൽ ദേഹിയും ആത്മാവും തമ്മിൽ വേർതിരിക്കേണ്ടത് എപ്രകാരമാണ്? എഴുതപ്പെട്ട വചനമായ വേദപുസ്തകത്തിൽനിന്നു പരിശുദ്ധാത്മാവു നമുക്കു ജീവിക്കുന്ന വചനമായ യേശുവിനെ വെളിപ്പെടുത്തിത്തരുമ്പോൾ അവിടുത്തെ നോക്കിക്കൊണ്ടു നാം ഈ പ്രവൃത്തി ചെയ്യുക എന്നതാണ് ഉത്തരം.

നാം നമ്മെത്തന്നെ വിധിക്കേണ്ടതു നമ്മുടെ ദേഹിയുടെ വെളിച്ചത്തിലല്ല, ദൈവത്തിന്റെ വെളിച്ചത്തിലാണ് (സങ്കീ. 36:9). ആ വെളിച്ചം യേശുവിലും (യോഹ. 8:12) ദൈവവചനത്തിലുമാണു (സങ്കീ. 119:105) നാം കണ്ടെത്തുന്നത്.

ജഡമായിത്തീർന്ന വചനമായ യേശു പറയുന്നു: "എന്റെ ജീവിതദൃഷ്ടാന്തത്തിൽനിന്നു പഠിക്കുക ... എന്നാൽ നിങ്ങൾ ദേഹീപരപ്രവൃത്തിയിൽനിന്നു സ്വസ്ഥത കണ്ടെത്തും" (മത്താ. 11:29 സ്വതന്ത്രവിവർത്തനം).

അതുകൊണ്ടു നമ്മുടെ മാതൃകയായ (മുന്നോടി) യേശുവിനോടും നമ്മുടെ വഴികാട്ടിയായ ദൈവവചനത്തോടുമാണു നാം ഇക്കാര്യത്തിൽ വെളിച്ചം അന്വേഷിക്കേണ്ടത്. യേശുവിന്റെ ഐഹികജീവിതത്തിലും ദൈവവചനത്തിലും പൂർണ്ണത കണ്ടെത്തുവാൻ കഴിയും. അതുകൊണ്ട് ഇവ രണ്ടും നമുക്കു ശ്രദ്ധയോടെ വീക്ഷിക്കാം.

# അധ്യായം ആറ്
# ദൈവഹിതത്തിൽ ജീവിക്കുന്നത്

"സകലവും അവനിൽനിന്നും" (റോമർ 11:36).

സ്വർഗ്ഗരാജ്യം ആത്മാവിൽ ദരിദ്രരായവരുടേതാകുന്നുവെന്നു യേശു പറഞ്ഞു (മത്താ.5:3). പിതാവിന്റെ ഹിതം ചെയ്യുന്നവർ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയുള്ളുവെന്നും അവിടുന്നു പറഞ്ഞു (മത്താ. 7:21). സ്വർഗ്ഗരാജ്യം നിത്യമായ ഒന്നാണ്. ദൈവഹിതത്തിൽ ചെയ്യപ്പെട്ടവ മാത്രമേ അവിടെ കാണപ്പെടുകയുള്ളൂ. ആത്മാവിൽ ദരിദ്രരായവർക്കു തങ്ങളുടെ മാനുഷികമായ പോരായ്മയെക്കുറിച്ചു ബോധ്യമുള്ളതുകൊണ്ട് അവർ ദൈവഹിതത്തിനു പരിപൂർണ്ണമായി കീഴടങ്ങുന്നവരാണ്.

ഈ അർത്ഥത്തിൽ യേശുവും നിരന്തരം ആത്മാവിൽ ദരിദ്രനായിരുന്നു. മനുഷ്യൻ എപ്രകാരം ജീവിക്കണമെന്നു ദൈവം കരുതിയിരുന്നുവോ അപ്രകാരം തന്നെയായിരുന്നു യേശു ജീവിച്ചത് – നിരന്തരം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, ദൈവത്തെക്കൂടാതെ സ്വന്ത മനസ്സിന്റെ ശക്തികൾ ഉപയോഗിക്കുവാൻ വിസമ്മതിച്ചുകൊണ്ട്. അവിടുന്നു സംസാരിച്ച ഈ വചനങ്ങൾ ചിന്തിച്ചുനോക്കുക:

"പുത്രനു സ്വയമേ (സ്വയത്തിൽ നിന്ന്) ഒന്നും ചെയ്‌വാൻ കഴിവില്ല... ഞാൻ സ്വയമായിട്ട് ഒന്നും ചെയ്യാതെ പിതാവ് എനിക്ക് ഉപദേശിച്ചുതരുന്നതുപോലെ സംസാരിക്കുന്നു... ഞാൻ സ്വയമായി വന്നതല്ല, അവൻ എന്നെ അയച്ചതാകുന്നു.... ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്ന അയച്ച പിതാവുതന്നെ ഞാൻ ഇന്നതു പറയണം എന്നും ഇന്നതു സംസാരിക്കണം എന്നും കല്പന തന്നിരിക്കുന്നു.... ഞാൻ നിങ്ങളോടു പറയുന്ന

വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്; പിതാവ് എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു (യോഹ. 5:19,30: 8:28,42; 12:49; 14:10).

നിറവേറ്റപ്പെടേണ്ട ഒരു ആവശ്യം കണ്ടതുകൊണ്ടുമാത്രം യേശു ഒരിക്കലും പ്രവർത്തിച്ചില്ല. ആവശ്യം കണ്ട് അതിനെപ്പറ്റി ബോധവാനായിരുന്നുവെങ്കിലും പിതാവ് ആവശ്യപ്പെട്ടതനുസരിച്ചുമാത്രമേ അവിടുന്നു പ്രവർത്തിച്ചിരുന്നുള്ളു.

ഒരു രക്ഷകന്റെ അഭാവത്തിൽ ലോകം ആശയറ്റു കിടന്നിരുന്നപ്പോൾ അവിടുന്നു ചുരുങ്ങിയതു നാലായിരം വർഷമെങ്കിലും സ്വർഗ്ഗത്തിൽ കാത്തിരിക്കുകയായിരുന്നു. എന്നാൽ പിതാവ് അയച്ച ഉടനേതന്നെ അവിടുന്നു ഭൂമിയിലേക്ക് ഇറങ്ങിവന്നു (യോഹ. 8:42). “ദൈവത്തിന്റെ തീരുമാനപ്രകാരം ശരിയായ സമയമായപ്പോൾ അവിടുന്നു തന്റെ പുത്രനെ അയച്ചു” (ഗലാ. 4:4 ലിവിംഗ്). എല്ലാറ്റിനും ഒരു സമയം നിശ്ചയിച്ചിട്ടുണ്ട് (സഭ. 3:1). ആ സമയം ദൈവത്തിനുമാത്രം അറിയാം. യേശു ചെയ്തതുപോലെ എല്ലാ കാര്യങ്ങളിലും പിതാവിന്റെ ഹിതം അന്വേഷിക്കുന്നപക്ഷം നാമും തെറ്റിപ്പോകുകയില്ല.

ഭൂമിയിൽ വന്നതിനുശേഷം യേശു തനിക്കു നല്ലതെന്നു തോന്നിയതെല്ലാം ചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ചില്ല. അവിടുത്തെ മനസ്സു പൂർണ്ണമായും നിർമ്മലമായിരുന്നുവെങ്കിലും തന്റെ മനസ്സിൽ ഉയർന്നുവന്ന സമർത്ഥമായ പദ്ധതികളനുസരിച്ചൊന്നും അവിടുന്നു പ്രവർത്തിച്ചില്ല. ഒരിക്കലുമില്ല. അവിടുന്നു മനസ്സിനെ ആത്മാവിന്റെ ദാസനാക്കിത്തീർത്തിരുന്നു.

പന്ത്രണ്ടു വയസ്സായപ്പേഴേക്കും തനിക്കു ദൈവവചനം നന്നായി അറിയാമായിരുന്നുവെങ്കിലും തുടർന്നുള്ള തന്റെ പതിനെട്ടു വർഷങ്ങൾ മാതാവിനോടൊപ്പം താമസിച്ചുകൊണ്ടു മേശ, കസേര എന്നിവയെല്ലാം പണിയുന്ന ഒരു മരപ്പണിക്കാരനായി അവിടുന്നു ജീവിച്ചു. ചുറ്റുമുള്ള നശിച്ചുകൊണ്ടിരുന്ന മനുഷ്യർക്ക് ആവശ്യമുണ്ടായിരുന്ന പ്രത്യേക സന്ദേശം തന്റെ പക്കൽ ഉണ്ടായിരുന്നുവെങ്കിലും അവിടുന്ന് ഒരു പ്രസംഗശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിച്ചില്ല. എന്തുകൊണ്ട്? പിതാവു നിശ്ചയിച്ച സമയമായില്ല എന്നതുതന്നെ കാരണം.

കാത്തിരിക്കുവാൻ യേശു തെല്ലും ഭയപ്പെട്ടിരുന്നില്ല.

“വിശ്വസിക്കുന്നവൻ ധൃതികാട്ടുകയില്ല” (യെശ. 28:16) മാർജ്ജിൻ).

പിതാവു നിശ്ചയിച്ച സമയം വന്നപ്പോൾ അവിടുന്ന് ആശാരിപ്പണി മതിയാക്കി പ്രസംഗശുശ്രൂഷ തുടങ്ങി. അതിനുശേഷം പലപ്പോഴും ചില പ്രവൃത്തികളെക്കുറിച്ച് “എന്റെ നാഴിക വന്നിട്ടില്ല” എന്ന് അവിടുന്നു പറയുമായിരുന്നു (യോഹ. 2:4; 7:6). യേശുവിന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളെയും നിയന്ത്രിച്ചിരുന്നതു പിതാവിന്റെ ഹിതമായിരുന്നു.

മനുഷ്യരുടെ ആവശ്യങ്ങൾ, അവയിൽത്തന്നെ, തന്റെ പ്രവർത്തനത്തിനുള്ള ഒരു വിളിയായിത്തീരുവാൻ യേശു അനുവദിച്ചില്ല. അതിനു കാരണം അതു തന്നിൽനിന്നുതന്നെയുള്ള, അതായതു തന്റെ പ്രാണനിൽനിന്നുള്ള, പ്രവൃത്തിയായിരുന്നേക്കാം എന്നതായിരുന്നു. മനുഷ്യരുടെ ആവശ്യം കണക്കിലെടുക്കേണ്ടതുണ്ട്; എങ്കിലും ദൈവഹിതം മാത്രമാണു ചെയ്യപ്പെടേണ്ടത്. യേശു ഇത് യോഹ. 4:34,35-ൽ വളരെ തെളിവായി വ്യക്തമാക്കിയിട്ടുണ്ട്.

മനുഷ്യരുടെ ആവശ്യം (വാ. 35): “നിങ്ങളുടെ ചുറ്റും നോക്കുക. മനുഷ്യാത്മാക്കളാകുന്ന വിശാലമായ നിലങ്ങൾ നമുക്കുചുറ്റും കൊയ്ത്തിനു തയ്യാറായി വരുന്നു”.

പ്രവൃത്തിയ്ക്കാധാരമായ തത്വം (വാ. 34): “എന്നെ അയച്ച ദൈവത്തിന്റെ ഹിതം ചെയ്യുന്നതിൽ നിന്നും അവിടുത്തെ പ്രവൃത്തി പൂർത്തിയാക്കുന്നതിൽനിന്നുമാണ് എനിക്കു പോഷണം ലഭിക്കുന്നത്” (ലിവിംഗ്).

തന്റെ സുഹൃത്തുക്കളുടെ അഭിപ്രായപ്രകാരമുള്ള പല നല്ല കാര്യങ്ങളും യേശു ചെയ്തില്ല. മനുഷ്യരുടെ അഭിപ്രായങ്ങൾ കേട്ടിട്ടു പുറമേ നല്ലതെന്നു തോന്നുന്നതെല്ലാം ചെയ്യുകയാണെങ്കിൽ പിതാവു തനിക്കായി ഒരുക്കിയിട്ടുള്ള ഏറ്റവും ഉത്തമമായ കാര്യങ്ങൾ കൈവിട്ടുപോകുമെന്ന് അവിടുത്തേക്കറിയാമായിരുന്നു.

ഒരിക്കൽ ആളുകൾ യേശുവിനെ വിടാതെ പിൻതുടരുകയും ഒരു പ്രത്യേക സ്ഥലത്തു തുടർന്നു താമസിക്കണമെന്നു യാചിക്കുകയും ചെയ്തപ്പോൾ അതു സാധ്യമല്ല എന്ന് അവിടുന്ന് അവരോട് പറഞ്ഞു. മറ്റൊരു സ്ഥലത്തേക്കു പോകുവാനായി വിളിക്കുന്ന പിതാവിന്റെ ശബ്ദം അവിടുന്നു കേട്ടതായിരുന്നു കാരണം. മാനുഷികരീതിയിൽ ചിന്തിച്ചാൽ, അവിടുന്നിരുന്ന സ്ഥലത്തു തന്റെ സന്ദേശത്തിൽ ജനങ്ങൾക്കു വളരെയധികം താൽപര്യം ഉണ്ടായിരുന്നതുകൊണ്ട് അവിടെത്തന്നെ തുടരുന്നതിനു നല്ല ന്യായീകരണമുണ്ടായിരുന്നു. എന്നാൽ ദൈവത്തിന്റെ ചിന്തകൾ മനുഷ്യരുടെ ചിന്തകൾ പോലെയോ, ദൈവത്തിന്റെ വഴികൾ മനുഷ്യരുടെ വഴികൾ പോലെയോ ആയിരുന്നില്ല (യെശ. 55:8). ആ പ്രഭാതത്തിൽ ഏകനായി വെളിയിൽ പോയി പ്രാർത്ഥിച്ചപ്പോൾ തന്റെ പിതാവിന്റെ ശബ്ദം അവിടുന്നു കേട്ടിരുന്നു (മർക്കോ. 1:35-39). പത്രോസിന്റെയും മറ്റുള്ളവരുടെയും അഭിപ്രായങ്ങൾ കേൾക്കുന്നതിനുമുമ്പേ അവിടുന്നു പിതാവിന്റെ ശബ്ദം കേട്ടിരുന്നു. യേശു മാനുഷികയുക്തിയിൽ ആശ്രയിച്ചിരുന്നില്ല. “സ്വന്തവിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക” എന്ന വാക്ക് അവിടുന്ന് അനുസരിച്ചു (സദൃ. 3:5,6). ഓരോ കാര്യത്തിലും ദൈവികനടത്തിപ്പിനായി അവിടുന്നു തന്റെ പിതാവിന്മേൽ ചാരിയിരുന്നു.

യെശ. 50:4-ൽ കർത്താവായ യേശുവിനെക്കുറിച്ചുള്ള ഒരു പ്രവചനം നാം ഇപ്രകാരം വായിക്കുന്നു: “അവിടുന്നു (പിതാവ്) രാവിലെ തോറും എന്നെ ഉണർത്തുന്നു.; അവിടുത്തെ ഹിതം ഗ്രഹിക്കുവാൻ എന്റെ മനസ്സു തുറന്നുതരുന്നു” (ലിവിംഗ്). ഇതായിരുന്നു യേശുവിന്റെ ശീലം. അതിരാവിലെ മുതൽ എല്ലായ്പ്പോഴും

അവിടുന്നു പിതാവിന്റെ ശബ്ദം ശ്രദ്ധിക്കുകയും, താൻ എന്തു ചെയ്യണമെന്നു പിതാവ് ആഗ്രഹിച്ചിരുന്നുവോ കൃത്യമായി അതു ചെയ്യുകയും ചെയ്തിരുന്നു. എന്തു ചെയ്യണമെന്നു തീരുമാനിക്കുവാൻ അവിടുന്നു മനുഷ്യരുമായി ചർച്ചചെയ്യാതെ പിതാവുമായി പ്രാർത്ഥനായോഗം കൂടുകയാണു ചെയ്തത്. ദേഹീപരക്രിസ്ത്യാനികൾ മനുഷ്യരുമായുള്ള ചർച്ചകളിലൂടെയാണു പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. ആത്മീകരായവരോ ദൈവശബ്ദം കേൾക്കുന്നതിനായി കാത്തിരിക്കുന്നു.

യേശു തന്റെ പിതാവിൻമൂലമായിരുന്നു ജീവിച്ചത് (യോഹ. 6:57). ദൈവവചനമായിരുന്നു യേശുവിനു ഭക്ഷണത്തെക്കാൾ പ്രധാനം (മത്താ. 4:4). ഓരോ ദിവസവും പലതവണ അതു തന്റെ പിതാവിൽനിന്നു തനിക്കു നേരിട്ടു ലഭിക്കേണ്ടിയിരുന്നു. ലഭിച്ചതിനുശേഷമോ അവിടുന്നു അത് അനുസരിച്ചു. പിതാവിന്റെ ഹിതം അനുസരിക്കുക എന്നതു യേശുവിനു ദിനംപ്രതിയുള്ള ആഹാരത്തെക്കാൾ പ്രധാനമായിരുന്നു (യോഹ. 4:34). പിതാവിൽ ആശ്രയിച്ചുകൊണ്ടായിരുന്നു യേശു ജീവിച്ചത്. ദിവസം മുഴുവനും അവിടുത്തെ മനോഭാവം ഇതായിരുന്നു: “പിതാവേ സംസാരിച്ചാലും; ഇതാ ഞാൻ ശ്രദ്ധയോടെ കേൾക്കുന്നു.”

അവിടുന്നു ദൈവാലയത്തിൽ പൊൻവാണിഭക്കാരെ പുറത്താക്കിയ സന്ദർഭത്തെക്കുറിച്ചു ചിന്തിച്ചുനോക്കുക. പൊൻവാണിഭക്കാർ മുമ്പു ദൈവാലയത്തിലുണ്ടായിരുന്ന പല അവസരങ്ങളിലും യേശു അവിടെ ചെന്നിരുന്നുവെങ്കിലും ഇതിനു മുമ്പൊരിക്കലും അവരെ പുറത്താക്കിയില്ല. പിതാവു പ്രത്യേകം നയിച്ചപ്പോൾ മാത്രമേ അവിടുന്നു അത് ചെയ്തുള്ളു. ദേഹീപരക്രിസ്ത്യാനിയാണെങ്കിൽ ഒന്നുകിൽ എല്ലായ്പ്പോഴും പൊൻവാണിഭക്കാരെ പുറത്താക്കിക്കൊണ്ടിരിക്കും; അല്ലെങ്കിൽ അവരെ ഒരിക്കലും പുറത്താക്കുകയില്ല. ദൈവത്താൽ നയിക്കപ്പെടുന്നവനാണെങ്കിൽ, എപ്പോൾ, എവിടെ, എപ്രകാരം പ്രവർത്തിക്കണമെന്ന് അവനറിയാം.

പിതാവിന്റെ ഇഷ്ടത്തിന്റെ പരിധിക്കു പുറത്തായിരുന്നതുകൊണ്ടു തനിക്കു ചെയ്യാമായിരുന്ന പല നല്ല കാര്യങ്ങളും യേശു ചെയ്തില്ല. ഏറ്റവും നല്ല കാര്യങ്ങൾ ചെയ്യുന്നതിലായിരുന്നു യേശു വ്യാപൃതനായിരുന്നത്. അവിടുത്തേക്ക് അതുമാത്രം മതിയായിരുന്നു. അവിടുന്നു ഭൂമിയിലേക്കു വന്നത് അനേകം നല്ല കാര്യങ്ങൾ ചെയ്തുതീർക്കുവാനായിരുന്നില്ല, പിന്നെയോ തന്റെ പിതാവിന്റെ ഇഷ്ടം ചെയ്വാനായിരുന്നു.

“എനിക്ക് എന്റെ പിതാവിന്റെ കാര്യങ്ങളിൽ മുഴുകിയിരിക്കേണ്ട ആവശ്യമുണ്ട് എന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ?” എന്നായിരുന്നു അവിടുന്നു പന്ത്രണ്ടു വയസ്സിൽ യോസേഫിനോടും മറിയയോടും ചോദിച്ചത് (ലൂക്കോ. 2:49). അവിടുത്തേക്കു നിവർത്തിക്കുവാൻ താൽപര്യമുണ്ടായിരുന്നത് അവ മാത്രമായിരുന്നു. “പിതാവേ, നീ എന്നോടു ചെയ്വാൻ ആവശ്യപ്പെട്ടതെല്ലാം ഞാൻ ചെയ്തുതീർത്തിട്ടുണ്ട്” എന്നു ഭൂമിയിലെ 33½ വർഷങ്ങളുടെ അവസാനത്തിൽ അവിടുത്തേക്കു സംതൃപ്തിയോടെ പറയുവാൻ കഴിഞ്ഞു (യോഹ.17:4).

അവിടുന്നു ലോകം ചുറ്റി സഞ്ചരിച്ചിട്ടില്ലായിരുന്നു; ഒരു പുസ്തകം പോലും എഴുതിയിട്ടില്ല; അവിടുത്തെ അനുഗാമികൾ ചുരുക്കംപേർ മാത്രമായിരുന്നു; ലോകത്തിന്റെ പല ഭാഗങ്ങളിലും അനേകം പേരുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടാനുണ്ടായിരുന്നു. എങ്കിലും പിതാവു തനിക്കായി നിർണ്ണയിച്ചിരുന്ന പ്രവൃത്തി അവിടുന്നു പൂർത്തിയാക്കി. അതിനുമാത്രമേ ആത്യന്തികമായി പ്രാധാന്യം ഉണ്ടായിരുന്നുള്ളു.

യേശു ദൈവമായ യഹോവയുടെ ദാസനായിരുന്നു. “ദാസനെ സംബന്ധിച്ച് ഏറ്റവും പ്രധാനമായ കാര്യം അവൻ യജമാനൻ പറയുന്നതു കൃത്യമായി ചെയ്യുന്നു എന്നതാണ്” (1 കൊരി. 4:2 ലിവിംഗ്). അതുകൊണ്ട് അവിടുന്നു ജീവിതകാലം മുഴുവനും പിതാവു പറയുന്നതു ശ്രദ്ധിക്കുകയും, തന്മൂലം പിതാവിന്റെ ഇഷ്ടമെല്ലാം തളർച്ച, അപജയബോധം നിറഞ്ഞ പ്രവർത്തനം എന്നിവ കൂടാതെ നിവർത്തിക്കുകയും ചെയ്തു. അവിടുന്നു നിരന്തരം തന്റെ സ്വന്ത മാനുഷിക താൽപര്യങ്ങളെല്ലാം മരണത്തിന് ഏൽപിച്ചുകൊടുത്തു. അവിടുന്നു ദേഹീപരനായിരുന്നില്ല, ആത്മികനായിരുന്നു.

യേശു ജീവിതത്തിൽ പ്രാർത്ഥനയ്ക്കു വളരെ പ്രാധാന്യം നൽകിയിരുന്നു. പലപ്പോഴും പ്രാർത്ഥനയ്ക്കായി അവിടുന്നു നിർജ്ജനസ്ഥലത്തേക്കു പിൻവാങ്ങിപ്പോകുമായിരുന്നു (ലൂക്കോ. 5:16). ഒരിക്കൽ പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചു പിതാവിന്റെ ഹിതം മനസ്സിലാക്കുവാനായി ഒരു രാത്രി മുഴുവനും അവിടുന്നു പ്രാർത്ഥനയിൽ ചെലവഴിക്കുകയുണ്ടായി (ലൂക്കോ.6:12,13). ദേഹീപരക്രിസ്ത്യാനിയാകട്ടെ, ദൈവമുമ്പാകെ കാത്തുനിൽക്കുന്ന സമയം പാഴായി കണക്കാക്കുന്നു. മനസ്സാക്ഷിയെ സമാധാനപ്പെടുത്തുവാൻ മാത്രമാണ് അവൻ പ്രാർത്ഥിക്കുന്നത്. അവനു തന്നിൽത്തന്നെ ഉറപ്പുള്ളതിനാൽ പ്രാർത്ഥന എന്നത് അത്യാവശ്യമായ സംഗതിയല്ല. എന്നാൽ ആത്മികമനുഷ്യനാകട്ടെ, നിരന്തരം ദൈവത്തിൽ ആശ്രയിക്കുന്ന കാരണം തികഞ്ഞ ആവശ്യബോധത്താൽ പ്രാർത്ഥനയിലേക്കു നയിക്കപ്പെടുന്നു.

നമുക്ക് ആവശ്യമുള്ള ഒരേ ഒരു കാര്യം അവിടുത്തെ കാൽക്കൽ ഇരുന്ന് അവിടുത്തെ വചനം കേൾക്കുക എന്നതാണെന്ന് ഒരിക്കൽ യേശു പറഞ്ഞു (ലൂക്കോ. 10‘39,42). ബേഥാന്യയിലെ മറിയ ഇക്കാര്യത്തിൽ ഒരു മാതൃകയായിരുന്നു. മാർത്തയാകട്ടെ, നിസ്സാർത്ഥശുശ്രൂഷയിൽ വ്യാപൃതയായിരിക്കുമ്പോൾ തന്നെ അസ്വസ്ഥത നിറഞ്ഞവളും, മറിയയെ കുറ്റപ്പെടുത്തുന്നവളും ആയിരുന്നു. ഈ രണ്ടു സഹോദരിമാരുടെ കാര്യത്തിൽ ദേഹീപരവും ആത്മികവും ആയ പ്രവൃത്തികളുടെ വ്യത്യാസം സ്പഷ്ടമായി കാണുവാൻ കഴിയും. കർത്താവിനും ശിഷ്യന്മാർക്കും വേണ്ടി മാർത്ത ശുശ്രൂഷിച്ചപ്പോൾ അവൾ പാപം ചെയ്യുകയായിരുന്നില്ല; ഒരിക്കലുമില്ല. എന്നാൽ അതിനിടയ്ക്കും അവൾ അസ്വസ്ഥത നിറഞ്ഞും മറിയയെ കുറ്റപ്പെടുത്തിക്കൊണ്ടും ഇരുന്നു. ദേഹീപരമായ ശുശ്രൂഷയുടെ വ്യക്തമായ ദൃഷ്ടാന്തമത്രേ ഇത്. ദേഹീപരക്രിസ്ത്യാനി അസ്വസ്ഥനും ക്ഷുഭിതനും ആയിരിക്കും. അവൻ തന്റെ സ്വന്തപ്രവൃത്തികളിൽനിന്നു വിരമിച്ചിട്ടില്ല. അതുകൊണ്ട് അവനു ദൈവത്തിന്റെ സ്വസ്ഥതയിലേക്കു പ്രവേശിക്കുവാൻ കഴിയുന്നില്ല (എബ്രാ. 4:10). അവന്റെ ഉദ്ദേശ്യങ്ങൾ നല്ലതുതന്നെ. എന്നാൽ മാനസാന്തരപ്പെട്ടതിനുശേഷമാണെങ്കിൽത്തന്നെയും തന്റെ സ്വന്ത പ്രവൃത്തി

കൾ എത്ര നല്ലതായിരുന്നാലും ദൈവത്തിന്റെ ദൃഷ്ടിയിൽ അവ കറപുരണ്ട തുണിപോലെ മാത്രമാണ് എന്ന് അവൻ ഇനിയും മനസ്സിലാക്കിയിട്ടില്ല.

അമാലേക്യരുടെ (ജഡം) വകയായ നല്ല ആടുകൾ പോലും മോശമായവയെപ്പോലെതന്നെ ദൈവത്തിനു സ്വീകര്യമല്ല (1 ശമു. 15:3, 9–19). എന്നാൽ മനുഷ്യയുക്തിക്ക് ഇതു മനസ്സിലാകുകയില്ല. നല്ല ആടുകളെ ദൈവത്തിന് നൽകാമെന്നുള്ളപ്പോൾ അവയെ നഷ്ടപ്പെടുത്തുന്നതു ഭോഷത്തരം എന്നു തോന്നിയേക്കാം. എന്നാൽ ദൈവം ആവശ്യപെടുന്നത് അനുസരണമാണ്, ബലിയല്ല. "അനുസരിക്കുന്നതു യാഗത്തെക്കാൾ നല്ലത്" (1 ശമു. 15:22). എന്നാൽ ദൈവത്തിനു നമ്മോടു പറയുവാനുള്ളതു നാം കേൾക്കുന്നില്ലെങ്കിൽ അനുസരിക്കുവാൻ എങ്ങനെ സാധിക്കും? കേൾക്കുന്നതാണ് അനുസരണത്തിനു മുമ്പേ വേണ്ടത്. അതുകൊണ്ടാണ് അവിടുത്തെ ശബ്ദം കേൾക്കുകയെന്നതാണു നാം ചെയ്യേണ്ട ഒരേ ഒരു കാര്യം എന്ന് യേശു പറഞ്ഞത്. മറ്റെല്ലാം അതിനെ ആശ്രയിച്ചിരിക്കുന്നു.

മാർത്തയെപ്പോലെ ശുശ്രൂഷ ചെയ്യുന്നവർ എത്രതന്നെ ആത്മാർത്ഥതയുള്ളവരാണെങ്കിലും തങ്ങളെത്തന്നെയാണ് അവർ സേവിക്കുന്നത്. അവരെ കർത്താവിന്റെ ദാസന്മാർ എന്നു വിളിക്കുവാൻ സാധ്യമല്ല. ദാസനാണെങ്കിൽ യജമാനൻ പറയുന്നതു കേൾക്കുവാൻ കാത്തിരുന്നതിനുശേഷമാണു സേവനം ചെയ്യുന്നത്.

നമ്മിൽനിന്നു സ്വയംപര്യാപ്തതാബോധം വാസ്തവത്തിൽ ഒഴിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ശലമോനെപ്പോലെ ഇപ്രകാരം നമുക്കും പ്രാർത്ഥിക്കുവാൻ കഴിയും: 'കർത്താവായ എന്റെ ദൈവമേ, നിന്റെ ദാസനു നന്മയും തിന്മയും തിരിച്ചറിയുവാനായി ശ്രദ്ധയോടെ കേൾക്കുന്ന ഒരു ഹൃദയം നൽകണമേ" (1 രാജാ. 3:7,9 മാർജ്ജിൻ). (ഏറ്റവും ഉത്തമമായ അർത്ഥത്തിൽ) നല്ലതും നല്ലതല്ലാത്തതും തമ്മിൽ – തിരിച്ചറിയുവാനായി തന്റെ പിതാവിന്റെ ശബ്ദം കേൾക്കേണ്ടതുണ്ട് എന്നു യേശുവിനറിയാമായിരുന്നു.

സുന്ദരം എന്ന ദൈവാലയഗോപുരത്തിനു വെളിയിൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന മുടന്തനായ മനുഷ്യനെ യേശു പല പ്രാവശ്യം കണ്ടിരുന്നു. എങ്കിലും പിതാവിൽനിന്നു നടത്തിപ്പൊന്നും ലഭിക്കാഞ്ഞതിനാൽ അയാളെ സൗഖ്യമാക്കിയില്ല. എന്നാൽ അവിടുത്തെ സ്വർഗ്ഗാരോഹണത്തിനുശേഷം പിതാവിന്റെ കൃത്യമായ സമയപദ്ധതിപ്രകാരം പത്രോസും യോഹന്നാനും ആ മനുഷ്യനു സൗഖ്യം പകർന്നുകൊടുത്തു. അനേകർ കർത്താവിലേക്കു തിരിയുന്നതിന് ഇതു കാരണമായി ഭവിക്കുകയും ചെയ്തു (അപ്പോ. 3:1;4:4). ഈ മനുഷ്യനെ സൗഖ്യമാക്കുന്നതിനുള്ള പിതാവിന്റെ സമയം ഇതായിരുന്നു, ഇതിനു മുമ്പായിരുന്നില്ല. യേശു ആ മനുഷ്യനെ സൗഖ്യമാക്കിയിരുന്നുവെങ്കിൽ അതു പിതാവിന്റെ ഹിതത്തിനു തടസ്സമാകുമായിരുന്നു. പിതാവിന്റെ സമയമാണ് ഏറ്റവും ഉത്തമം എന്നു ബോധ്യമായിരുന്നതുകൊണ്ട് എന്തെങ്കിലും ചെയ്യുവാൻ അവിടുന്ന് ഒരിക്കലും അക്ഷമനായിരുന്നില്ല.

പരിപൂർണ്ണസ്വസ്ഥത നിറഞ്ഞ ഒന്നായിരുന്നു യേശുവിന്റെ ജീവിതം. അവിടുത്തേക്കു പിതാവിന്റെ ഹിതം പൂർണ്ണമായി നിവർത്തിക്കുവാൻ ദിവസത്തിലുള്ള 24 മണിക്കൂർ മതിയാകുമായിരുന്നു. എന്നാൽ തനിക്കു നല്ലതെന്നു തോന്നുന്നതെല്ലാം ചെയ്യുവാൻ അവിടുന്നു തീരുമാനിച്ചിരുന്നുവെങ്കിൽ ദിവസത്തിൽ 24 മണിക്കൂർ പോരാതെവരുമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ തന്റെ മിക്ക ദിവസങ്ങളും അസ്വസ്ഥത നിറഞ്ഞവ ആകുമായിരുന്നു. പരമാധികാരിയായ സ്വർഗ്ഗസ്ഥപിതാവാണു തന്റെ ദൈനംദിനപരിപാടി തയ്യാറാക്കുന്നത് എന്ന വസ്തുത അംഗീകരിച്ചിരുന്നതിനാൽ ഓരോ ദിവസവും നേരിടേണ്ടിവന്ന തടസ്സങ്ങളിലെല്ലാം സന്തോഷിക്കുവാൻ യേശുവിനു സാധിച്ചു. അതിനാൽ തടസ്സങ്ങൾ വന്നപ്പോൾ അവിടുന്നു ക്ഷുഭിതനായില്ല. യേശുവിന്റെ ജീവൻ നമ്മുടെ ആന്തരീക മനുഷ്യനെയും പൂർണ്ണസ്വസ്ഥതയിലേക്കു നടത്തും. നാം ഒന്നും പ്രവർത്തിക്കുകയില്ല എന്നല്ല ഇതിന്റെയർത്ഥം. എന്നാൽ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള പിതാവിന്റെ ഇഷ്ടം മാത്രമായിരിക്കും നാം ചെയ്യുന്നത്. നാം മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ നിവർത്തിക്കുവാനല്ല, പിതാവിന്റെ ഇഷ്ടം ചെയ്‌വാനായിരിക്കും നമ്മുടെ താൽപര്യം.

ദേഹീപരക്രിസ്ത്യാനികൾ തങ്ങളുടെ സ്വന്തകാര്യങ്ങൾ ചെയ്യുന്നതിൽ വ്യാപൃതരായിരിക്കുന്നതിനാൽ അവർക്കു ക്ഷോഭവും അസ്വസ്ഥതയും അനുഭവപ്പെടുന്നു. അവരിൽ ചിലർ ഒടുവിൽ മാനസികമയോ ശാരീരികമായോ ഉള്ള തകർച്ചയിൽ എത്തിച്ചേരുകയും ചെയ്യുന്നു.

തന്റെ അകമേയുള്ള മനുഷ്യനിൽ പൂർണ്ണസ്വസ്ഥത ഉണ്ടായിരുന്നതിനാൽ യേശുവിന് ഇവ്വിധമുള്ള തകർച്ചയുണ്ടാകുകയെന്നത് അസാധ്യമായിരുന്നു. അവിടുന്നു നമ്മോടു പറയുന്നു: "എന്റെ നുകം എടുത്തുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ പ്രാണന് ആശ്വാസം കണ്ടെത്തും" (മത്താ. 11:29 English). ഇതാണു വചനത്തിലൂടെ ദൈവത്തിന്റെ ആത്മാവു നമ്മെ കാണിച്ചുതരുവാനാഗ്രഹിക്കുന്ന യേശുവിന്റെ മഹത്വം. ഈ മഹത്വമാണ് അവിടുന്ന് നമുക്കു പകർന്നുതരുവാനും നമ്മിലൂടെ പ്രസരിപ്പിക്കുവാനും ആഗ്രഹിക്കുന്നത്.

കർത്താവു നമ്മുടെ ഇടയനാണ്. അവിടുന്നു തന്റെ ആടുകളെ സ്വസ്ഥതയുള്ള പുൽപ്പുറങ്ങളിലേക്കു നയിക്കുന്നു. ഇനി ഏതു പുൽപ്പുറത്തേക്കു പോകണമെന്നു തീരുമാനിക്കുന്നത് ആടുകളല്ല. അവ ചെയ്യുന്നത് ഇടയനെ പിൻതുടരുക മാത്രമാണ്. എന്നാൽ ആ വിധത്തിൽ ഇടയനെ പിൻതുടരുവാൻ കഴിയണമെങ്കിൽ ഒരുവന് തന്റെ സ്വയത്തിലുള്ള വിശ്വാസവും സ്വയംപര്യാപ്തതാബോധവും ഇല്ലാതെയായിത്തീരണം. യേശുവാണെങ്കിൽ സൗമ്യതയോടെ പിതാവിനെ പിൻതുടരുകയായിരുന്നു ചെയ്തത്. ദേഹീപരക്രിസ്ത്യാനികൾ ആടുകളായിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അതുമൂലം സ്വന്തബുദ്ധി തന്നെ അവരെ വഴിതെറ്റിക്കുന്നു. ബുദ്ധിശക്തിയെന്നത് ദൈവം തന്നിരിക്കുന്ന അദ്ഭുതകരവും അത്യന്തം പ്രയോജനകരവുമായ ഒരു ദാനമാ

ണ്. എന്നാൽ നമ്മുടെ ജീവിതത്തിൽ അതിന് ആധിപത്യം നൽകിയാൽ അത് ഏറ്റവും അപകടകാരിയായ ഒന്നായിത്തീരുവാൻ സാധ്യതയുണ്ട്.

"പിതാവേ, സ്വർഗ്ഗത്തിലെന്നപോലെ ഭൂമിയിലും നിന്റെ ഹിതം നിവർത്തിക്കപ്പെടട്ടെ" എന്നിങ്ങനെ പ്രാർത്ഥിക്കുവാൻ കർത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. എങ്ങനെയാണു ദൈവത്തിന്റെ ഹിതം സ്വർഗ്ഗത്തിൽ നിവർത്തിക്കപ്പെടുന്നത്? 'ദൈവത്തിനായി എന്തെങ്കിലും ചെയ്വാൻ' വേണ്ടി ദൈവദൂതന്മാർ അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുകയല്ല. അവർ അങ്ങനെ ചെയ്തിരുന്നെങ്കിൽ സ്വർഗ്ഗത്തിൽ കുഴപ്പമുണ്ടാകുമായിരുന്നു. എന്നാൽ അവർ എന്താണു ചെയ്യുന്നത്? അവർ ദൈവസന്നിധിയിൽ അവിടുത്തെ കല്പനകൾ കേൾക്കുവാനായി കാത്തുനിൽക്കുകയും അവിടുന്ന് ഓരോരുത്തർക്കും നൽകുന്ന നിർദ്ദേശമനുസരിച്ചു കൃത്യമായി പ്രവർത്തിക്കുകയുമാണ്. ദൈവദൂതനായ ഗബ്രിയേൽ സെഖര്യാവിനോടു പറഞ്ഞതു ശ്രദ്ധിക്കുക: "ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു. നിന്നോടു സംസാരിപ്പാൻ.... എന്നെ അയച്ചിരിക്കുന്നു" (ലൂക്കോ. 1:19). ഇതേ നിലപാടായിരുന്നു കർത്താവായ യേശുവും സ്വീകരിച്ചത് - തന്റെ പിതാവിന്റെ സന്നിധിയിൽ നിൽക്കുകയും അവിടുത്തെ ശബ്ദം കേൾക്കുകയും അവിടുത്തെ ഹിതം നിവർത്തിക്കുകയും ചെയ്യുക.

ദേഹീപരക്രിസ്ത്യാനികൾ വളരെ അധ്വാനിക്കുകയും ത്യാഗം സഹിക്കുകയും ചെയ്തേക്കാം. എന്നാൽ "അവർ രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും ലഭിച്ചില്ല" എന്നു നിത്യതയുടെ വ്യക്തമായ വെളിച്ചത്തിൽ കാണുവാൻ കഴിയും. എന്നാൽ ദിനംപ്രതി തങ്ങളുടെ ക്രൂശെടുത്തു (തങ്ങളുടെ ദേഹീപരജീവനെ ത്യജിക്കുകയും മരണത്തിനേൽപ്പിക്കുകയും ചെയ്തു) കർത്താവിനെ അനുസരിച്ചവരുടെ വല ആ നാളിൽ മീൻകൊണ്ടു നിറഞ്ഞിരിക്കും (യോഹ. 21:11–1–6).

"ഞാൻ ഒരുവനുവേണ്ടി ഒരുക്കിയിരിക്കുന്ന വേലയിൽനിന്നു ശ്രദ്ധ മാറിപ്പോകുവാൻ അനുവദിക്കുന്നവൻ ദൈവരാജ്യത്തിനു യോഗ്യനല്ല" എന്ന് യേശു പറഞ്ഞു (ലൂക്കോ. 9:62) ലിവിംഗ്). "കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവത്തിപ്പാൻ നോക്കണം" (കൊലോ. 4:17).

"സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈയൊക്കെയും വേരോടെ പറിഞ്ഞുപോകും" (മത്താ. 15:13). ചെടി നല്ലതാണോ അല്ലയോ എന്നതല്ല പ്രശ്നം. ആരാണു നട്ടത് എന്നാണു പ്രശ്നം. എന്തെങ്കിലും ഉദ്ഭവിപ്പിക്കുവാൻ അധികാരം ഉള്ളവൻ ദൈവമാത്രമാണ്. "ആദിയിൽ ദൈവം" എന്ന വാക്കുകളോടെയാണു വേദപുസ്തകം ആരംഭിക്കുന്നത്. നമ്മുടെ സകലപ്രവൃത്തികളും അപ്രകാരം തന്നെയായിരിക്കണം. നിത്യമായി നിലനിൽക്കണമെങ്കിൽ അവ നമ്മുടെ മനസ്സിൽനിന്നല്ല, ദൈവത്തിൽനിന്നുതന്നെ ഉദ്ഭവിച്ചവയായിരിക്കണം.

"ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" (1 യോഹ. 2:17). ബാക്കിയെല്ലാവരും നശിച്ചുപോകും.

അതുകൊണ്ട് നമുക്ക് നമ്മോടുതന്നെ ഈ ചോദ്യം ചോദിക്കാം:

'ദൈവഹിതമനുസരിച്ചാണോ ഞാൻ ജീവിക്കുന്നതും അധ്വാനിക്കുന്നതും?'

## അധ്യായം ഏഴ്

# ദൈവശക്തിയാൽ ജീവിക്കുന്നത്

"സകലവും അവനാലും... ആകുന്നു" (റോമർ 11:36).

സങ്കല്പാതീതമായ അപാരകഴിവുകളുള്ള ഒരു ദേഹിയോടുകൂടെയായിരുന്നു ദൈവം ആദാമിനെ സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ച ഓരോ മൃഗത്തിനും പക്ഷിക്കും പേരു നൽകുവാൻ അവനു കഴിഞ്ഞു (ഉൽപ. 2:19). ആയിരക്കണക്കിനുള്ള ആ പേരുകളിൽ ചിലതെങ്കിലും ഓർത്തിരിക്കുവാൻ നമുക്കു പ്രയാസമാണ്. ആദാമിനാകട്ടെ, ഓരോന്നിനും പ്രത്യേകപേരു നൽകുവാൻ കഴിഞ്ഞു. ആദാമിന്റെ ദേഹിയുടെ കഴിവുകളുടെ ഒരു ഉദാഹരണം മാത്രമാണിത്. ദൈവം നൽകിയ ഈ കഴിവുകളെല്ലാം ദൈവത്തെ ആശ്രയിച്ചുകൊണ്ടു മനുഷ്യൻ ഉപയോഗിക്കണം എന്നായിരുന്നു ഉദ്ദേശിക്കപ്പെട്ടിരുന്നത്. എന്നാൽ ദൈവത്തെക്കൂടാതെ അവയെ വളർത്തിയെടുക്കുവാൻ ആദാം തീരുമാനിച്ചു. ഏദനിൽ എടുത്ത വിനാശകരമായ ആ തീരുമാനത്തിനുശേഷം അവൻ തന്റെ ദേഹിയിൽനിന്നു ജീവിക്കുവാൻ തുടങ്ങി.

ദേഹിയുടെയും ആത്മാവിന്റെയും പ്രവർത്തനങ്ങൾ വേർതിരിച്ചറിയുകയും, സാത്താന്റെ വ്യാജപ്രവർത്തനങ്ങളിൽനിന്നു രക്ഷപെടുകയും ചെയ്യണമെങ്കിൽ, ദേഹിയുടെ ശക്തിയെക്കുറിച്ചു നാം ചിലതെല്ലാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഇക്കാലത്തു ദേഹിയുടെ ശക്തി ധാരാളമായി ഉപയോഗിക്കപ്പെടുന്ന ഒരു മേഖലയെക്കുറിച്ചു ചിന്തിക്കുക - രോഗശാന്തിശുശ്രൂഷകൾ.

മനുഷ്യമനസ്സിന്റെ അത്യപാരമായ കഴിവുകളെക്കുറിച്ചു പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ശാസ്ത്രം മനസ്സിലാക്കി തുടങ്ങി. മെസ്മരശാസ്ത്രം വളരെ പുരോഗതി പ്രാപിച്ചു. മാനസികശക്തികൊണ്ട് എന്തെല്ലാം

ചെയ്യാൻ കഴിയുമെന്നതു വിസ്മയജനകം തന്നെ. മെസ്മരശാസ്ത്രത്തിന്റെ തത്വങ്ങൾ പലതും ഇപ്പോൾ 'പരിശുദ്ധാത്മവരങ്ങൾ' എന്നപേരിൽ ക്രൈസ്തവരുടെ ഇടയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

സഭയുടെ വളർച്ചയ്ക്കും, ദൈവമഹത്വത്തിനും ഉതകുന്ന യഥാർത്ഥ ആത്മീയവരങ്ങളെ നിന്ദിക്കുകയല്ല. എന്നാൽ മനുഷ്യവ്യക്തികളെ ഉയർത്തുന്നതിനും, അവരുടെ ആധിപത്യവും സാമ്പത്തികസാമ്രാജ്യങ്ങളും സ്ഥാപിക്കുന്നതിനും മാത്രം ഉതകുന്നതും യഥാർത്ഥവരങ്ങളെപ്പോലെ കാണപ്പെടുന്നതുമായ വ്യാജാനുകരണങ്ങളെ തുറന്നുകാണിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

'വിശ്വാസത്താൽ രോഗശാന്തി നൽകുന്ന' (ക്രിസ്തീയരും ക്രിസ്ത്യേതരരുമായ) പലരുടെയും പക്കൽനിന്നു ലഭിക്കുന്ന 'ദൈവികരോഗശാന്തി' മാനുഷികമനസ്സിന്റെ കഴിവുകളിൽനിന്നു പുറപ്പെടുന്നവമാത്രമാണ്. രോഗലക്ഷണങ്ങൾ തുടരുമ്പോഴും രോഗം സൗഖ്യമായി എന്ന് ഇക്കൂട്ടർ തന്നെത്താൻ ഉറപ്പിക്കുന്നു. അനേകം രോഗങ്ങളും മാനസികപ്രശ്നങ്ങളുടെ ഫലമാകായൽ (അതായതു വൈകാരികപ്രശ്നങ്ങളിൽനിന്ന് ഉദ്ഭവിക്കുന്ന ശാരീരകരോഗങ്ങൾ), ക്രിയാത്മകമായ ചിന്താഗതിയും (Positive thinking), രോഗത്തെക്കുറിച്ചു വ്യത്യസ്തമനോഭാവവും ശരീരത്തിന്റെയും മനസ്സിന്റെയും പ്രവർത്തനതത്വങ്ങളുടെ ഫലം മാത്രമാണ്. അതു പ്രകൃത്യാതീതമൊന്നുമല്ല.

യേശു ഇന്നും അദ്ഭുതകരമായി മനുഷ്യരെ സൗഖ്യമാക്കുന്നുണ്ട്. എന്നാൽ അതു മനശ്ശാസ്ത്രപ്രയോഗംകൊണ്ടല്ല. രോഗശാന്തിയുടെ യഥാർത്ഥവരം വെളിപ്പെടുമ്പോൾ വിശ്വസിക്കുവാനായുള്ള മാനസികശ്രമത്തിന്റെ ആവശ്യമില്ല. വിശ്വാസം ഒരു ക്രിയാത്മകചിന്താഗതിയുടെ ഫലമല്ല, മറിച്ചു ദൈവത്തിന്റെ ദാനമാണ് എന്നതാണ് കാരണം.

മെസ്മരശാസ്ത്രതത്വങ്ങൾ ഉപയോഗിച്ചുകൊണ്ട് (മനഃപൂർവ്വമല്ലെങ്കിലും) ദൈവം ഉദ്ദേശിച്ചിട്ടില്ലാത്ത രീതികളിൽ മറ്റുള്ളവരുടെമേൽ അധികാരം സ്ഥാപിക്കുവാൻ കഴിയും. പരുശുദ്ധാത്മാവ് ഒരു മനുഷ്യനു നൽകുന്ന അധികാരമാണിതെന്നുള്ള തെറ്റിദ്ധാരണയും ക്രൈസ്തവരുടെയിടയിൽ ഉണ്ടാകാറുണ്ട്.

ദൈവത്തെക്കൂടാതെ സ്വന്തദേഹിയുടെ കഴിവുകളെ വികസിപ്പിക്കുന്നതിൽ വലിയ അപകടങ്ങളുണ്ട്. ഈ കഴിവുകളെ ദൈവത്തിന്റെ ഉപയോഗത്തിനായി സമർപ്പിക്കുവാൻ വേണ്ടിയാണ് അവിടുന്നു നമുക്കു നൽകിയിരിക്കുന്നത്.

യേശു ജീവിച്ചത് അപ്രകാരമായിരുന്നു. അവിടുന്നു തന്റെ പ്രാണനെ മരണത്തിനേൽപിക്കുകയും, തന്റെ മാനുഷികദേഹിയുടെ ശക്തിയുപയോഗിച്ചു ജീവിക്കാതിരിക്കുകയും ചെയ്തു. അവിടുന്നു ദൈവത്തിലുള്ള പൂർണ്ണാശ്രയത്തിൽ ജീവിക്കുകയും, തന്റെ ജീവിതത്തിനും ശുശ്രൂഷയ്ക്കുംവേണ്ടി പരിശുദ്ധാത്മാവിന്റെ ശക്തി അന്വേഷിക്കുകയും ചെയ്തു.

അവിടുന്ന് ഇടയ്ക്കിടെ നിർജ്ജനസ്ഥലത്തേക്കു വാങ്ങിപ്പോയി പ്രാർത്ഥിക്കുമായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു (ലൂക്കോ. 5:16). ക്രൂശുമരണത്തിനു മുമ്പുള്ള അവസാനനാളുകളിൽ അവിടുന്നു പകൽസമയം ദൈവാലയത്തിൽ പഠിപ്പിക്കുകയും, രാത്രിസമയം ഒലിവുമലയിലേക്കു പോകുകയും ചെയ്യുമായിരുന്നു (ലൂക്കോ. 21:37,38). അതു കൂടുതൽ സമയം തടസ്സം കൂടാതെ പ്രാർത്ഥിക്കുന്നതിനുവേണ്ടി ആയിരുന്നു എന്നതിൽ സംശയമില്ല.

'വിശ്വാസത്താൽ ജീവിക്കുക' എന്നാൽ ഇതുപോലെ നിരന്തരമായി പിതാവിൽ ആശ്രയിച്ചു ജീവിക്കുക എന്നാണ് അർത്ഥം.

ദൈവശക്തിയാൽ ചെയ്യപ്പെടുന്നവമാത്രമാണു നിത്യമായത്. മറ്റുള്ളതെല്ലാം നശിച്ചുപോകും. ആറ്ററികിൽനിന്നു പോഷണം വലിച്ചെടുക്കുന്ന ഒരു വൃക്ഷത്തോടാണു ദൈവത്തിൽ ആശ്രയിച്ചുജീവിക്കുന്ന ഒരു മനുഷ്യനെ വേദപുസ്തകം താരതമ്യപ്പെടുത്തുന്നത് (യിരെ. 17:5-8). അതുപോലെ, ദൈവനദിയായ പരിശുദ്ധാത്മാവിൽനിന്ന് ഒരു മനുഷ്യനെന്ന നിലയിൽ തനിക്കാവശ്യമായ ആത്മീയശക്തിയെല്ലാം പ്രാപിച്ചുകൊണ്ടാണ് യേശു ജീവിച്ചത്.

പരീക്ഷയിൽ യേശു ജയം നേടിയതു മാനുഷികമായ നിശ്ചയദാർഢ്യത്താലായിരുന്നില്ല, നിമിഷംതോറും പിതാവിൽനിന്നു ബലം പ്രാപിച്ചതുമൂലമായിരുന്നു. യേശു പഠിപ്പിക്കുകയും മാതൃകയായി കാണിച്ചുതരികയും ചെയ്ത സ്വയനിഷേധത്തിന്റെ മാർഗ്ഗം ദേഹി തന്നെത്താൻ ശരിപ്പെടുത്തുവാൻ ശ്രമിക്കുന്ന മാർഗ്ഗമായിരുന്നില്ല. അല്ല, അതു ബുദ്ധമതത്തിന്റെയും യോഗികളുടെയും മാർഗ്ഗമാണ്. വേദപുസ്തകത്തിൽ പഠിപ്പിച്ചിരിക്കുന്ന മാർഗ്ഗവും അതും തമ്മിൽ സ്വർഗ്ഗവും നരകവും പോലെ വ്യത്യാസമുണ്ട്.

നാം ജീവിക്കേണ്ടതുപോലെ ജീവിക്കുവാനും, ദൈവത്തെ സേവിക്കേണ്ടതുപോലെ സേവിക്കുവാനും മനുഷ്യരെന്നനിലയിൽ നമുക്കു കഴിവില്ല എന്നു യേശു പഠിപ്പിച്ചു. വൃക്ഷത്തിന്റെ വേരുകളിൽനിന്നു ലഭിക്കുന്ന പോഷകദ്രാവകം കൊണ്ടുമാത്രം ജീവിക്കുവാൻ കഴിയുന്ന നിസ്സഹായരായ ശാഖകളെപ്പോലെയാണു നാം എന്നാണ് അവിടുന്നു പറഞ്ഞത്. "എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല" (യോഹ. 15:5). അതുകൊണ്ടു പരിശുദ്ധാത്മാവിന്റെ സഹായംകൂടാതെ നാം ചെയ്യുന്ന കാര്യങ്ങളെല്ലാംതന്നെ കേവലം പൂജ്യമായേ കണക്കാക്കുവാൻ കഴിയൂ.

പരിശുദ്ധാത്മാവിനാൽ നിരന്തരം നിറഞ്ഞിരിക്കേണ്ടതിന്റെ അത്യാവശ്യം ഇതിൽനിന്നും കാണാം (എഫേ. 5:18).

യേശു തന്നെയും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും, അഭിഷേകം പ്രാപിക്കുകയും ചെയ്തി

രുന്നു (ലൂക്കോ. 4:1,18). അവിടുന്നു ജീവിച്ചതും, പിതാവിനായി അധ്വാനിച്ചതും പരിശുദ്ധാത്മാവിന്റെ ശക്തിയിലായിരുന്നു. ഒരു മനുഷ്യനെന്ന നിലയിൽ തന്റെ ആത്മാവിൽ ദരിദ്രനായിരുന്നതുകൊണ്ടു മാത്രമാണ് അവിടുത്തേക്ക് ഇതു സാധ്യമായത്.

താൻ സ്വീകരിച്ച മനുഷ്യദേഹത്തിന്റെ ബലഹീനതകളെക്കുറിച്ചു യേശു ബോധവാനയിരുന്നു. അതുകൊണ്ടു മിക്കപ്പോഴും തനിയെ പോയിരുന്നു പ്രാർത്ഥിക്കുവാനായി അവിടുന്നു അവസരം കാത്തിരിക്കുമായിരുന്നു. വിനോദ യാത്രക്കാർ ഒരു പുതിയ സ്ഥലത്തു ചെല്ലുമ്പോൾ നല്ല ഹോട്ടലുകൾ, പ്രധാനപ്പെട്ട കാഴ്ചസ്ഥലങ്ങൾ എന്നിവയ്ക്കായി അന്വേഷിക്കുന്നതുപോലെ, പ്രാർത്ഥനയ്ക്ക് ഉതകുന്ന ഏകാന്തസ്ഥലങ്ങൾ യേശു കണ്ടുവയ്ക്കുമായിരുന്നു എന്ന് ആരോ ഒരാൾ പറഞ്ഞിട്ടുണ്ട്.

പരീക്ഷയെ ജയിക്കുവാനും പ്രാണനെ മരണത്തിനേൽപിക്കുവാനുമുള്ള ശക്തിയ്ക്കായി അവിടുന്ന് അന്വേഷിച്ചു. ജഡത്തിന്റെ തികഞ്ഞ ബലഹീനതെയക്കുറിച്ചു യേശുവിനുണ്ടായിരുന്നതുപോലെ ബോധ്യം മറ്റാർക്കും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവിടുന്നു മറ്റെല്ലാവരെക്കാളുമധികമായി പിതാവിനോടു സഹായത്തിനായി പ്രാർത്ഥിച്ചു. അവിടുന്നു തന്റെ ഐഹികകാലത്ത് “ഉറച്ച നിലവിളിയോടും കണ്ണീരോടും” കൂടെ പ്രാർത്ഥച്ചു. അതിന്റെ ഫലമോ, മറ്റെല്ലാവരിലും അധികമായി പിതാവ് അവിടുത്തെ ബലപ്പെടുത്തി. അതുകൊണ്ട് യേശു ഒരിക്കൽപ്പോലും പാപം ചെയ്യുകയോ, തന്റെ ദേഹിയിൽനിന്നു ജീവിക്കുകയോ ചെയ്തില്ല (എബ്രാ. 4:15;5:7–9).

‘പ്രാർത്ഥന’, ‘പ്രാർത്ഥിക്കുക’ എന്നീ വാക്കുകൾ യേശുവിനെ സംബന്ധിച്ചു നാലു സുവിശേഷങ്ങളിലായി 25 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു എന്നതു പ്രാധാന്യമർഹിക്കുന്നില്ലേ?

അവിടെയാണ് അവിടുത്തെ ജീവിതത്തിന്റെയും, പ്രവൃത്തിയുടെയും രഹസ്യം നാം കണ്ടെത്തുന്നത്.

യേശു തന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾക്കു മുമ്പു മാത്രമല്ല, ചില മഹത്തായ നേട്ടങ്ങൾക്കു ശേഷവും പ്രാർത്ഥിച്ചിരുന്നു. അയ്യായിരം പേർക്ക് അദ്ഭുതകരമായി ഭക്ഷണം നൽകിയതിനുശേഷം അവിടുന്നു മലയിലേക്കു കയറിച്ചെന്നു പ്രാർത്ഥിച്ചു. തീർച്ചയായും ഇതു നിഗളത്തിന്റെ പരീക്ഷകളെ ചെറുത്തു നിൽക്കുവാനും, ചെയ്തുതീർത്ത പ്രവൃത്തിയെക്കുറിച്ചു സംതൃപ്തിയടയാതിരിക്കുവാനും, പിതാവിന്റെ മുമ്പിൽ കാത്തുനിന്നു ശക്തി പുതുക്കുവാനും ആയിരുന്നിരിക്കണം (യെശ. 40:31). നാം സാധാരണയായി കർത്താവിനുവേണ്ടി എന്തെങ്കിലും പ്രധാന കർത്തവ്യം നിവർത്തിക്കുന്നതിനു മുമ്പാണു പ്രാർത്ഥിക്കാറുള്ളത്. എന്നാൽ യേശു ചെയ്തതുപോലെ കർത്തവ്യം നിവർത്തിച്ചുകഴിഞ്ഞതിനുശേഷം പ്രാർത്ഥിക്കുന്ന ശീലം നാം പഠിക്കുമെങ്കിൽ നമ്മെത്തന്നെ നിഗളത്തിൽ നിന്നു സംരക്ഷിക്കുകയും, കർത്താവിനായി കൂടുതൽ മഹത്തായ കാര്യങ്ങൾ നിവർത്തിക്കുവാനായുള്ള ഒരുക്കം പ്രാപിക്കുകയും ചെയ്‌വാൻ കഴിയും.

യേശുവിന്റെ ജീവിതത്തിൽ തിരക്കു വർദ്ധിക്കുന്തോറും അവിടുന്നു കൂടുതലായി പ്രാർത്ഥിച്ചു. ചില സന്ദർഭങ്ങളിൽ തനിക്കു ഭക്ഷണം കഴിക്കുവാൻപോലും സമയം ലഭിച്ചില്ല (മർക്കോ. 3:20;6:31,33,46). എന്നാൽ പ്രാർത്ഥനയ്ക്ക് അവിടുന്ന് എപ്പോഴും സമയം കണ്ടെത്തി. പരിശുദ്ധാത്മാവിന്റെ മന്ദ സ്വരത്തിനു ചെവികൊടുത്തിരുന്നതുകൊണ്ട് എപ്പോൾ ഉറങ്ങണം, എപ്പോൾ പ്രാർത്ഥിക്കണം എന്നെല്ലാം യേശു വ്യക്തമായി അറിഞ്ഞിരുന്നു.

ആത്മാവിലുള്ള ദാരിദ്ര്യമെന്നതു ഫലപ്രദമായ പ്രാർത്ഥനയ്ക്കു പിന്നിലുണ്ടായിരിക്കേണ്ട ഒരു അനുപേക്ഷണീയമായ ഘടകമത്രേ. മാനുഷികമായ നിസ്സഹായതയുടെ ഒരു പ്രകടനമാണു പ്രാർത്ഥന. അത് ഒരു ചടങ്ങുമാത്രമാകാതെ അർത്ഥവത്തായിത്തീരണമെങ്കിൽ ക്രിസ്തീയജീവിതം നയിക്കുവാനും, ദൈവത്തെ സേവിക്കുവാനും മാനുഷികശക്തിസ്രോതസ്സുകൾ തികച്ചും അപര്യാപ്തമായിരിക്കുന്നുവെന്നു നമുക്കു നിരന്തരമായ ഒരു ബോധ്യമുണ്ടായിരിക്കണം.

യേശു ദൈവശക്തിയ്ക്കായി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു. അത് അവിടുതത്തേക്ക് ഒരിക്കലും ലഭിക്കാതെവന്നില്ല. അങ്ങനെ തനിക്കു മറ്റു യാതൊരുവിധത്തിലും നേടിയെടുക്കുവാൻ അസാധ്യമായിരുന്ന കാര്യങ്ങൾ അവിടുന്നു പ്രാർത്ഥനയിലൂടെ നേടിയെടുത്തു.

സ്വന്തംകഴിവുകളിൽ ദൃഢമായി വിശ്വാസം ഉറപ്പിച്ചിട്ടുള്ളവർ പാപത്തിന്മേൽ ജയം നേടുന്നതിനു ജഡത്തിന്റെ ശക്തിയിൽ വീണ്ടും വീണ്ടും ആശ്രയിക്കുന്നു. ശരിക്കും തകർന്നതിനുശേഷമേ ഇക്കൂട്ടർക്കു ജയത്തിനായുള്ള ദൈവികശക്തി അനുഭവിച്ചറിയുവാൻ സാധിക്കുകയുള്ളു. സ്വന്ത മതിപ്പിൽ ഒരു ‘പൂജ്യം’ ആയിത്തീരുന്നതുവരെ മാസങ്ങളോളം വീണ്ടും വീണ്ടും പരാജയപ്പെടുവാൻ ദൈവം അവരെ അനുവദിക്കുന്നു. അവസാനം അവർ തങ്ങളുടെ ബലഹീനത അംഗീകരിക്കുന്നു. അപ്പോൾ ദൈവം അവരുടെമേൽ കൃപയുടെ ആത്മാവിനെ പകരുകയും, അവരെ ജയജീവിതത്തിലേക്കു നയിക്കുകയും, അവരുടെ ജീവിതത്തിലൂടെ ദൈവമഹത്വം പ്രസരിപ്പിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു.

നാം ബലഹീനരാകുമ്പോഴാണു നാം ശക്തരാകുന്നത് (1 കൊരി. 12:10).

അബ്രഹാം യിശ്മായേലിനെ ഉദ്പാദിപ്പിച്ചതു തന്റെ സ്വാഭാവികബലത്തിന്റെ ശക്തിയാലായിരുന്നു. എന്നാൽ ദൈവം യിശ്മായേലിനെ സ്വീകരിച്ചില്ല. അവനെ പറഞ്ഞയയ്ക്കുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെട്ടു (ഉൽപ. 17:18–21:10–14). പ്രാർത്ഥനയും ദൈവാശ്രയവും കൂടാതെ മാനുഷിക കഴിവുകൾ ഉപയോഗിച്ചു നാം ചെയ്ത പ്രവൃത്തികൾ ഒക്കെയും (നല്ല ഉദ്ദേശ്യത്തോടെ ചെയ്തവയാണെങ്കിൽത്തന്നെയും) ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നാം കൊണ്ടുവരുമ്പോൾ അവ സ്വീകാര്യമല്ല എന്ന് അവിടുന്നു നമ്മോടു പറയും. മരവും, പുല്ലും, വൈക്കോലും കൊണ്ടുള്ള ആ പ്രവൃത്തികൾ എല്ലാം ചാമ്പലയിത്തീരും.

ദൈവത്തിലൂടെ ചെയ്യപ്പെട്ട പ്രവൃത്തികൾ മാത്രമേ നിലനിൽക്കുകയുള്ളു.

അബ്രഹാം തികച്ചും ബലഹീനനായിത്തീർന്നശേഷമാണ് - മക്കളെ ഉദ്പാദിപ്പിക്കുവാനുള്ള സ്വാഭാവികമായ കഴിവ് ഇല്ലാതായപ്പോൾ - യിസ്ഹാക്ക് ജനിച്ചത് ഇതു ദൈവികശക്തിയിലൂടെയായിരുന്നു. ഈ പുത്രനെ ദൈവം അംഗീകരിക്കുകയും ചെയ്തു.

ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു യിസ്ഹാക്കിന് ആയിരം യിശ്മായേലുകളെക്കാൾ വിലയുണ്ട്. വേറൊരു രീതിയിൽ പറഞ്ഞാൽ, ഒരു ഗ്രാം സ്വർണ്ണത്തിന് ഒരു കിലോഗ്രാം മരത്തെക്കാൾ വിലയുണ്ട് - രണ്ടും തീയിലൂടെ കടന്നതിനുശേഷം. പരിശുദ്ധാത്മശക്തിയാൽ ചെയ്യപ്പെടുന്ന ഒരു ചെറിയ പ്രവൃത്തിക്കു നമ്മുടെ സ്വന്തശക്തിയാൽ ചെയ്യപ്പെടുന്ന അനേകം പ്രവൃത്തികളെക്കാൾ വിലയുണ്ട്.

മാനസാന്തരത്തിനുമുമ്പും പിമ്പും ഉള്ള നമ്മുടെ നന്മപ്രവൃത്തികൾ എപ്പോഴും കറപുരണ്ട തുണിതന്നെയായിരിക്കും. എന്നാൽ പരിശുദ്ധാത്മാവിൽ ആശ്രയിച്ചുകൊണ്ടു വിശ്വാസത്താൽ ഉദ്പാദിപ്പിക്കപ്പെടുന്ന നീതിയാകട്ടെ, കുഞ്ഞാടിന്റെ കല്യാണദിവസത്തിൽ നമ്മുടെ കല്യാണവസ്ത്രമായിത്തീരും (വെളി. 19:8). എത്ര വ്യത്യസ്തമായിരിക്കുന്നു - കറപുരണ്ടതുണിയും അതിമനോഹരമായ കല്യാണവസ്ത്രവും! എന്നാൽ നമ്മുടെ ജീവിതം ദേഹിയുടെ ശക്തിയാലാണോ അതോ ദൈവത്തിന്റെ ശക്തിയാലാണോ നയിക്കപ്പെടുന്നത് എന്ന ഒറ്റവസ്തുതയിലാണ് ഇതെല്ലാം അധിഷ്ഠിതമായിരിക്കുന്നത്.

തന്റെ ശുശ്രൂഷയ്ക്കായും യേശു പരിശുദ്ധാത്മശക്തിയിൽ ആശ്രയിച്ചു. പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്നതിനുമുമ്പേ അവിടുന്നു തന്റെ പ്രസംഗശുശ്രൂഷ ആരംഭിക്കുവാൻ ധൈര്യപ്പെട്ടില്ല. "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നിങ്ങനെ പിതാവിന്റെ സാക്ഷ്യം ലഭിക്കത്തക്ക രീതിയിൽ മുപ്പതുവർഷം അവിടുന്നു പരിശുദ്ധാത്മശക്തിയിൽ പൂർണ്ണവിശുദ്ധിയിൽ ജീവിച്ചുകഴിഞ്ഞിരുന്നു (മത്താ. 3:17). എങ്കിലും ശുശ്രൂഷയ്ക്കായി അവിടുത്തേക്കു പരിശുദ്ധാത്മാവിന്റെ അഭിഷേകം അത്യന്താപേക്ഷിതമായിരുന്നു. അതുകൊണ്ട് അവിടുന്ന് അഭിഷേകത്തിനായി പ്രാർത്ഥിക്കുകയും, അതു ലഭിക്കുകയും ചെയ്തു (ലൂക്കോ. 3:21). അന്നുവരെ ജീവിച്ചിരുന്നിട്ടുള്ള ഏതു മനുഷ്യനെക്കാളും അധികമായി അവിടുന്നു നീതിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്തതിനാൽ അവിടുത്തേക്ക് എല്ലാവരെക്കാളും അധികമായി അഭിഷേകം ലഭിച്ചു (എബ്രാ. 1:9). തൽഫലമായി അവിടുത്തെ ശുശ്രൂഷയിലൂടെ ജനങ്ങൾ സാത്താന്റെ അധീനതയിൽനിന്നു വിടുവിക്കപ്പെട്ടു. ഇതായിരുന്നു അഭിഷേകത്തിന്റെ മുഖ്യമായ ഉദ്ദേശ്യവും പ്രാഥമികമായ തെളിവും (ലൂക്കോ. 4:18:അപ്പോ. 10:38).

മനുഷ്യന്റെ സ്വതസിദ്ധമായ ചാതുര്യവും കഴിവുംകൊണ്ടല്ല ദൈവവേല നടത്തപ്പെടുന്നത്. സ്വതസിദ്ധമായ കഴിവുകളുള്ള മനുഷ്യർ മാനസാന്തരപ്പെട്ടു കഴിയുമ്പോൾ, തങ്ങളുടെ ബൗദ്ധികവും വൈകാരികവുമായ ശക്തികളുപയോഗിച്ചു മറ്റുള്ളവരെ ദൈവത്തിനായി സ്വാധീനിക്കാമെന്നു ചിന്തിക്കാറുണ്ട്.

പല ക്രിസ്ത്യാനികളും തങ്ങളുടെ വാക്ചാതുര്യം, യുക്തി, സ്പഷ്ടമായ ഉച്ചാരണം എന്നിവയെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയാണെന്നു തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ ഇവയെല്ലാം ദേഹിയുടെ ശക്തി മാത്രമാണ്. അവയെ ആശ്രയിക്കുന്നപക്ഷം അതു ദൈവത്തെ സേവിക്കുന്നതിനു തടസ്സമായെന്നും വരാം. ദേഹിയുടെ ശക്തിയിലൂടെ ചെയ്യുന്ന പ്രവൃത്തികളൊന്നും നിത്യതവരെ നിലനിൽക്കുകയില്ല. അവ ഈ നാളുകളിൽത്തന്നെ നശിക്കുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ തീർച്ചയായും നശിച്ചുപോകും.

ജനങ്ങളെ ദൈവത്തിങ്കലേക്ക് ആകർഷിക്കുന്നതിനുവേണ്ടി യേശു ഒരിക്കലും വാക്ചാതുര്യത്തിന്റെയോ, വികാരങ്ങളുടെയോ ശക്തിയിൽ ആശ്രയിച്ചില്ല. ദേഹിയുടെ ശക്തിയാൽ ചെയ്യപ്പെടുന്ന അത്തരം പ്രവൃത്തികൾ കേൾക്കുന്നവരുടെ ദേഹിയെമാത്രമേ സ്പർശിക്കുകയുള്ളു എന്നും, അതവരെ ആത്മീയമായി സഹായിക്കുകയില്ലെന്നും തനിക്കറിയാമായിരുന്നു. ഇക്കാരണത്താൽ ആളുകളെ ദൈവത്തിങ്കലേക്ക് ആകർഷിക്കുവാൻ അവിടുന്ന് ഏതെങ്കിലും വിധത്തിലുള്ള സംഗീതപരിപാടിയും ഉപയോഗിച്ചില്ല.

ശ്രോതാക്കളുടെ വികാരങ്ങളെ ഉണർത്തിക്കൊണ്ടുവന്നശേഷം തങ്ങളെത്തന്നെ ദൈവത്തിനായി സമർപ്പിക്കുവാനായി അവിടുന്നു പ്രേരിപ്പിച്ചില്ല. ഇക്കാലത്തെ സുവിശേഷകന്മാരും പ്രസംഗകരും സാധാരണയായി ഉപയോഗിക്കുന്ന ഇമ്മാതിരിയുള്ള ദേഹീപരമായ രീതികൾ ഒന്നുംതന്നെ അവിടുന്ന് ഉപയോഗിച്ചില്ല. മറ്റുള്ളവരെ സ്വാധീനിക്കുവാനായി വികാരാവേശമോ ദേഹീപരമായ തീക്ഷ്ണതയോ അവിടുന്ന് പ്രയോഗിച്ചില്ല. ഇവയെല്ലാം രാഷ്ട്രീയനേതാവിന്റെയും കച്ചവടക്കാരന്റെയും രീതികളാണ്. എന്നാൽ അവിടുന്ന് ഈ രണ്ടു വിഭാഗത്തിലും പെട്ടിരുന്നില്ലല്ലോ.

യഹോവയുടെ ദാസനെന്നനിലയിൽ അവിടുന്നു തന്റെ അധ്വാനങ്ങളിലെല്ലാം പരിശുദ്ധാത്മാവിൽമാത്രമായിരുന്നു ആശ്രയിച്ചത്. തൽഫലമായി അവിടുത്തെ അനുഗമിച്ചവരെല്ലാം ദൈവത്തിൽ ആഴമായി ഉറച്ച ജീവതത്തിൽ എത്തിച്ചേരുകയും ചെയ്തു.

തന്റെ ചിന്താഗതിയിലേക്കു മറ്റുള്ളവരെ കൊണ്ടുവരുന്നതിനു യേശു ദേഹീപരമായ ശക്തി ഉപയോഗിച്ചില്ല. അവിടുന്ന് ഒരിക്കലും തന്നെത്തന്നെ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിച്ചില്ല. അവർക്കുവേണമെങ്കിൽ തന്നെ ഉപേക്ഷിക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്നു നൽകി. ദേഹീപരമായ ക്രിസ്തീയനേതാക്കളാകട്ടെ, തങ്ങളുടെ ആടുകളെയും സഹപ്രവർത്തകരെയും തങ്ങളുടെ വ്യക്തിത്വത്തിന്റെ പ്രഭാവത്താൽ അടക്കിഭരിക്കുകയാണ്. ജനങ്ങൾ ഭയാദരങ്ങളോടെ ഇത്തരം നേതാക്കൾക്കു കീഴടങ്ങുകയും അവരുടെ ഓരോ വാക്കും അനുസരിക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള ഒരു നേതാവിന്റെ ചുറ്റും അനേകർ കൂടിവരുന്നുവെന്നു വരാം. അവർക്കിടയിൽ ഒരു

തരം ഐക്യം കാണപ്പെടുന്നുണ്ട് എന്നും വരാം. എന്നാൽ നേതാവിനോടുള്ള വിശ്വസ്തതമാത്രമാണ് ഈ ഐക്യത്തിന്റെ പിന്നിലുള്ളത്. തങ്ങൾക്കുള്ളതു പരിശുദ്ധാത്മശക്തിയാണെന്നും ദേഹിയും ആത്മാവും തമ്മിൽ തിരിച്ചറിയുവാൻ കഴിവില്ലാത്ത ഇത്തരം നേതാക്കൾ ചിന്തിച്ചേക്കാം. അവരുടെ അനുഗാമികളും അപ്രകാരം തന്നെ വഞ്ചിക്കപ്പെടുന്നു. എന്നാൽ ഇതെല്ലാം മാനുഷികവും ദേഹീപരവുമായ ശക്തിമാത്രമായിരുന്നു എന്നും, അവ ദൈവത്തിന്റെ വേലയെ തടസ്സപ്പെടുത്തുകയായിരുന്നുവെന്നും ദൈവികന്യായാസനത്തിനു മുമ്പിലെ പ്രകാശത്തിൽ ഒടുവിൽ വ്യക്തമാകും.

രാഷ്ട്രീയനേതാക്കളും മറ്റ് അക്രൈസ്തവനേതാക്കളും തങ്ങൾക്കുള്ള മാനുഷികമായ വ്യക്തിപ്രഭാവത്താൽ, വ്യക്തിത്വത്തിന്റെ ശക്തി, പ്രസംഗചാതുര്യം എന്നിവയുപയോഗിച്ചു വലിയ ജനക്കൂട്ടത്തെ തങ്ങളിലേക്കാകർഷിക്കുന്നുണ്ട്. യേശു അത്തരത്തിലുള്ള നേതാവായിരുന്നില്ല. ഒരു ക്രിസ്ത്യാനിയും അപ്രകാരം ആയിക്കൂടാ. ദേഹിയുടെ ശക്തിയുപയോഗിക്കുന്നതു മനുഷ്യനെ സംബന്ധിച്ചുള്ള ദൈവകല്പനയ്ക്കെതിരായിരിക്കുന്നതിനാലും, ദൈവവേലയ്ക്ക് അതൊരു തടസ്സമായിത്തീരുമെന്നതിനാലും നാം അതിനെ ഭയപ്പെടേണ്ടിയിരിക്കുന്നു.

ദേഹിയുടെ ശക്തിയാലുള്ള പ്രവർത്തനങ്ങൾക്കു മറ്റുള്ളവരിൽ ഉപരിപ്ലവമായ ഒരു വ്യത്യാസവും, ദൈവഭക്തിയുടെ ഒരു രൂപവും ഉളവാക്കുവാൻ കഴിയുമെങ്കിലും, അവരുടെയുള്ളിൽ ദൈവത്തോടുള്ള ആഴമുള്ള സ്നേഹമോ, അവരുടെ സ്വകാര്യജീവിത്തിൽ പാപത്തിന്മേൽ ജയമോ നൽകുവാൻ കഴിയുകയില്ല.

മനുഷ്യന്റെ ദേഹിയുടെ ശക്തിയുപയോഗിച്ചു യഥാർത്ഥത്തിൽ ആത്മീയമായ ഒരു പ്രവൃത്തി ചെയ്യുവാൻ ഒരിക്കലും സാധ്യമല്ല. അതു പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടുമാത്രമേ സാധിക്കുകയുള്ളു. ഈ വസ്തുത അറിഞ്ഞിരുന്നതു നിമിത്തം യേശു നിരന്തരമായി തന്റെ പ്രാണനെ മരണത്തിനു ഏൽപിച്ചുകൊടുത്തിരുന്നു. തൽഫലമായി അൽപസമയംകൊണ്ടുതന്നെ, തന്നെ അനുഗമിച്ചിരുന്നവരുടെയുള്ളിൽ ആഴമായതും, നിലനിൽക്കുന്നതുമായ ഒരു പ്രവൃത്തി ചെയ്യുവാൻ അവിടുത്തേക്കു സാധിച്ചു.

അവിടുന്നു തന്റെ വ്യക്തിത്വത്തെ ആരുടെമേലും അടിച്ചേൽപിക്കുകയോ, ആരെയും അടക്കിഭരിക്കുകയോ, തന്റെ ഭാഷയോ ബുദ്ധിശക്തിയോ ഉപയോഗിച്ചു തന്നെ ആദരിക്കുവാൻ ആരെയും പ്രേരിപ്പിക്കുകയോ ചെയ്തില്ല. മനുഷ്യരുടെ മുമ്പാകെ തന്റെ മഹത്വം പ്രദർശിപ്പിക്കുവാനായിരുന്നില്ല, അവരെ സഹായിക്കുവാനായിരുന്നു അവിടുന്ന് ആഗ്രഹിച്ചത്.

ദേഹീപരരായ ക്രിസ്ത്യാനികൾക്കു മറ്റുള്ളവരെ സഹായിക്കുന്നതിലധികമായ അവരുടെ ബഹുമാനം നേടുന്നതിലാണു താൽപര്യം. ശിരസ്സായ ക്രിസ്തുവിലേക്കു നയിക്കുന്നതിനുപകരം ജനങ്ങളെ തങ്ങളോടു ചേർക്കുന്നതുകൊണ്ടു ദേഹീപരക്രിസ്തീയനേതാക്കൾക്കു യഥാർത്ഥസഭ പണിയുവാൻ കഴിയുകയില്ല.

പ്രബലമായ മാനുഷികശക്തിയുള്ളവർ വചനം ശുശ്രൂഷിക്കുമ്പോൾ പൗലോസ് ചെയ്തതുപോലെ ഭയത്തോടും വിറയലോടുംകൂടെ അതു ചെയ്യേണ്ടതാണ് (1 കൊരി. 2:1-5). അല്ലാത്തപക്ഷം ശ്രോതാക്കളുടെ വിശ്വാസം ദൈവശക്തിയിൽ ആയിരക്കുന്നതിനുപകരം പ്രസംഗകന്റെ മാനുഷികജ്ഞാനത്തിലായിരിക്കും നിലകൊള്ളുന്നത്.

യേശു എപ്പോഴും തന്റെ മാനുഷികബലഹീനതയെക്കുറിച്ചു ബോധവാനായിരുന്നു. അവിടുന്നു പറഞ്ഞു: "പുത്രനു സ്വതവേ ഒന്നും ചെയ്‌വാൻ കഴികയില്ല" (യോഹ. 5:19). ഇക്കാരണത്താലായിരുന്നു അവിടുന്നു തീക്ഷ്ണതയോടെ പ്രാർത്ഥിച്ചിരുന്നത്. അതുകൊണ്ടു പിതാവിനു തന്റെ എല്ലാ പ്രവൃത്തികളും യേശുവിൽ ചെയ്തുതീർക്കുവാൻ സാധിച്ചു (യോഹ. 14:10).

ദൈവം നിഷേധിച്ചിട്ടുള്ളതും, നാം വെറുക്കുവാൻ യേശു ആവശ്യപ്പെട്ടിട്ടുള്ളതുമായ നമ്മുടെ മാനുഷികജീവനെയും അതിൽ മറഞ്ഞിരിക്കുന്ന ശക്തികളെയും ഉപയോഗിക്കാതെ നമ്മെ കാത്തുസൂക്ഷിക്കുന്നത് ഇപ്രകാരം ദൈവത്തിൽ ആശ്രയിക്കുന്ന ഒരു മനോഭാവമാണ്. അപ്പോൾ കർത്താവിന്റെ തേജസ്സു നമ്മിലൂടെ അതിന്റെ പൂർണ്ണതയിൽ പ്രസരിപ്പിക്കുവാൻ പരിശുദ്ധാത്മാവിനു സാധിക്കും.

നാം (കർത്താവിലാശ്രയിച്ചുകൊണ്ട്) വിശ്വാസത്താൽ ജീവിക്കുകയും, നമ്മുടെ പ്രവൃത്തികൾ വിശ്വാസത്തിന്റെ പ്രവൃത്തികളായിരിക്കുകയും ചെയ്താൽ നാം പണിയുന്നതു പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവകൊണ്ടുതന്നെയായിരിക്കും.

അതുകൊണ്ട് നമുക്ക് നമ്മോടുതന്നെ രണ്ടാമതായി ഈ ഒരു ചോദ്യം ചോദിക്കാം:

"ഞാൻ ജീവിക്കുന്നതും അധ്വാനിക്കുന്നതും ദൈവശക്തിയിലാണോ?"

# അധ്യായം എട്ട്
# ദൈവമഹത്വത്തിനായി ജീവിക്കുന്നത്

"സകലവും ... അവങ്കലേക്കും ആകുന്നു" (റോമർ 11:36).

ദൈവം അൽഫയും, ഓമേഗയും, ആദിയും, അന്തവും, ഒന്നാമത്തവനും, ഒടുക്കത്തവനും ആകുന്നു.

അതിനാൽ നിത്യതയുടെ സ്വഭാവമുള്ളതെല്ലാം തന്നൽനിന്നു പുറപ്പെടുന്നതുപോലെതന്നെ അവയുടെ പൂർത്തീകരണവും ദൈവത്തിൽ തന്നെയാണ്.

ദൈവം സകലത്തെയും സൃഷ്ടിച്ചതു തനിക്കു മഹത്വം വരുത്തുവാനായിരുന്നു. ഇതിന്റെയർത്ഥം ദൈവം സ്വാർത്ഥതയോടെ നമ്മിൽനിന്നു മഹത്വം ആഗ്രഹിക്കുന്നു എന്നല്ല. അവിടുന്നു തന്നിൽത്തന്നെ സർവസമ്പൂർണ്ണനാണ്. അവിടുത്തേക്കുള്ളതിൽ അധികമായി നൽകുവാൻ തക്കവണ്ണം നമ്മുടെ പക്കൽ യാതൊന്നുമില്ല. അവിടുത്തെ മഹത്വം അന്വേഷിക്കുവാൻ അവിടുന്നു നമ്മോട് ആവശ്യപ്പെടുന്നതിന്റെ കാരണം, നമ്മുടെ ഏറ്റവും ഉയർന്ന നന്മയിലേക്കുള്ള വഴിയതാണ് എന്നതത്രേ. അല്ലാത്തപക്ഷം നാം നമ്മിൽത്തന്നെ കേന്ദ്രീകരിക്കുകയും തൽഫലമായി ദുരിതപൂർണ്ണരായിത്തീരുകയും ചെയ്യും.

സകലത്തിന്റെയും കേന്ദ്രം താൻതന്നെയായിരിക്കണം എന്നതു ദൈവം സൃഷ്ടിയിൽത്തന്നെ നിയമിച്ചിരിക്കുന്ന ഒരു പ്രമാണമാണ്. സ്വതന്ത്രമായ ഇച്ഛാശക്തിയുള്ളവയും, ധാർമ്മികബോധമുള്ളവയുമായ ജീവികൾക്കുമാത്രമേ ഈ പ്രമാണം ലംഘിക്കുവാൻ കഴിയുകയുള്ളു. ജീവനില്ലാത്ത സൃഷ്ടിയെല്ലാം സ്രാഷ്ടാവിനെ സന്തോഷത്തോടെ അനുസരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ആദാം ആ നിയമത്തെ ലംഘിച്ചു. അതിന്റെ അനന്തരഫലമാണു മനുഷ്യവർഗ്ഗം അനുഭവിക്കുന്ന ദുരിതങ്ങളിൽ നാം കാണുന്നത്.

കർത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിലെ ആദ്യത്തെ അപേക്ഷതന്നെ, "നിന്റെ നാമം മഹത്വപ്പെടട്ടെ" എന്നത്രേ. കർത്താവായ യേശുവിന്റെ ഹൃദയത്തിലെ മുഖ്യമായ വാഞ്ച ഇതായിരുന്നു. "പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ടു അവിടുന്നു കുരിശിന്റെ വഴി തിരഞ്ഞെടുത്തു. കാരണം, ആ വിധത്തിലായിരുന്നു പിതാവു മഹത്വപ്പെടേണ്ടിയിരുന്നത് (യോഹ. 12:27, 28). പിതാവിന്റെ മഹത്വമായിരുന്നു കർത്താവായ യേശുവിന്റെ ജീവിതത്തിന്റെ പരമോന്നത ലക്ഷ്യം.

അവിടുന്നു ചെയ്തതെല്ലാം പിതാവിന്റെ മഹത്വത്തിനുവേണ്ടിയായിരുന്നു. അവിടുത്തെ ജീവിതത്തിൽ വിശുദ്ധമായത്, ഭൗമികമായത് എന്നിങ്ങനെ രണ്ടു വ്യത്യസ്തവിഭാഗങ്ങൾ ഉണ്ടായിരുന്നില്ല. എല്ലാം വിശുദ്ധമായിരുന്നു. ദൈവത്തിന്റെ മഹത്വത്തിനായി അവിടുന്നു പ്രസംഗിച്ചതും രോഗികളെ സൗഖ്യമാക്കിയതും പോലെതന്നെയായിരുന്നു അവിടുന്നു ദൈവമഹത്വത്തിനായി സ്ററൂളുകളും ബെഞ്ചുകളും ഉണ്ടാക്കിയതും. എല്ലാ ദിവസവും അവിടുത്തേക്ക് ഒരുപോലെ വിശുദ്ധമായിരുന്നു. ദരിദ്രർക്കു നൽകിയ പണംപോലെതന്നെ പവിത്രമായിരുന്നു അനുദിനാവശ്യങ്ങൾക്കായി ചെലവഴിച്ച പണവും.

തന്റെ പിതാവിന്റെ മഹത്വം മാത്രമാഗ്രഹിക്കുകയും, അവിടുത്തെ അംഗീകാരം മാത്രം വിലമതിക്കുകയും ചെയ്തതുകാരണം പൂർണ്ണസ്വസ്ഥതയുള്ള ഒരു ഹൃദയത്തോടെയായിരുന്നു യേശു എപ്പോഴും ജീവിച്ചത്. അവിടുന്നു തന്റെ പിതാവിന്റെ മുമ്പാകെ ജീവിക്കുകയും, മനുഷ്യരുടെ ബഹുമാനത്തിനും അഭിനന്ദനത്തിനും വിലകല്പിക്കാതിരിക്കുകയും ചെയ്തു.

"സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു" (യോഹ. 7:18).

ദേഹീപരനായ ഒരു ക്രിസ്ത്യാനി ദൈവമഹത്വമന്വേഷിക്കുകയാണെന്ന് എത്രയധികം ഭാവിച്ചാലും, കാഴ്ചയിൽ നമുക്കപ്രകാരം തോന്നിയാലും, തന്റെ സ്വന്തമഹത്വം മാത്രമാണ് അവൻ ഉള്ളിന്റെയുള്ളിൽ യഥാർത്ഥമായി ആഗ്രഹിക്കുന്നത്. യേശു തനിക്കുവേണ്ടിത്തന്നെ യാതൊരു മാനവും ആഗ്രഹിച്ചില്ല.

മനുഷ്യന്റെ ബുദ്ധിവൈഭവത്തിൽനിന്നുദ്ഭവിക്കുന്നതും, മനുഷ്യസാമർത്ഥ്യത്താലും കഴിവുകളാലും നിറവേറ്റപ്പെടുന്നതുമായതെല്ലാം ഒടുവിൽ മനുഷ്യനെയാണു മഹത്വപ്പെടുത്തുന്നത്. ദേഹിയിൽനിന്നുദ്ഭവിക്കുന്നതെല്ലാം സൃഷ്ടിയെയാണു മഹത്വപ്പെടുത്തുന്നത്.

ഏതെങ്കിലും ഒരു മനുഷ്യനു ബഹുമാനമോ മഹത്വമോ നൽകുന്ന യാതൊന്നും സ്വർഗ്ഗത്തിലോ, ഭൂമിയിലോ നിത്യതയുടെ യുഗങ്ങളിൽ ഉണ്ടായിരിക്കുകയില്ല.

സമയത്തെ അതിജീവിച്ചു നിത്യതയുടെ വാതിലുന്നുള്ളിൽ പ്രവേശിക്കുന്നതെല്ലാംതന്നെ ദൈവത്തിൽനിന്നും, ദൈവത്താലും, ദൈവത്തിനായും ഉള്ളവയായിരിക്കും.

ദൈവത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രവൃത്തിക്കു വിലയും വൈശിഷ്ട്യവും നൽകുന്നത് അതിന്റെ പിന്നിലുള്ള ഉദ്ദേശ്യമാണ്.

നാം ചെയ്യുന്നത് എന്താണ് എന്നതിനു വിലയുണ്ട്. എന്നാൽ എന്തുദ്ദേശ്യത്തോടെയാണു ചെയ്തത് എന്നതാണ് അത്യധികം പ്രാധാന്യമർഹിക്കുന്നത്.

പിതാവിന്റെ ഹിതം അറിയുവാനായും അതു നിർവഹിക്കുവാനുള്ള ശക്തിയ്ക്കായും പിതാവിന്റെ മുമ്പിൽ യേശു കാത്തിരുന്നുവെന്നു നാം കണ്ടു. അപ്രകാരം അവിടുന്നു തന്റെ പിതാവിന്റെ ഹിതമെല്ലാം ദൈവശക്തിയാൽ നിറവേററി. അതുമാത്രമല്ല, കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടുതുപോലെ, തന്റെ ഏററവും മഹത്തായ ചില പ്രവർത്തനങ്ങൾക്കുശേഷം യേശു പ്രാർത്ഥനക്കായി സമയം അന്വേഷിച്ചു- മഹത്വം തന്റെ പിതാവിനു നൽകുവാനായി. തന്റെ പ്രവർത്തനങ്ങളുടെ ഫലം പിതാവിന് ഒരു ബലിയായി അവിടുന്നു അർപ്പിച്ചു. അവിടുന്നു സ്വന്തമായി ബഹുമാനമന്വേഷിച്ചില്ല എന്നുമാത്രമല്ല, തനിക്കതു നൽകപ്പെട്ടപ്പോൾ അതു സ്വീകരിച്ചതുമില്ല (യോഹ. 5:41;8:50). തന്റെ പ്രസിദ്ധി ചുറ്റുപാടും പരന്നപ്പോൾ അവിടുന്നു മലയിലേക്കു വാങ്ങിപ്പോയി പിതാവിനു മഹത്വം നൽകി (ലൂക്കോ. 5:15,16). പിതാവിനുള്ള മഹത്വം താൻ തൊടുകപോലുമില്ല എന്ന് അവിടുന്ന് തീരുമാനിച്ചിരുന്നു.

ഈ തീരുമാനം നിരന്തരം മുറുകിപ്പിടിച്ചിരുന്നതിന്റെ ഫലമായി തന്റെ ഐഹികജീവിതത്തിന്റെ അവ

സാനത്തിൽ യേശുവിനു സത്യസന്ധതയോടെ ഇപ്രകാരം പറയുവാൻ കഴിഞ്ഞു: "പിതാവേ, ഞാൻ നിന്നെ ഭൂമിയിൽ മഹത്വപ്പെടുത്തി" (യോഹ. 17:4).

അവിടുന്നു ഭൂമിയിലേക്കു വന്നതുതന്നെ ഒരു മനുഷ്യനെന്നനിലയിൽ പിതാവിനെ മഹത്വപ്പെടുത്തുവാനായിരുന്നു. ഓരോ ദിവസവും അവിടുന്നു ജീവിച്ചത് ആ ലക്ഷ്യം വച്ചുകൊണ്ടായിരുന്നു. തനിക്ക് എന്തുവില നൽകേണ്ടിവന്നാലും പിതാവുമാത്രം മഹത്വപ്പെടണം എന്ന് അവിടുന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. സ്വർഗ്ഗത്തിലെന്നപോലെ ഭൂമിയിലും പിതാവു ബഹുമാനിക്കപ്പെടേണ്ടതിനും, ഉയർത്തപ്പെടേണ്ടതിനും, മഹത്വപ്പെടേണ്ടതിനുമായി അവിടുന്ന് അവസാനം മരണം വരിക്കുകയും ചെയ്തു.

അഗ്നിയിൽ ശോധന ചെയ്യപ്പെടുന്നനാളിൽ 'നാം എന്തുദ്ദേശ്യത്തോടെയാണു കർത്താവിന്റെ വേല ചെയ്തുകൊണ്ടിരുന്നത്' എന്ന് ഏവർക്കും വെളിവാകും എന്നു പൗലോസ് പറയുന്നു (1 കൊരി. 3:13;4:15) ലിവിംഗ്). ആ ദിവസത്തിൽ ഉദ്ദേശ്യങ്ങൾ തുറന്നുകാണിക്കപ്പെടുകയും കർത്താവിനാൽ പരിശോധിക്കപ്പെടുകയും ചെയ്യും.

ദേഹീപരമായ ശുശ്രൂഷ സ്വയത്തെ ഉയർത്തുകയും, ദൈവത്തിനുപകരം നമ്മിലേക്കു മനുഷ്യരെ ആകർഷിക്കുകയും ചെയ്യുന്നു. നാം പറയുന്നതുകേൾക്കുവാൻ ജനക്കൂട്ടം വരികയും, നമ്മെ ബഹുമാനിക്കുകയും, നമ്മെക്കുറിച്ചു നല്ല അഭിപ്രായം പറയുകയും ചെയ്യുന്നു. നാം ആ സ്ഥലം വിട്ടുപോയിക്കഴിയുമ്പോൾ അവർ തങ്ങളുടെ പഴയ ആത്മീയനിലയിലേക്കു മടങ്ങിപ്പോകുകയും തങ്ങൾ കേട്ട പ്രസംഗങ്ങൾകൊണ്ടൊന്നും പ്രയോജനമുണ്ടായില്ല എന്നു സ്വയം തെളിയിക്കുകയും ചെയ്യുന്നു. ഒരാളുടെ അധ്വാനത്തിന്റെ വില മനസ്സിലാക്കേണ്ടതു താൻ മരിച്ചു മൺമറഞ്ഞശേഷം താൻ ശുശ്രൂഷിച്ചിരുന്നവരുടെ സ്ഥിതിനോക്കിയിട്ടാണ്. അവന്റെ ശുശ്രൂഷ ദേഹീപരമായിരുന്നോ, ആത്മീയമായിരുന്നോ എന്ന് അപ്പോൾ വെളിവാകും.

മറ്റുള്ളവരെ നമ്മിലേക്ക് ആകർഷിക്കുവാനുതകുന്ന അധ്വാനമെല്ലാം മരം, പുല്ല്, വൈക്കോൽ എന്നിവയായിരുന്നുവെന്ന് അന്ത്യനാളിൽ കാണുവാൻ കഴിയും. എന്തെന്നാൽ അവയെല്ലാം മനുഷ്യനെ മാത്രമാണു മഹത്വപ്പെടുത്തിയിരുന്നത്.

യേശുവിന്റെ ശുശ്രൂഷ ആത്മീയമായിരുന്നു. അതിന്റെ തെളിവ്, അവിടുത്തെ അനുഗാമികളായിരുന്ന ചെറിയൊരു കൂട്ടമാളുകൾ (ചുരുക്കം ചിലർ മാത്രമായിരുന്നുവെങ്കിലും) ദേഹീപരരാകാതെ ആത്മീയരായിത്തീർന്നു എന്നതാണ്. അവിടുത്തെ തേജസ്സു നാം പ്രസരിപ്പിക്കണമെങ്കിൽ അവിടുത്തെ കാൽച്ചുവടുകൾ തന്നെ നാം പിൻതുടരണം.

പൂർണ്ണമായും ദേഹീപരമനുഷ്യനായ എതിർക്രിസ്തുവിന്റെ വരവിനും, ലോകമെമ്പാടുമുള്ള അംഗീകാരത്തിനും വഴിയൊരുക്കുകയാണു ദേഹീപരശുശ്രൂഷയും ജീവിതവും ചെയ്യുന്നത്. അവൻ മറ്റുള്ളവരുടെ മേൽ തന്നെത്താൻ ഉയർത്തുകയും, ജനക്കൂട്ടത്തെ തന്നിലേക്ക് ആകർഷിക്കുകയും, അതിനായി അദ്ഭുതശക്തി പ്രയോഗിക്കുകയും ചെയ്യും (2 തെസ്സ. 2:3-10).

ആകയാൽ മനുഷ്യരുടെ ശ്രദ്ധ നമ്മിലേക്കും, നമ്മുടെ പ്രവൃത്തിയിലേക്കും ആകർഷിക്കുകയെന്നത് എതിർക്രിസ്തുവിന്റെ ആത്മാവിന്റെ സാരാംശമത്രേ. മനുഷ്യർ എന്തുചെയ്യണം, എവിടെപ്പോകണം എന്നെല്ലാം നിർദ്ദേശിച്ച് അവരുടെ മനസ്സാക്ഷിയുടെമേൽ അധികാരം ചെലുത്തുന്നതു ദേഹീപരമാണ്. മറ്റുള്ളവർക്ക് ഉപദേശം നൽകുകയെന്നത് ഒരു ആത്മീയകാര്യം തന്നെ. എന്നാൽ അവരുടെമേൽ അധികാരം ചെലുത്തുന്നതു ദേഹീപരം തന്നെയാണ്.

തന്നെ അനുഗമിച്ച ആരെയും തന്നെ, എന്തെങ്കിലും ചെയ്യുവാൻ യേശു നിർബ്ബന്ധിച്ചില്ല. സ്വതന്ത്രമായി തിരഞ്ഞെടുക്കുവാൻ ദൈവം മനുഷ്യനു നൽകിയിരിക്കുന്ന അവകാശത്തെ അവിടുന്നു ബഹുമാനിച്ചിരുന്നു.

അതുകൊണ്ട് അവിടുന്നു എല്ലാവരുടെയും ദാസനായിരിക്കുകയും, അവരോട് ആജ്ഞാപിക്കുന്നതിനുപകരം അവരെ ശുശ്രൂഷിക്കുകയും ചെയ്തു.

ഒരു ദാസന്റെ ആത്മാവിനുപകരം ഭരണാധികാരിയുടെ ആത്മാവിൽ പ്രസംഗിക്കുവാൻ വളരെ എളുപ്പമാണ് (2 കൊരി. 4:5). നമ്മുടെ ദേഹീപരമായ ശക്തിയുപയോഗിച്ച് അഭിപ്രായങ്ങൾ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുവാൻ നമുക്കു കഴിയും. മറ്റുള്ളവരെ നമ്മോടുള്ള ഒരു ബന്ധത്തിലേക്കു നയിക്കുകയായിരിക്കും അതിന്റെ ഫലം.

തന്റെ ദേഹീപരശക്തിയെക്കുറിച്ച് അറിവില്ലാതിരിക്കെത്തന്നെ വളരെ ആവേശത്തോടെ പ്രവർത്തിക്കുന്ന ഒരാൾ ക്രിസ്തുവിനുപകരം തന്നിലേക്കുതന്നെയാണ് ആളുകളെ നയിക്കുന്നതെന്നു മനസ്സിലാക്കുകപോലുമില്ല. ദൈവത്തിന്റെ പ്രവൃത്തി മനുഷ്യശക്തിയാലോ ബലത്താലോ അല്ല, പരിശുദ്ധാത്മശക്തിയാലത്രേ നടത്തപ്പെടുന്നത്. ആത്മാവിന്റെ പ്രവൃത്തിയുടെ ഒരടയാളം ഓരോ വ്യക്തിക്കും നൽകപ്പെടുന്ന സ്വാതന്ത്ര്യമാണ് (2 കൊരി. 3:17).

ഭൃത്യൻ ഒരു ഭവനത്തിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്നു ചിന്തിച്ചു നോക്കുക. അവൻ മേശയരികിൽ താൻ ചെയ്യേണ്ട വേല നിശ്ശബ്ദം ചെയ്തശേഷം അടുക്കളയിലേക്കു പിന്മാറുന്നു. അവൻ മുറിയിലേക്കു വരുന്നത് ആർഭാടത്തോടും പ്രദർശനത്തോടുമല്ല. മേശയരികിലിരിക്കുന്നവർ എന്തുചെയ്യണമെന്ന് അവൻ നിർദ്ദേശക്കുന്നുമില്ല. ഇവ്വിധം കർത്താവിനെ സേവിക്കുവാനൊരുക്കമുള്ളവർ എത്രപേരുണ്ട്?

ഒരാൾ പറഞ്ഞതുപോലെ, "ഒരു ദാസനു ഭരിക്കുവാനവകാശമുള്ള ഒരു മേഖല മാത്രമേയുള്ളൂ - അത് അവന്റെ ജഡമാണ്. അവൻ സ്വന്തം ജഡത്തിന്റെ മേൽ ഭരണം നടത്തുന്ന അളവിൽ മറ്റുള്ളവരെ ആത്മീയ

ജീവിതത്തിൽ മുമ്പോട്ടു നടത്താൻ അവനു കഴിയും. ആത്മീയനായ ഒരു ദാസൻ ദൈവം നൽകുന്ന ശക്തിയുപയോഗിച്ചു മാത്രമേ ശുശ്രൂഷ ചെയ്യുന്നുള്ളു. മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻവേണ്ടിമാത്രമാണ് ഈ ശക്തി അവനു നൽകപ്പെടുന്നത്. എന്നാൽ ഈ ശക്തിയുപയോഗിച്ചു നാം ഒരുവന്റെമേൽ അധികാരം ചെലുത്തുകയോ, ഏതെങ്കിലും രീതിയിൽ നിർബ്ബന്ധിക്കുകയോ ചെയ്താൽ അവൻ നിരാശനാകുകയും അവസാനം സ്വന്തം വഴിയിൽത്തന്നെ പോകുകയും ചെയ്തെന്നുവരാം. താൻ ഇടപെടുന്ന വ്യക്തികൾ എല്ലാറ്റിലുമെല്ലാം പ്രവർത്തിക്കുന്ന ദൈവവുമായി ബന്ധപ്പെടണം, താനുമായുള്ള ഒരു ബന്ധനത്തിലേക്കല്ല വരേണ്ടത് എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുകയാണ് ദാസന്റെ കർത്തവ്യം (1 കൊരി. 12:6)".

യേശു ദൈവത്തിന്റെ മഹത്വം വളരെയധികമായി അന്വേഷിച്ചിരുന്നു. തന്നിമിത്തം തനിക്കുശേഷം തന്റെ അപ്പോസ്തലന്മാർ താൻ ചെയ്തിട്ടുള്ളതിനെക്കാൾ മഹത്തായ പ്രവൃത്തികൾ ചെയ്യുമാറ് അവർക്കായി വഴിയൊരുക്കുവാനും അവിടുന്ന് ഒരുക്കമുള്ളവനായിരുന്നു (യോഹ. 14:12). പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ അംഗങ്ങൾ തമ്മിൽ ഒന്നായിരിക്കുന്ന ഒരു സഭ പണിയുക എന്നതായിരുന്നു ഈ ഏറെ മഹത്തായ പ്രവൃത്തി എന്നതിനു സംശയമില്ല (യോഹ. 17:21-23). യേശുവിന്റെ ഐഹികജീവിതകാലത്ത് അവിടുത്തെ ശിഷ്യന്മാരിൽ രണ്ടുപേർ പോലും പിതാവും പുത്രനുമെന്നപോലെ ഒന്നായിരുന്നില്ല. അവരെല്ലാവരും തങ്ങളുടെ സ്വന്തകാര്യം നോക്കിയിരുന്നു. എന്നാൽ പെന്തെക്കോസ്തുനാളിനുശേഷം തന്റെ ശിഷ്യന്മാരിലനേകരും അവുടുന്ന് ആഗ്രഹിച്ചതുപോലെ ഒന്നായിത്തീരുകയുണ്ടായി. ഇതായിരുന്നു അധികം മഹത്തായ പ്രവൃത്തി.

അധികം മഹത്തായ ഒരു പ്രവൃത്തി ചെയ്യുന്നതിനായി യേശു മറ്റുള്ളവർക്കു വഴിയൊരുക്കിക്കൊടുത്തു. അവിടുത്തെ മരണംകൊണ്ട് അതിന്റെ അടിസ്ഥാനമിടുകയും, അവിടുത്തെ ശിഷ്യന്മാർ അതിന്മേൽ പണിയുകയും ചെയ്തു.

യേശുവിന് ഉള്ളിൽ സ്വാർത്ഥതാൽപര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. പിതാവു മഹത്വപ്പെടണം എന്നു മാത്രമായിരുന്നു അവിടുത്തെ ആഗ്രഹം. താൻ ചെയ്ത പ്രവൃത്തികൾക്കുള്ള പ്രശംസ വേറെ ആർക്കെങ്കിലും ലഭിച്ചാൽപോലും അവിടുത്തേക്കു പ്രയാസമൊന്നുമില്ലായിരുന്നു.

ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കു ജീവൻ പകരുമാറു ശുശ്രൂഷിക്കുകയും, ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവു പ്രാപിക്കുമാറ് അതിനെ പണിയുകയും ചെയ്യണമെങ്കിൽ നാമും ഇതേ ആത്മാവിൽത്തന്നെ ജീവിക്കപ്പെടേണ്ടിയിരിക്കുന്നു.

സമ്പൂർണ്ണമായും പിതാവിന്റെമുമ്പാകെമാത്രം ജീവിച്ചിരുന്നതിനാൽ, ഉയിർത്തെഴുന്നേറ്റതിനുശേഷവും തന്നെ ക്രൂശിച്ചവരുടെമുമ്പിൽ തന്നെത്തന്നെ ന്യായീകരിക്കുവാൻ യേശു ഒട്ടുംതന്നെ താൽപര്യപ്പെട്ടില്ല.

ലോകത്തിന്റെയും യെഹൂദനേതാക്കളുടെയും ദൃഷ്ടിയിൽ യേശുവിന്റെ ശുശ്രൂഷ തികച്ചും പരാജയമായിരുന്നു. യേശു ദേഹീപരനായിരുന്നെങ്കിൽ, തന്റെ ഉയിർത്തെഴുന്നേൽപിനുശേഷം തന്നെത്തന്നെ ആ നേതാക്കളുടെമുമ്പിൽ പ്രദർശിപ്പിക്കുവാനും, അവരെ ലജ്ജിപ്പിക്കുവാനും, സ്വയം ന്യായീകരിക്കുവാനും വാഞ്ഛിക്കുമായിരുന്നു. പക്ഷേ അവിടുന്ന് അതൊന്നും ചെയ്തില്ല. ഉയിർത്തെഴുന്നേറ്റതിനുശേഷം തന്നിൽ വിശ്വസിച്ചിരുന്നവരുടെമുമ്പിൽ മാത്രമേ അവിടുന്നു സ്വയം വെളിപ്പെടുത്തിയുള്ളൂ.

യേശുവിനെ ന്യായീകരിക്കുവാനുള്ള പിതാവിന്റെ സമയം സമാഗതമായിരുന്നില്ല. എന്നാൽ അതിനായി കാത്തിരിക്കുവാൻ യേശു തയ്യാറായിരുന്നു. ഇന്നും അതിനു സമയമായിട്ടില്ല.

ലോകം ഇപ്പോഴും യേശുവിനെ തെറ്റിദ്ധരിച്ചിരിക്കുന്നു. ഭൂരിഭാഗം മനുഷ്യരും അവിടുത്തെ ജീവിതം ഒരു പരാജയമായിരുന്നുവെന്നാണു കരുതുന്നത്. അവിടുത്തെ മനുഷ്യജീവിതം ആരംഭിക്കുന്നതു കന്നുകാലികളുടെ പുൽത്തൊട്ടിയുടെ അപമാനത്തിലായിരുന്നു. ജീവിതം അവസാനിച്ചതാകട്ടെ, ഏറ്റവും നീചരായ രണ്ടു കുറ്റവാളികളുടെ മധ്യത്തിൽ ക്രൂശിലെ അത്യന്തം നിന്ദ്യമായ മരണത്തിലും. അപ്രകാരമായിരുന്നു ലോകം യേശുവിനെ അവസാനമായി കണ്ടത്.

പിതാവു മഹത്വപ്പെടുമെന്നുണ്ടെങ്കിൽ ആയതിനുവേണ്ടി മനുഷ്യരുടെമുമ്പിൽ താൻ ഒരു പരാജയമായി കാണപ്പെടുവാനും യേശു തയ്യാറായിരുന്നു. അവിടുന്നു ജീവിച്ചതും ശുശ്രൂഷചെയ്തതും മനുഷ്യന്റെ പ്രശംസയ്ക്കുവേണ്ടിയായിരുന്നില്ല. അതുകൊണ്ട് ഒരു ദിവസം പിതാവു തന്നെ വലിയ മഹത്വത്തോടും, ബഹുമതിയോടുംകൂടെ പരസ്യമായി ന്യായീകരിക്കും. ആ ദിവസം എല്ലാ മുഴങ്കാലും മടങ്ങുകയും, എല്ലാ നാവും യേശുക്രിസ്തു കർത്താവെന്ന് ഏറ്റുപറയുകയും ചെയ്യും. എന്നാൽ അതുപോലും പിതാവായ ദൈവത്തിന്റഎ മഹത്വത്തിനുവേണ്ടിയായിരിക്കും (ഫിലി. 2:11).

അതുകൊണ്ട് നാം നമ്മോടുതന്നെ ചോദിക്കേണ്ട മൂന്നാമത്തെ ചോദ്യം ഇതാണ്:

"ഞാൻ ജീവിക്കുകയും അധ്വാനിക്കുകയും ചെയ്യുന്നത് ദൈവത്തിന്റെ മഹത്വത്തിനായി മാത്രമാണോ?"

# അധ്യായം ഒൻപത്

# യേശുവിന്റെ കാന്ത

തിരുവെഴുത്തിന്റെ സമാപനപേജുകളിൽനിന്നു പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ അന്ത്യഫലം

ക്രിസ്തുവിന്റെ കാന്തയാണെന്നു നാം കാണുന്നു. പിശാചിന്റെ കപടപ്രവർത്തനത്തിന്റെ അന്ത്യഫലമായ വേശ്യാസഭയെയും നാം അവിടെ കാണുന്നു.

യോഹന്നാൻ പറയുന്നു: "പുതിയ യെരുശലേമെന്ന വിശുദ്ധനഗരം.... ഒരു മണവാട്ടിയെപ്പോലെ.... ദൈവസന്നിധിയിൽനിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. അതു ദൈവതേജസ്സുള്ളതായി, ഏറ്റവും വിലയേറിയ രത്നത്തിനുതുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു" (വെളി. 21:2,10,11 ലിവിംഗ്).

എന്നാൽ ക്രിസ്തുവിന്റെ മണവാട്ടിയുടെ മഹത്തേറിയ ഈ ദർശനം കാണുന്നതിനുമുമ്പേ യോഹന്നാൻ കണ്ടതു ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും, യഥാർത്ഥത്തിൽ ലോകത്തെ സ്നേഹിക്കുകയും ചെയ്തിരുന്ന ആത്മീയവ്യഭിചാരിണിയെ - വേശ്യയെ - ആയിരുന്നു (യാക്കോ. 4:4). ഇതു ദൈവഭക്തിയുടെ വേഷമുള്ളതും (ശരിയായ ഉപദേശം), എന്നാൽ അതിന്റെ ശക്തി (ദൈവികസ്വഭാവം) ഇല്ലാത്തതുമായ വ്യാജമായിട്ടുള്ള ക്രിസ്തീയമതമത്രേ (2 തിമോ. 3:5).

യോഹന്നാൻ പറയുകയാണ്: " ഞാൻ ഒരു സ്ത്രീയെ കണ്ടു. ... മഹതിയാം ബാബിലോൺ, വേശ്യമാരുടെ മാതാവ് .... ഉറക്കെ വിളിച്ചുപറഞ്ഞുകേട്ടത്, 'മഹതിയാം ബാബിലോൺ വീണുപോയി' ... അവളുടെ ദഹനത്തിന്റെ പുക ഉയരുന്നതു കാണുക ... അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു" (വെളി. 17:3,5; 18:2,9; 19:3).

ഇവ തമ്മിലുള്ള അന്തരം ശ്രദ്ധേയമാണ്. ന്യായവിധിയുടെ അഗ്നിയിലൂടെ കടന്നുവരുന്ന മണവാട്ടി ഏറ്റവും വിലയേറിയ രത്നംപോലെ തിളങ്ങുമ്പോൾ വേശ്യയാകട്ടെ, മുഴുവനായി ചാമ്പലായിത്തീരുകയും അവളുടെ പുക ആകാശത്തോളം ഉയരുകയും ചെയ്യുന്നു. അവൾ കേവലം നശ്വരമായ വസ്തുക്കളാലായിരുന്നു പണിയപ്പെട്ടിരുന്നത്.

മണവാട്ടിയാകുന്ന യെരുശലേം, വേശ്യയാകുന്ന ബാബിലോൺ - ഇവ വ്യത്യസ്തങ്ങളായ രണ്ടു വ്യവസ്ഥകളെക്കുറിക്കുന്നു. ആദ്യത്തേതു ദൈവത്തിൽ നിന്നുള്ളതും മറ്റേതു 'ഭൗമികവും, ദേഹീപരവും, പൈശാചികവും, അത്രേ (യാക്കോ. 3:15 മാർജ്ജിൻ).

ആദ്യമായി നമുക്കു ബാബിലോണിനെ നോക്കാം.

ബാബേൽഗോപുരത്തിൽനിന്നായിരുന്നു ബാബിലോൺ ഉദ്ഭവിച്ചത്. അതു മനുഷ്യന്റെ പദ്ധതിയനുസരിച്ചും, മനുഷ്യന്റെ ശക്തിയാലും, മനുഷ്യന്റെ മഹത്വത്തിനായും പണിയപ്പെട്ടതായിരുന്നു.

"അവർ അന്യോന്യം സംസാരിച്ചു " (മനുഷ്യനിൽ നിന്ന്), "നമുക്കുവേണ്ടി തന്നെ ഒരു നഗരം നമുക്കു പണിയാം" (മനുഷ്യനാൽ), "നമുക്കായി ഒരു പേരുണ്ടാക്കാം" (മനുഷ്യനുവേണ്ടി) (ഉൽപ. 11:3,4).

വർഷങ്ങൾക്കുശേഷം നെബൂഖദ്നേസർരാജാവു താൻ സ്ഥാപിച്ച ലോകസാമ്രാജ്യത്തിന്റെ തലസ്ഥാനമായ ബാബിലോൺ എന്ന മഹാനഗരം പണിതശേഷം ആ നഗരത്തിനുചുറ്റും നോക്കിക്കൊണ്ട് അപ്രകാരം തന്നെ പറഞ്ഞു: "ഇതു ഞാൻ പണിത മഹതിയാം ബാബിലോൺ അല്ലയോ? (മനുഷ്യനിൽനിന്ന്), എന്റെ ധനമാഹാത്മ്യത്താൽ (മനുഷ്യനാൽ), എന്റെ പ്രതാപമഹത്വത്തിനായി (മനുഷ്യനുവേണ്ടി)..." (ദാനി. 4:30).

മാനുഷികജ്ഞാനത്താലും, ശക്തിയാലും, മനുഷ്യന്റെ മഹത്വത്തിനായും ചെയ്യപ്പെടുന്ന എല്ലാറ്റിന്റെയും അന്ത്യം ദൈവത്തിന്റെ ശിക്ഷാവിധിയായിരിക്കും. ക്രിസ്തീയപ്രവർത്തനമെന്ന പേരുണ്ടെങ്കിലും മനുഷ്യന്റെ ദേഹീപരശക്തിയാൽ ചെയ്യപ്പെടുന്നവയെല്ലാം നശിച്ചുപോകും.

"ബാബിലോണിന്റെ വീതിയുള്ള മതിലുകൾ നിലത്തോളം നിരപ്പാക്കപ്പെടുകയും, അവളുടെ ഉയർന്ന വാതിലുകൾ എരിഞ്ഞുപോകുകയും ചെയ്യും; അനേകരാജ്യങ്ങളിൽനിന്നുള്ള പണിക്കാർ (ക്രിസ്തീയപ്രവർത്തകർ?) വൃഥാ വേല ചെയ്തു. അവരുടെ പണിയെല്ലാം അഗ്നിയിൽ വെന്തുപോകും" (യിരെ 51:18 ലിവിംഗ്).

നേരേമറിച്ചു യെരുശലേം ദൈവത്തിന്റെ നഗരമാകുന്നു (എബ്രാ. 12:22). പഴയനിയമകാലത്ത് ഇവിടെയായിരുന്നു ദൈവത്തിന്റെ ആലയം. ദൈവത്തിന്റെ വാസസ്ഥലമായ യെരുശലേമിന്റെ ഉൽപത്തി മോശ നിർമ്മിച്ച തിരുനിവാസത്തിലായിരുന്നു (സമാഗമനകൂടാരം) പുറ. 25:8).

ദൈവത്തിന്റെ പ്ലാൻപ്രകാരം തന്നെയായിരുന്നു തിരുനിവാസം പണിയപ്പെട്ടത്:

"യഹോവ തന്നോടു കല്പിച്ചതുപോലെയൊക്കെയും " (പുറ. 40:16) (ദൈവത്തിൽനിന്ന്).

ദൈവശക്തിപ്രാപിച്ച മനുഷ്യരായിരുന്നു അതു പണിതത്.

"ബെസലേലിനെ ... ഞാൻ ദിവ്യാത്മാവിൽ നിറച്ചിരിക്കുന്നു" (പുറ. 31:1-15) (ദൈവത്താൽ).

ദൈവമഹത്വത്തിനായിട്ടായിരുന്നു അതു പണിയപ്പെട്ടത്.

"യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറച്ചു" (പുറ. 40:34) ദൈവത്തിനുവേണ്ടി).

ദൈവത്തിൽനിന്ന് ഉദ്ഭവിക്കുകയും, ദൈവീകശക്തിയാൽ ദൈവമഹത്വത്തിനായി നിർവഹിക്കപ്പെടുകയും ചെയ്യുന്നവമാത്രമേ എന്നെന്നേക്കും നിലനിൽക്കുകയുള്ളു. പൊന്നും, വെള്ളിയും, രത്നങ്ങളും ഉപയോഗിച്ചു പണിയപ്പെടുന്നതിനാൽ തീയിലൂടെ കടന്നുവരുമ്പോൾ അതൊരു രത്നംപോലെ തിളങ്ങും.

തിരുവെഴുത്തിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകളെ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ നാം കാണുന്നത്, ജീവന്റെ വൃക്ഷവും നന്മതിന്മകളുടെ അറിവിന്റെ വൃക്ഷവും കാലാന്ത്യത്തിൽ രണ്ടുതരം വ്യവസ്ഥകളെ - യെരുശലേമിനെയും ബാബിലോണിനെയും - ഉദ്പാദിപ്പിച്ചിരിക്കുന്നു എന്നാണ്.

യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിൽനിന്ന് - ദൈവത്തിൽനിന്നും, ദൈവത്താലും, ദൈവത്തിനായും,

ജനിച്ചിട്ടുള്ളത് എന്നെന്നേക്കും നിലനിൽക്കുന്നു. എന്നാൽ ജഡത്തിൽനിന്ന് – മനുഷ്യനിൽനിന്നും, മനുഷ്യ നാലും, മനുഷ്യനായും – ജനിച്ചിട്ടുള്ളത് നശിച്ചുപോകുന്നു.

ഇന്നു നാം ഉൽപത്തിപ്പുസ്തകത്തിന്റെയും വെളിപ്പാടുപുസ്തകത്തിന്റെയും പേജുകൾക്കിടയിലാണു ജീവിക്കുന്നത്. നാം ഗ്രഹിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ഈ രണ്ടു വ്യവസ്ഥകളിലൊന്നിൽ നാമും ചേർന്നു പോകുന്നുണ്ട്. ഒന്നു ദൈവത്തെയും മറ്റേതു മനുഷ്യനെയും ഉയർത്തുവാനും മഹത്വപ്പെടുത്തുവാനും നിശ്ച യിച്ചിട്ടുള്ളത്; ഒന്നു ക്രിസ്തുവിനെയും മറ്റേതു ആദാമിനെയും പിൻതുടരുന്നത്; ഒന്നു പരിശുദ്ധാത്മാവിലും മറ്റേതു ജഡത്തിലും പ്രാണനിലും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്.

യേശുവും ആദാമും ഇരുവരും ദൈവശബ്ദം കേട്ടു – ഒരാൾ അനുസരിച്ചു. മറ്റേയാൾ അനുസരിച്ചില്ല എന്നതു മാത്രമായിരുന്നു വ്യത്യാസം. തന്റെ ശബ്ദം കേൾക്കുന്നവരും അവ്വണ്ണം തന്നെയായിരിക്കുമെന്നു യേശു പറഞ്ഞു. ഒരാൾ അനുസരിക്കുകയും നിത്യതയിലും ഇളകിപ്പോകാത്തവിധം പാറമേൽ പണിയു കയും ചെയ്യുന്നു: മറ്റേയാൾ കേൾക്കുന്നെങ്കിലും അനുസരിക്കാതെ ഒടുവിൽ നശിച്ചുപോകുമാറ് മണലിന്മേൽ പണിയുന്നു (മത്താ. 7:24–27).

യേശു ചിത്രീകരിച്ച ഈ രണ്ടു വീടുകൾ യെരുശലേമും ബാബിലോണും ആകുന്നു.

വാസ്തവമായും വിശ്വാസത്താൽ നീതികരിക്കപ്പെട്ടു പുതിയ ഉടമ്പടിയിൽ പ്രവേശിച്ചിട്ടുള്ളവർ ഇന്നു ണ്ട്. അവർ യേശുവിന്റെ രക്തത്താൽ മുദ്രയടിക്കപ്പെട്ടവരും ദൈവഹിതം അനുസരിച്ചുകൊണ്ട് (പ്രത്യേകിച്ചും മത്താ. 5–7 അധ്യായങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ) യേശുവിനെ അനുഗമിക്കുന്നവരുമത്രേ. അവർ പാറമേൽ പണിയുന്നവരും യെരുശലേമിൽ പങ്കുള്ളവരും ആകുന്നു. ഇക്കൂട്ടത്തിൽ താനും ഉൾപ്പെടുമോ എന്ന് ഒരുവന് അറിയണമെങ്കിൽ മത്താ. 5–7 വായിച്ചുനോക്കിയാൽ മാത്രം മതി.

അതുപോലെതന്നെ മറ്റൊരു കൂട്ടർ (ഇവരാണു ഭൂരിപക്ഷം) മത്താ. 5–7 അധ്യായങ്ങളിൽ യേശു പ്രസ്താ വിച്ചതു കേട്ടിട്ടും നീതീകരണം, വിശ്വാസം, കൃപ എന്നിവയെക്കുറിച്ചു തെറ്റായി ഗ്രഹിക്കുകയും, തൽഫല മായി വ്യാജമായ ഒരു സുരക്ഷിതത്വബോധത്തിൽ കഴിയുകയും ചെയ്യുന്നു. ഇവർ യേശുവിന്റെ വാക്കുകൾ അനുസരിക്കുവാൻ കൂട്ടാക്കാതെ മണലിന്മേൽ – ബാബിലോൺ – പണിയുകയും ഒടുവിൽ എന്നെന്നേക്കു മായി നശിച്ചുപോകുകയും ചെയ്യുന്നു.

ഇവരുടെ സ്വന്തദൃഷ്ടിയിൽ തങ്ങൾ 'ക്രിസ്ത്യാനി'കളാണ്. മണലിന്മേൽ വീടുപണിത മനുഷ്യനും തന്റെ ശബ്ദം കേട്ട ഒരാളാണെന്നാണ് യേശു പറഞ്ഞത്.

അതിനാൽ അയാൾ ബൈബിൾ വായിക്കുകയും, ആരാധനയ്ക്കുപോകുകയും ചെയ്യുന്നവനാണ്, ദൈവത്തെ അറിയാത്തവനല്ല, അനുസരിച്ചില്ല എന്നതുമാത്രമായിരുന്നു അയാളുടെ ന്യൂനത. തന്നിമിത്തം യേശുവിനെ അനുസരിക്കുന്ന ഏവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന നിത്യരക്ഷയ്ക്കു പങ്കാളിയായിത്തീ രുവാൻ അയാൾക്കു കഴിഞ്ഞതുമില്ല (എബ്രാ. 5:9). അയാളുടെ വിശ്വാസം യഥാർത്ഥമായ ഒന്നായിരുന്നില്ല. എന്തെന്നാൽ അതിനെ പൂർണ്ണമാക്കുന്നതിനുള്ള അനുസരണപ്രവൃത്തികൾ അതിനില്ലായിരുന്നു (യാക്കോ. 2:22,26).

ആദാമിന്റെ നേതൃത്വത്തിൻകീഴിലുള്ളവർ ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഹിതം അനുസരിക്കാതെ തങ്ങളുടെ നേതാവിനെ പിൻതുടരുന്നു. 'ക്രിസ്തുവിനെ സ്വീകരിച്ചിട്ടുള്ളതിനാൽ നിങ്ങൾ മരിക്കുകയില്ല' എന്നു സാത്താൻ അവരെ വിശ്വസിപ്പിച്ചിട്ടുണ്ട് (ഉൽപ. 3:4). അതിനാൽ വ്യാജമായ സുരക്ഷിതത്വബോധ ത്തോടെ അവർ ബാബിലോണിൽ വസിക്കുന്നു.

അതുപോലെതന്നെ, ക്രിസ്തുവിന്റെ നേതൃത്വം സ്വീകരിക്കുന്നവരുടെ അടയാളം അവർ 'യേശു നടന്ന തുപോലെ' ദൈവഹിതം അനുസരിച്ചുകൊണ്ടു നടക്കുന്നു എന്നതാണ് (1 യോഹ. 2:6). അവരാണു ക്രിസ്തു വിന്റെ സഹോദരന്മാരും സഹോദരിമാരും. അവർ യെരുശലേമിന്റെ ഒരു ഭാഗമാണ്.

മത്താ. 5–7 അധ്യായങ്ങളുടെ ഒടുവിലായി യേശു പറഞ്ഞ ഉപമയിൽ ശ്രദ്ധേയമായ കാര്യം, ബുദ്ധിയുള്ള മനുഷ്യന്റെ വീടും, ബുദ്ധിയില്ലാത്ത മനുഷ്യന്റെ വീടും അൽപകാലത്തേക്ക് – പ്രളയം വരുന്നതുവരെ – ഒരു പോലെ നിലനിന്നു എന്നതാണ്. അതുപോലെയാണു ബാബിലോണും യെരുശലേമും ഇന്നും നിലനിൽക്കു ന്നത്. ബുദ്ധിയില്ലാത്ത മനുഷ്യൻ വീടിന്റെ ബാഹ്യരൂപത്തെക്കുറിച്ചുമാത്രം ശ്രദ്ധിച്ചപ്പോൾ (മനുഷ്യന്റെ മുമ്പാ കെയുള്ള സാക്ഷ്യം) ബുദ്ധിയുള്ള മനുഷ്യനാകട്ടെ, അടിസ്ഥാനത്തെക്കുറിച്ചായിരുന്നു (ദൈവമുമ്പാകെ ഹൃദ യത്തിലുള്ള രഹസ്യജീവിതം) പ്രധാനമായി ചിന്തിച്ചത്.

എന്നാൽ മഴയും പ്രളയവും വന്നപ്പോൾ (ദൈവത്തിന്റെ ന്യായവിധി) അടിസ്ഥാനമായിരുന്നു ആദ്യ മായി പരിശോധിക്കപ്പെട്ടത്.

"ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവ ത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? നീതിമാൻ പ്രയാസേന രക്ഷപ്രാപി ക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതി എന്താകും?" (1 പത്രോ. 4:17,18).

"എന്നോടു കർത്തവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. 'കർത്താവേ, കർത്താവേ, നിന്റെ നാമ ത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും,നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല. (പാപം ചെയ്യുന്നവൻ ആരും അവനെ അറി

ഞ്ഞിട്ടില്ല - 1 യോഹ. 3:6). അധർമ്മം പ്രവർത്തിക്കുന്നവരേ (ദൈവത്തെ അനുസരിക്കാതെയിരിക്കുന്നവർ), എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും" (മത്താ. 7:21-23).

തങ്ങളുടെ മനസ്സിൽ ക്രിസ്ത്യാനികളായിരിക്കുന്നവരും (യേശുവിനെ കർത്താവെന്നു വിളിക്കുന്നവർ), വികാരങ്ങളിൽ ക്രിസ്ത്യാനികളായിരിക്കുന്നവരും (യേശുവിനെ കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവർ) അവിടെയും ഇവിടെയും ധാരാളം ഉണ്ടായിരിക്കുമെങ്കിലും, ദൈവഹിതം തങ്ങളുടെ ജീവിതത്തിൽ ചെയ്‌വാനായി സ്വന്തം ഇച്ഛയെ അവർ സമർപ്പിക്കുന്നില്ല എന്ന് ഇവിടെ ശ്രദ്ധിക്കുക. താൻ അറിയാത്തവരായി കർത്താവ് അവരെ തള്ളിക്കളയുന്നു.

യെരുശലേമിന്റെ വ്യക്തവും പ്രകടവുമായ ലക്ഷണം വിശുദ്ധിയാണ്. 'വിശുദ്ധനഗരം' എന്നാണ് അതു വിളിക്കപ്പെടുന്നത് (വെളി. 21:2). എന്നാൽ ബാബിലോണിന്റെ പ്രത്യക്ഷമായ ലക്ഷണം അതിന്റെ പ്രതാപമാണ് 'മഹാനഗരം' എന്നാണ് അതിന്റെ പേർ (വെളി. 18:10). വെളിപ്പാടുപുസ്തകത്തിൽ പതിനൊന്നു പ്രാവശ്യം അതിനെ 'മഹതി' എന്നുവിളിച്ചിരിക്കുന്നു.

ദൈവത്തെ അനുസരിച്ചുകൊണ്ടു യഥാർത്ഥവിശുദ്ധിയിൽ ജീവിക്കുകയും, വിശ്വാസത്താൽ കൃപ ലഭിച്ചിട്ടു ക്രിസ്തുവിന്റെ സ്വഭാവത്തിനു പങ്കാളികളായിത്തീരുകയും ചെയ്യുന്നവർ യെരുശലേമിന്റെ ഭാഗമായി പണിയപ്പെടുന്നു. എന്നാൽ ഈ ഭൂമിയിലുള്ള മഹത്വം (മനുഷ്യന്റെ സാക്ഷ്യവും ബഹുമാനവും) അന്വേഷിക്കുന്നവരാകട്ടെ, ബാബിലോണിന്റെ ഭാഗമായി പണിയപ്പെടുന്നു.

കഴിഞ്ഞ പത്തൊൻപതു നൂറ്റാണ്ടുകളായി ദൈവജനത്തോടുള്ള ദൈവിക സന്ദേശം ഇതായിരുന്നു: "എന്റെ ജനമേ, അവളെ (ബാബിലോൺ) വിട്ടു പുറത്തു വരിക. അവളുടെ പാപങ്ങളിൽ പങ്കാളികളാകരുത്. അല്ലാത്തപക്ഷം അവളോടു കൂടെ നിങ്ങളും ശിക്ഷിക്കപ്പെടും" (വെളി. 18:4 ലിവിംഗ്).

ഈ യുഗത്തിന്റെ അന്ത്യത്തിലേക്കു നാം അടുത്തുവരുന്തോറും ഈ വിളി കൂടുതൽ പ്രസക്തവും പ്രാധാന്യമുള്ളതുമായിത്തീരുന്നു. ദൈവജനം ദൈവത്തിന്റെ വ്യക്തമായ ഈ വിളി കേൾക്കുന്നില്ലെങ്കിൽ ബാബിലോണിന്റെ കൂടെ ഇടകലർന്നിട്ട് അവളുടെ ശിക്ഷയ്ക്ക് ഓഹരിക്കാരാകുവാൻ സാധ്യതയുണ്ട് എന്നതു തികച്ചും നിർഭാഗ്യകരമാണ്. സുവിശേഷവിഹിതമായ ഉപദേശങ്ങൾ മുറുകെപ്പിടിക്കുകയും, ' ക്രിസ്തുവിനായി തീരുമാനമെടുക്കുകയും' ചെയ്തശേഷവും ശരിയായ ഉപദേശമനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ, അഥവാ യഥാർത്ഥ വിശ്വാസത്തിൽ നിന്ന് ഉളവാകുന്ന അനുസരണപ്രവൃത്തികൾ പ്രകടിപ്പിക്കുന്നില്ലെങ്കിൽ, ആ ദിവസത്തിൽ ഇവയൊന്നും ആർക്കും പ്രയോജനപ്പെടുകയില്ല.

തന്റെ സ്വരൂപത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ ദിവ്യസ്വഭാവത്തിനു പങ്കാളിയാകണമെന്നും തന്റെ മഹത്വം പ്രകടിപ്പിക്കണമെന്നും അവിടുന്ന് എത്ര തീവ്രമായി ആഗ്രഹിച്ചിരുന്നു!

എന്നാൽ മനുഷ്യൻ വീണുപോയപ്പോൾ ദൈവത്തിന്റെ ഉദ്ദേശ്യനിർവഹണത്തിലേക്ക് അവനെ വീണ്ടും കൊണ്ടുവരുന്നതിനുള്ള വഴി ഒരുക്കുവാനായി വളരെ വലിയ വില നൽകുവാനും അവിടുന്ന് ഒരുക്കമുള്ളവനായിരുന്നു. അവിടുന്നു തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും, പാപപരിഹാരബലിയായും അയയ്ക്കുകയും, പാപത്തിനു ജഡത്തിൽ ശിക്ഷവിധിക്കുകയും ചെയ്തു (റോമർ. 8:3).

മനുഷ്യനെ വീണ്ടെടുക്കുകയും, രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഈ പ്രവൃത്തിയിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഒന്നുചേർന്നു പ്രവർത്തിക്കുന്നുണ്ട്. അനേകം സ്ത്രീപുരുഷന്മാരും തങ്ങളുടെ ഭോഷത്തം നിമിത്തം ദൈവത്തിനു ചെവികൊടുക്കുന്നില്ലെങ്കിലും, ചെറിയൊരു ശേഷിപ്പിൽ (ജീവനിലേക്കുള്ള ഇടുങ്ങിയ വഴി കണ്ടെത്തുന്ന ചുരുക്കം ചിലർ) ദൈവോദ്ദേശ്യം നിവൃത്തിയാകും. അവർ യേശുവിനെപ്പോലെ ദൈവത്തിനു കീഴടങ്ങുകയും, അവരിലൂടെ ദൈവത്തിന്റെ തേജസ്സ് ഇക്കാലത്തുമാത്രമല്ല, നിത്യതയുടെ യുഗങ്ങളിലൂടനീളം പ്രസരിക്കുകയും ചെയ്യും. ക്രിസ്തുവിലൂടെ അവർ പങ്കിട്ടനുഭവിച്ച ദൈവത്തിന്റെ അളവറ്റ കൃപയുടെ മഹിമാധനം എന്താണെന്ന് അവരിലൂടെ ദൈവം അന്നു വെളിപ്പെടുത്തുകയും ചെയ്യും.

സർവമഹത്വവും ഇപ്പോഴും, എന്നെന്നേക്കും അവിടുത്തേക്കുതന്നെ ആയിരിക്കട്ടെ.

കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ.

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1 ഇളകാത്ത അടിസ്ഥാനം (A Good foundation)
2 ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന
(എങ്ങനെ പ്രാർത്ഥിക്കണം?) (God-centred praying)
3 അദ്ഭുതസത്യങ്ങൾ (Amazing facts)
4 മുൻഗണന ഏതിന്? (Supreme priorities)
5 സമ്പൂർണ്ണ സുവിശേഷം (The full gospes)
6 ജയജീവിത രഹസ്യങ്ങൾ (Secrets of victory)
7 ക്രിസ്തുവും തന്റെ സഭയും (The Lord and His church)
8 ദൈവത്തിന്റെ അംഗീകാരം ശോധനകളിലൂടെ (Gaining God's approval)
9 പുതുവീഞ്ഞു പുതിയ തുരുത്തിയിൽ (New wine in new wine skins)
10 സമ്പൂർണ്ണ ജീവിതം
(ഗിരിപ്രഭാഷണം ഒരു പഠനം) (Abundant life)
11 നിങ്ങളുടെ പ്രതിയോഗിയെ അറിയുക (Know your enemy)
12 ദൈവഹിതം കണ്ടെത്തുക (Finding God's will)
13 പുതിയനിയമത്തിലെ ദൈവഭൃത്യൻ (The new covenant servant)
14 സെക്സ്, പ്രേമം, വിവാഹം (Sex, love, marriage)

**ആവശ്യപ്പെടേണ്ടും മേൽവിലാസം:**

**ക്രിസ്ത്യൻ അസംബ്ലി,**
**കുമാരനല്ലൂർ പി.ഒ**
**കോട്ടയം**
**കേരള 686 016.**